

# അൽഫഖ്

പുസ്തകം 20 | ലക്കം 7 | ജൂലായ് 2012 | വഫാ 1391 | റമദാൻ 1433



## റമദാൻ
## അഥവാ വാർഷിക കണക്കെടുപ്പ്

**ഹദ്റത് മിർസാ മസ്റൂർ അഹ്മദ്, ഖലീഫത്തുൽ മസീഹ് V**

കഴിഞ്ഞ റമദാനിൽ കരസ്ഥമാക്കിയ ലക്ഷ്യങ്ങൾ നമ്മിൽ നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്ന് ഈ റമദാനിൽ കണക്കെടുപ്പ് നടത്തേിയിരിക്കുന്നു. അതിൽ നിന്നും വ്യതിചലിച്ചോ എന്നും നോക്കണം. വ്യതിചലിച്ചിട്ടുണ്ടെങ്കിൽ റമദാൻ നമുക്ക് എന്തു പ്രയോജനമാണ് നൽകിയത്? ഈ റമദാനും ഇനി വരാനുള്ള റമദാനുമൊക്കെ നമുക്ക് എന്ത് പ്രയോജനം നൽകാനാണ്?
അല്ലാഹു പറയുന്നു നിങ്ങൾ ഈ നിർബന്ധ നോമ്പുകൾ അനുഷ്ഠിക്കുകയാണെങ്കിൽ തഖ്‌വ (ഭയഭക്തി)യിൽ ചരിക്കുന്നവരും, നന്മകൾ സ്വായത്തമാക്കുന്നവരും, ദൈവസാമീപ്യം പ്രാപിക്കുന്നവരുമായി മാറുന്നതാണ്. എന്നാൽ നമുക്കുള്ളിൽ തഖ്‌വ ഉണ്ടായിരിക്കുന്നു എന്ന് പറയാൻ തക്കവണ്ണമുള്ള മാറ്റങ്ങൾ നമ്മുടെ അകതാരിൽ ഉണ്ടായിട്ടുണ്ടോ?

ദൈവികവാക്കുകൾ തെറ്റുകയില്ല എന്നത് നൂറു ശതമാനം ശരിയാണ്. വ്യക്തി തെറ്റിപ്പോവാം, പോകുന്നതുമാണ്. ചുരുക്കത്തിൽ നമ്മുടെ ഉള്ളിൽ ദൗർബല്യങ്ങളും ന്യൂനതകളുമുണ്ട് എന്നതും കഴിഞ്ഞകാല റമദാനുകളിൽ നിന്ന് നാം പ്രയോജനങ്ങളെടുത്തില്ല എന്നതും തീർച്ചയാണ്. അല്ലെങ്കിൽ താൽക്കാലികപ്രയോജനം നേടുകയും പിന്നെ കാലത്തിനനുസരിച്ച്, നാം നടത്തം തുടങ്ങിയ ഇടത്തേക്ക് തന്നെ തിരിച്ചുചെയ്യുകയും ചെയ്തു. യഥാർഥത്തിൽ, കഴിഞ്ഞ റമദാനിൽ നാം സ്വായത്തമാക്കിയ തഖ്‌വയുടെ നിലവാരം, ഇപ്പോൾ വരുന്ന റമദാനിൽ നമ്മെ നന്മയിലും, ഭയഭക്തിയിലും അടുത്ത പദവിയിലേക്ക് ഉയർത്തുവാൻ പര്യാപ്തമാവണം.

കഴിഞ്ഞ റമദാനിൽ അകതാരിൽ മാറ്റങ്ങൾ വരുത്തിയവരും തഖ്‌വ സ്വായത്തമാക്കിയവരും തഖ്‌വയുടെ നിലവാരം തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിയവരുംതീർച്ചയായും സൗഭാഗ്യവാന്മാരാണ്. അലസരായികഴിഞ്ഞവരും പ്രയോജനമെടുക്കാത്തവരും നോമ്പ് തങ്ങൾക്കെന്ത് ഗുണം ചെയ്തുവെന്ന് ആലോചിക്കേണ്ടതാണ്. പ്രയോജനമൊന്നുമില്ലാത്ത കാര്യം ചെയ്യേണ്ട ആവശ്യം തന്നെയെന്താണ്?

വാസ്തവത്തിൽ നോമ്പ് കൊണ്ട് തീർച്ചയായും പ്രയോജനമുണ്ട്.
ദൈവികവചനങ്ങൾ ഒരിക്കലും തെറ്റാവുകയില്ല.നമ്മുടെ തെറ്റുകളിൽ നിന്ന് അല്ലാഹുവിനോട് മാപ്പപേക്ഷിക്കുകയും അതിൽ നിന്ന് പിന്മാറാൻ ശപഥം ചെയ്യുകയും വേണം.

അല്ലയോ എന്റെ നാഥാ, എന്റെ കഴിഞ്ഞകാല അലസതകളെ മാപ്പാക്കുകയും ഈ റമദാനിൽ നിന്റെ സാമീപ്യം നേടാനുള്ള എല്ലാ നന്മകളും അനുഷ്ഠിക്കാൻ നീ സൗഭാഗ്യം നൽകുകയും ചെയ്യണമേ. എന്നെ ഈ റമദാന്റെ അനുഗ്രഹങ്ങൾ കൊണ്ട് ധന്യനാക്കേണമേ, എപ്പോഴും തഖ്‌വയിൽ ചരിക്കാനും തഖ്‌വയിൽ നിലകൊള്ളാനും തൗഫീഖ് നൽകേണമേ, ഇങ്ങിനെ നാം ദുആ ചെയ്യുകയും, കണക്കെടുപ്പ് നടത്തുകയും ചെയ്താൽ അല്ലാഹുവിന്റെ കൽപന പ്രകാരമുള്ള നന്മകളിലേക്ക് ശ്രദ്ധിക്കാൻ കഴിയുന്നതാണ്.

*(ഖുത്ബ ജുമുആ 7.10.2005)*


4 ഇസ്ലാമിന്റെ അടിത്തറ തഖ്‌വയിലാണ്

9 തഹജ്ജുദും തറാവിഹും

11 ഇഅ്ത്തിക്കാഫ് എന്ത്? എങ്ങിനെ

14 ധീരവനിതകൾ

18 ആടറിയുമോ അങ്ങാടി വാണിഭം !

19 റമദാൻ ഡയറി

# രാജ്യസ്നേഹം ഞങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമാണ്

### ജർമ്മൻ ആർമി ആസ്ഥാനത്ത് ഹുസൂർ ചെയ്ത പ്രസംഗം

ഏറ്റവും അടിസ്ഥാനമായിട്ടുള്ള ഇസ്‌ലാമിക അദ്ധ്യാപനം ഒരാളുടെ വാക്കും പ്രവർത്തിയും എല്ലായ്പ്പോഴും ഒന്നായിരിക്കണം എന്നുള്ളതാണ്. ഇരട്ടത്താപ്പ് നയം അരുതാത്തതാണ്. അകത്ത് ഒന്നും പുറത്ത് മറ്റൊന്നുമായിരിക്കരുത്. യഥാർത്ഥ രാജ്യസ്നേഹം ആത്മാർത്ഥതയിൽ നിന്നും, സത്യസന്ധതയിൽ നിന്നുമാണ് ഉണ്ടാകേണ്ടത്. രാജ്യസ്നേഹത്തിന് ഇത് അത്യന്താപേക്ഷിതമാണ്. ഇത് ഒരു രാജ്യത്തിന്റെ എല്ലാ പൗരന്മാർക്കും ബാധകമാണ്. ജന്മനാ പൗരത്വം ലഭിച്ചവർക്കും മറ്റു പല രീതിയിലും രാജ്യത്തിന്റെ പൗരത്വം ലഭിച്ചവർക്കും ഇത് ബാധകമാണ്.

ആത്മാർത്ഥത ഒരു വലിയ ഗുണമാണ്. ഈ ഗുണം ഏറ്റവും ഉന്നതനിലയിൽ പ്രകടിപ്പിച്ചത് ദൈവത്തിന്റെ പ്രവാചകന്മാരായിരുന്നു. ദൈവിക കല്പനകൾ ശിരസാ വഹിക്കുന്നതിൽ പ്രവാചകന്മാർ കാണിച്ച ആത്മാർത്ഥത സമാനകളില്ലാത്തതാണ്. ദൈവത്തോടുള്ള സമർപ്പണമാണ് ഈ ആത്മാർത്ഥയ്ക്കു പിന്നിൽ. അതുകൊണ്ടു തന്നെ ആത്മാർത്ഥതയുടെ ഉന്നത നിലവാരം അവരിൽ കാണാൻ സാധിക്കും. ഇവരുടെ മാതൃകയാണ് നാം പിൻപറ്റേണ്ടത്. ഇത് സംബന്ധമായി കൂടുതൽ സംസാരിക്കുന്നതിനു മുമ്പേ, എന്താണ് ആത്മാർത്ഥത എന്ന് നമുക്ക് പരിശോധിക്കാം.

ഇസ്‌ലാമിക അദ്ധ്യാപനമനുസരിച്ച് ആത്മാർത്ഥത എന്നാൽ ഉപാധികളില്ലാത്ത പരിപൂർണ്ണ സമർപ്പണമാണ്. അത് താൻ നൽകുന്ന വാക്കുകൾക്കോ ചെയ്യുന്ന പ്രതിജ്ഞകളോടോ ഉള്ള പരിപൂർണ്ണ സമർപ്പണവുമാകാം. എല്ലാ ബുദ്ധിമുട്ടുകൾക്കിടയിലും ഈ സമർപ്പണം പരിപൂർണ്ണമായിരിക്കണം. കരാറുകളും പ്രതിജ്ഞകളും പാലിക്കപ്പെടണം.

ഇതാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്ന ആത്മാർത്ഥതയുടെ നിലവാരം. ഇതാണ് ദൈവം മുസ്‌ലിംകളോട് ആഹ്വാനം ചെയ്യുന്നത്. അവരുടെ കരാറുകളും പ്രതിജ്ഞകളും പാലിക്കുന്നതിൽ പരിപൂർണ്ണ സമർപ്പണം കാണിക്കേണ്ടിയിരിക്കുന്നു. ഇതിനൊക്കെ ദൈവത്തിന്റെ മുമ്പിൽ ഉത്തരം പറയേണ്ടിവരുന്നതുമാണ്. ഇതിൽ ദൈവത്തോടുള്ള കരാറുകളും അതോടൊപ്പം ഓരോരുത്തരും അവരവരുടെ പ്രാധാന്യമനുസരിച്ച് ചെയ്ത കരാറുകളും ഉൾപ്പെടും. ഈ സന്ദർഭത്തിൽ ഉയർന്നു വരുന്ന ചോദ്യം, മുസ്‌ലിംകൾക്ക് ഏറ്റവും പ്രധാനം രാഷ്ട്രത്തേക്കാളുപരി മതത്തോടും ദൈവത്തോടുമായിരിക്കുമോ എന്നും ദൈവത്തോടുള്ള കടമ നിറവേറ്റാൻ രാഷ്ട്രത്തോടുള്ള പ്രതിജ്ഞ ലംഘിക്കേണ്ടതായി വരുമോ എന്നതുമാണ്. ഇതിനുത്തരമായി മുഹമ്മദ് നബി(സ) യുടെ ഒരു ഹദീസിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.


## 'രാജ്യസ്നേഹം വിശ്വാസത്തിന്റെ ഭാഗമാണ്.'

രാജ്യസ്നേഹവും ദൈവത്തോടുള്ള സ്നേഹവും തമ്മിൽ വൈരുദ്ധ്യമില്ല എന്നാണ് ഇവിടെ വളരേ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നത്. ദൈവസ്നേഹവും സാമിപ്യവും കരഗതമാകണമെങ്കിൽ സ്വന്തം രാഷ്ട്രത്തോടു പൂർണ്ണ കൂറു പുലർത്തേണ്ടത് അത്യാവശ്യമാണ്. പല രാജ്യങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട ഗവർമെന്റുകൾ, പക്ഷപാതപരമായ നിയമങ്ങൾ മുഖേന ചില വിഭാഗങ്ങളെ പീഢിപ്പിക്കുന്ന അവസ്ഥ നമുക്ക് കാണാൻ കഴിയുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ രാഷ്ട്രത്തോടുള്ള കൂറ് എങ്ങനെയാണ് പുലർത്താൻ കഴിയുക? വളരെ ദു:ഖകരമെന്ന് പറയട്ടെ, പാക്കിസ്ഥാനിൽ ഇന്ന് നടക്കുന്നതും ഇതു തന്നെയാണ്. അവിടെ നിയമം മൂലം അഹ്മദിയ്യാ സമൂഹത്തെ അമുസ്‌ലിംകളായി പ്രഖ്യാപിച്ച് അവരുടെ അവകാശങ്ങളെ ചവിട്ടിമെതിക്കുകയാണ്. ഈ നിയമം പ്രത്യക്ഷത്തിൽ തന്നെ നടപ്പിലാക്കി വരുന്നുമുണ്ട്. മുസ്‌ലിംകളെ പോലെ പ്രാർഥിക്കാനോ, എന്തിന് മുസ്‌ലിമിനെ പോലെ നടക്കാനോ അവർക്ക് അവകാശമില്ല. ഇത്തരം സന്ദർഭങ്ങളിൽ അഹ്മദികൾക്കെങ്ങനെ സ്വരാജ്യത്തോട് ആത്മാർത്ഥത കാണിക്കാൻ കഴിയും? ഇവിടെ മനസ്സിലാക്കേണ്ട വസ്തുത , വിശ്വാസം എന്നത് ഏതൊരു മനുഷ്യന്റെയും വ്യക്തിപരമായ കാര്യമാണ്. വിശ്വാസകാര്യങ്ങളിൽ യാതൊരു ബലാത്ക്കാരവും പാടില്ല എന്നതാണ് ഇസ്‌ലാം നൽകുന്ന പാഠം. ഒരാളുടെ വിശ്വാസകാര്യത്തിൽ നിയമം ഇടപെടുകയാണെങ്കിൽ അത് ക്രൂരതയാണ്. ഇവിടെ യൂറോപ്പിലും ഒരു കാലത്ത് ഇത്തരത്തിലുള്ള കൊടും പീഢനങ്ങൾ നടന്നിട്ടുണ്ട്. ബഹുഭൂരിപക്ഷം ചരിത്രകാരന്മാരും, ജ്ഞാനികളും ജനങ്ങളും ഇതിനെ ക്രൂരതയായി കാണുന്നു. ഈയൊരു സന്ദർഭത്തിൽ നിയമങ്ങളുടെ അനുസരണവും, രാജ്യസ്നേഹവും മറ്റൊരു തലത്തിലേക്കുയരുകയാണ് ചെയ്യുന്നത്. ഇങ്ങനെ പീഢനങ്ങൾ പരിധി കടക്കുമ്പോൾ ഇസ്‌ലാം നൽകുന്ന പാഠം ആ നഗരം അല്ലെങ്കിൽ രാജ്യം വിടുവാനാണ്. ഒരിക്കൽ പോലും ആ രാജ്യത്തിൽ നിന്ന് കൊണ്ട് രാജ്യത്തിനെതിരെ പ്രവർത്തിക്കുവാനോ, പദ്ധതികൾ ആസൂത്രണം ചെയ്യാനോ പാടില്ല. പാക്കിസ്ഥാനിലെ ലക്ഷക്കണക്കിന് അഹ്മദികൾ അനുദിനം പീഢനങ്ങൾക്കിരയായികൊണ്ടിരിക്കുന്നു. അവിടെ ഒരിക്കൽ പോലും ഒരു അഹ്മദിയ്ക്കെതിരിലും, രാജ്യദ്രോഹക്കുറ്റമോ, രാജ്യത്തിനെതിരിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതായിട്ടോ തെളിയിക്കപ്പെട്ടില്ല. മറിച്ച്, രാജ്യത്തിന് എന്താവശ്യം വന്നാലും അഹ്മദികൾ മുൻപന്തിയിലുണ്ടായിരുന്നു. ഇതിന് കാരണം അഹ്മദികൾ യഥാർഥ മുസ്‌ലിംകളാണ് എന്നുള്ളതാണ്.

ഇതുസംബന്ധമായി വി.ഖുർആന്റെ മറ്റൊരദ്ധ്യാപനം ഇപ്രകാരമാണ്. '**നിങ്ങൾ അധാർമ്മികമായ എല്ലാ പ്രവർത്തികളിൽ നിന്നും വിട്ടുനിൽക്കുക.**' ഇതുമാത്രമല്ല, ധാർമ്മികതയുടെ വഴിയിൽ ഉണ്ടാകാവുന്ന ചെറിയ ചെറിയ അപകടങ്ങളെക്കുറിച്ചും അത് നമുക്ക് പാഠം നൽകുന്നുണ്ട്. അതുകൊണ്ട് ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനപ്രകാരം ജീവിക്കുകയാണെങ്കിൽ ഏതൊരു പ്രശ്നത്തിനും പരിഹാരം കാണാവുന്നതാണ്. പ്രശ്നങ്ങൾ കൈവിട്ടു പോകുന്നതിനുമുമ്പേ തന്നെ കൈകാര്യം ചെയ്യേണ്ടതാണ്. ഉദാഹരണമായി രാജ്യത്തെ അപകടത്തിലെത്തിക്കുന്ന ഒരു സ്വഭാവമാണ് അമിതമായ ധനമോഹം. അത് മനുഷ്യനെ ക്രമേണ തെറ്റുകളിലേക്ക് നയിക്കുന്നു. കളവും വഞ്ചനയും നടത്തി കൂടുതൽ ധനം സമ്പാദിക്കാൻ മനുഷ്യൻ ശ്രമിക്കുന്നു.ഇത് ഒരു ഘട്ടത്തിൽ രാജ്യവഞ്ചനയിലും അവനെ എത്തിക്കുന്നു. അറബിയിൽ **'ബഗിയ'** എന്ന പദം രാജ്യത്തിനെതിരെ പ്രവർത്തിക്കുന്നതിനെ സൂചിപ്പിക്കുന്നു. തെറ്റായ നടപടികളിലൂടെ മറ്റുള്ളവരെ അപകടപ്പെടുത്തുന്നവരേയും, വഞ്ചനയിലൂടെയും കളവിലൂടെയും സമ്പാദിക്കുന്നവരേയും പ്രതിപാദിക്കുന്നു. ഇസ്‌ലാം പഠിപ്പിക്കുന്നത് ഇത്തരക്കാരിൽ നിന്നും ആത്മാർത്ഥമായ രാജ്യസ്നേഹം പ്രതീക്ഷിക്കരുത് എന്നാണ്. കാരണം ആത്മാർത്ഥസ്നേഹത്തിന് ധാർമ്മികത ആവശ്യമാണ്.

ആത്മാർത്ഥതയും ധാർമ്മികതയും പരസ്പരപൂരകങ്ങളാണ്. ധാർമ്മികതയുടെ നിലവാരം പലർക്കും പല തരത്തിലായിരിക്കാം. അവരുടെ കാഴ്ചപ്പാടുകളും വ്യത്യസ്തമായിരിക്കും. എന്നാൽ ഇസ്‌ലാം വിഭാവനം ചെയ്യുന്ന ധാർമ്മികത ദൈവപ്രീതി മാത്രം ലക്ഷ്യം വെച്ചുള്ളതാണ്. ചുരുക്കത്തിൽ ദൈവം എല്ലാ തരത്തിലുമുള്ള വിധ്വംസകപ്രവർത്തനങ്ങളേയും, തീവ്രവാദ പ്രവർത്തനങ്ങളേയും അങ്ങേയറ്റം വെറുക്കുന്നു. കാരണം ഇവയെല്ലാം സമാധാനത്തിന് വിലങ്ങുതടികളാണ്. സുരക്ഷയ്ക്ക് ഭീക്ഷണിയുമാണ്. ആഭ്യന്തര രാജ്യദ്രോഹപ്രവർത്തനങ്ങൾ പുറത്തു നിന്നുള്ളവർക്ക് വഴിയൊരുക്കുന്നു. രാജ്യത്തിന്റെ സുരക്ഷ അപകടത്തിലാകുന്നു. ഇതിന്റെ ഫലങ്ങൾ ദൂരവ്യാപകമായിരിക്കും.

ഇതിൽ നിന്നെല്ലാം മനസ്സിലാകുന്നത് ഒരു യഥാർഥ രാജ്യസ്നേഹി ആകുന്നതിന് ക്ഷമയും, ധാർമ്മികതയും, നിയമാനുസരണമുള്ള ജീവിതവും ആവശ്യമാണെന്നാണ്.



ഗവർമെന്റുകൾ ജനതയുടെ അഭിപ്രായസ്വാതന്ത്ര്യം ഉറപ്പുവരുത്തണം. ജനങ്ങൾ തങ്ങളുടെ വോട്ട് അർഹരെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി ഉപയോഗിക്കണം. വോട്ടു ചെയ്യുന്നവർ രാജ്യത്തിന്റെ നന്മയായിരിക്കണം മുന്നിൽ കാണേണ്ടത്. വ്യക്തിതാൽപര്യങ്ങളോ, സങ്കുചിത വീക്ഷണമോ ഇല്ലാതെ രാജ്യനന്മ മാത്രം മുന്നിൽ കണ്ട്കൊണ്ട് വോട്ടവകാശം ഉപയോഗിക്കണം. ഓരോ ഗവർമെന്റും ഒരു വലിയ ഉത്തരവാദിത്വമാണ് ഏൽക്കുന്നത്. അത് കൊണ്ട് ഈ ഉത്തരവാദിത്വം അർഹരയാവരെ മാത്രം ഏൽപ്പിക്കുക. വി.ഖുർആൻ നൽകുന്ന പാഠവും ഇതാണ്.

പല രാജ്യങ്ങളിലും ഗവർമെന്റിനെതിരെയുള്ള സമരങ്ങളും പ്രക്ഷോഭങ്ങളും നടക്കുന്നുണ്ട്. മൂന്നാം ലോകരാജ്യങ്ങളിൽ പൊതുമുതൽ നശിപ്പിക്കുന്നതും കാണാൻ കഴിയും. രാജ്യസ്നേഹം മുൻനിർത്തിയാണ് ഇവ നടത്തുന്നത് എന്നാണ് ഭാവം. കോടിക്കണക്കിനു പണമാണ് ഇതു മൂലം രാജ്യങ്ങൾക്ക് നഷ്ടം വരുന്നത്. യാതൊരു കാരണവശാലും ഇത്തരത്തിലുള്ള പ്രതിഷേധപ്രകടനങ്ങൾക്ക് അനുവാദമില്ല. പിന്നീട് ഉയർന്നുവരുന്ന ചോദ്യം ഒരു മുസ്‌ലിം അമുസ്‌ലിം രാജ്യങ്ങളിലെ സൈന്യത്തിൽ ചേരാൻ പാടുണ്ടോ എന്നുള്ളതാണ്. ആ രാജ്യം ഒരു മുസ്‌ലിം രാജ്യവുമായി യുദ്ധത്തിലേർപ്പെടുമ്പോൾ എന്താണ് ചെയ്യേണ്ടത്? ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ പാഠം എന്നു പറയുന്നത് ഒരാളും ക്രൂരതയിൽ പങ്കുകൊള്ളരുത് എന്നതാണ്. ഈ കൽപ്പന എല്ലാ സമയത്തും ഒരു മുസ്‌ലിമിന്റെ മനസ്സിലുണ്ടായിരിക്കണം. ഒരു മുസ്‌ലിംരാജ്യം അതിക്രമം പ്രവർത്തിക്കുകയാണെങ്കിൽ അതിനെ മറ്റു മുസ്‌ലിം രാജ്യങ്ങൾ ചേർന്ന് തടയേണ്ടതാണ്. ഇത്തരത്തിലുള്ള സന്ദർഭങ്ങളിൽ അതിക്രമം തടയുന്നതിനുവേണ്ടിയും സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടിയും ബലപ്രയോഗം ചെയ്യേണ്ടിവന്നാൽ അത് അനുവദനീയമാണ്. എന്നാൽ അതിക്രമം പ്രവർത്തിച്ച രാജ്യം അതിൽ നിന്നും പിന്മാറുകയാണെങ്കിൽ യുദ്ധം അവസാനിപ്പിക്കേണ്ടതാണ്. അതിക്രമം അവർക്കെതിരിൽ അന്യായം പ്രവർത്തിക്കാനുള്ള കാരണമായി എടുക്കരുത്. ഇത് അമുസ്‌ലിം രാജ്യങ്ങൾക്കും ബാധകമാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സമാധാനം സ്ഥാപിക്കുന്നതിനു വേണ്ടി അമുസ്‌ലിം രാജ്യങ്ങളുടെ സൈന്യത്തിൽ പ്രവർത്തിക്കുന്നതിനും തടസ്സമില്ല. എന്നാൽ യുദ്ധം അനീതിയുടെയും വഞ്ചനയുടെയും അടിസ്ഥാനത്തിലാണെങ്കിൽ സൈന്യത്തിൽ നിന്നും രാജി വെക്കേണ്ടതാണ്. ഉത്തരാവാദികളായവരോട് തെറ്റിൽ നിന്നും പിന്മാറാൻ ഉപദേശിക്കുകയും വേണം. ഇത് രാജ്യത്തോട് സ്നേഹമില്ലാത്തതു കൊണ്ടല്ല, മറിച്ച് ആത്മാർത്ഥസ്നേഹമുള്ളത് കൊണ്ടാണ്. ഇനി ചില രാജ്യങ്ങളിൽ മിലിട്ടറിസേവനം നിർബന്ധമാണെന്നു വന്നേക്കാം. അത്തരം സന്ദർഭങ്ങളിൽ രാജ്യം അതിക്രമത്തിന്റെ മാർഗ്ഗത്തിൽ യുദ്ധത്തിലേർപ്പെടുകയാണെങ്കിൽ സൈന്യത്തിൽ നിന്നും രാജി വച്ച് രാജ്യം വിടേണ്ടതാണ്. അന്യായമായ രീതിയിലുള്ള യാതൊരുവിധ യുദ്ധത്തിലും പങ്കെടുക്കാൻ പാടില്ല. എന്നാൽ രാജ്യത്തിനകത്തുനിന്നു കൊണ്ട് രാജ്യത്തിനെതിരിൽ ശബ്ദിക്കുവാനോ, വിധ്വംസകപ്രവർത്തനങ്ങളിൽ ഏർപ്പെടാനോ പാടുള്ളതല്ല.

രാജ്യസ്നേഹവുമായി ബന്ധപ്പെട്ട ചില ഭാഗങ്ങൾ മാത്രമാണ് ഞാൻ നിങ്ങളെ കേൾപ്പിച്ചത്. സമയപരിമിതി കാരണം മറ്റു വശങ്ങളെ പ്രതിപാദിക്കാൻ സാധിച്ചിട്ടില്ല.

ഇന്ന് ലോകം ഒരു ആഗോള ഗ്രാമമാണ്. വൈവിധ്യമാർന്ന വിശ്വാസങ്ങളും ജാതിവർഗ്ഗവർണ്ണ വൈജാത്യങ്ങളും ഉള്ള ജനങ്ങളാണ് ഓരോ രാജ്യത്തും നിവസിക്കുന്നത്. ഗവൺമെന്റുകൾ നീതിയും ന്യായവും മുൻനിർത്തി വേണം ഭരണം നടത്താൻ. ജനങ്ങൾക്കിടയിൽ സമാധാനം സ്ഥാപിക്കുവാനായിരിക്കണം നിയമങ്ങൾ. മറിച്ച്, ആശങ്കകൾ ഉണ്ടാക്കാനല്ല. നീതി നടപ്പാക്കാനും, ക്രൂരതയിൽ നിന്ന് മാറിനിൽക്കാനും എല്ലാവരും ശ്രമിക്കണം. ആത്മാർത്ഥതയുടെ അടിത്തറ സ്രഷ്ടാവിനോടുള്ള സ്നേഹമാണ്. സ്രഷ്ടാവിനെ തിരിച്ചറിയുവാൻ കഴിയുകയാണെങ്കിൽ, ധാർമ്മികതയിൽ അധിഷ്ഠിതമായ ഒരു സമൂഹം ഉയർന്നു വരും.

എനിക്ക് ഇവിടെ വരുവാനും, നിങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കു വാനും അവസരമൊരുക്കിത്തന്ന സംഘാടകർക്ക് ഞാനെന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു. ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

വിവ: വി. പി. ബശീർ അഹ്മദ്, ആസ്ത്രേലിയ

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഇപ്പോഴത്തെ ആഗോള ഖലീഫ ഹദ്റത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹുല്ലാഹ്) കബാബീർ(പലസ്തീൻ) ജമാഅത്ത് അമീർ മുഹമ്മദ് ശരീഫ് ഓദ സാഹിബ് മുഖേന സെന്റ് പതിനാറാമൻ ബെനഡിക്റ്റ് മാർപ്പാപ്പക്ക് കൊടുത്തയച്ച കത്തിന്റെ പൂർണ രൂപം.**

# സമാധാനം പുനസ്ഥാപിക്കാൻ കൈകോർക്കാം




*സർവശക്തനായ ദൈവം തന്റെ കാരുണ്യവും അനുഗ്രഹവും താങ്കൾക്കുമേൽ വർഷിക്കുമാറാകട്ടെ.*

അഹ്മദിയ്യാ ജമാഅത്തിന്റെ ആത്മീയ നേതാവ് എന്ന നിലയിൽ, പോപ്പ് പദവിയിലിരിക്കുന്ന താങ്കളെ ഞാൻ ഈ വിശുദ്ധ ഖുർആൻ സൂക്തത്തിലേക്ക് ക്ഷണിക്കുകയാണ്.

പറയുക, അല്ലയോ ഗ്രന്ഥാനുസാരികളേ! ഞങ്ങൾക്കും നിങ്ങൾക്കും തുല്യസമ്മതമായ ഒരു കാര്യത്തിലേക്ക്, അല്ലാഹു അല്ലാതെ നാം മറ്റാരേയും ആരാധിക്കുകയില്ലെന്നും അവനോട് ഒന്നിനേയും പങ്കുചേർക്കുകയില്ലെന്നും നമ്മിൽ ചിലർ മറ്റു ചിലരെ രക്ഷാധികാരികളാക്കുകയില്ലെന്നും ഉള്ള തത്ത്വത്തിലേക്ക് വരുവിൻ. ഇനി അവർ പിന്തിരിഞ്ഞു പോവുകയാണെങ്കിൽ പറയുക, ഞങ്ങൾ അനുസരണം പുലർത്തുന്നവരാണെന്നതിന് നിങ്ങൾ സാക്ഷ്യം വഹിക്കുവിൻ.(3:65)

ഇസ്‌ലാം ഇന്ന് തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിക അദ്ധ്യാപനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയാണ് ഇതിനു കാരണം. നിർഭാഗ്യമെന്നു പറയട്ടെ, ഇസ്‌ലാമിന്റെ പേരിൽ ചില മുസ്‌ലിം സംഘടനകൾ ചെയ്യുന്ന ദുഷ്കർമങ്ങളും ഇതിന് പ്രേരകമായിട്ടുണ്ട്. അതുകൊണ്ട് തന്നെ പാശ്ചാത്യരാജ്യങ്ങളിലും അമുസ്‌ലിം രാഷ്ട്രങ്ങളിലും ഇസ്‌ലാമിനേയും മുസ്‌ലിംകളേയും സംശയദൃഷ്ട്യാ വീക്ഷിക്കുന്നു. വിദ്യാസമ്പന്നരായ ആളുകൾ പോലും ഇസ്‌ലാമിന്നും വിശുദ്ധ പ്രവാചകൻ (സ) നും നേരെ അടിസ്ഥാനരഹിതമായ ആരോപണങ്ങളാണ് ഉന്നയിക്കുന്നത്.



മതങ്ങളുടെ ഉദ്ദേശ്യലക്ഷ്യം തന്നെ മനുഷ്യനെ സ്രഷ്ടാവുമായി അടുപ്പിക്കുകയും മാനുഷിക മൂല്യങ്ങൾ സ്ഥാപിക്കുകയുമാണ്. എല്ലാ മതസ്ഥാപകരും ഇതിനുവേണ്ടിയാണ് പരിശ്രമിച്ചിട്ടുള്ളതും. അതുകൊണ്ട് തന്നെ ചില മുസ്‌ലിം നാമധാരികളുടെ ചെയ്തികളെ ഇസ്‌ലാമിനേയും പ്രവാചകരേയും അധിക്ഷേപിക്കാനുള്ള നിമിത്തമാക്കരുത്. എല്ലാ പ്രവാചകന്മാരേയും വിശ്വസിക്കുന്നവരും ആദരിക്കുന്നവരുമാണ് മുസ്‌ലിംകൾ. വിശുദ്ധ ഖുർആനിലും ബൈബിളിലും പരാമർശിക്കപ്പെട്ടിട്ടുള്ള പ്രവാചകന്മാരെയെല്ലാം വിശ്വസിക്കേണ്ടത് മുസ്‌ലിംകളുടെ വിശ്വാസത്തിന്റെ ഭാഗമാണ്. എന്നാൽ തിരുനബി(സ)നേയും ഇസ്‌ലാമിനേയും ആക്ഷേപത്തിന് കുറിമാനമാക്കുമ്പോൾ അത് വിശ്വാസികളായ ഞങ്ങളെ വിഷമിപ്പിക്കുന്നു. ഏതെങ്കിലും മതാനുയായി തന്റെ മതാദ്ധ്യാപനങ്ങളിൽ നിന്നും വ്യതിചലിക്കുയാണെങ്കിൽ അത് ആ വ്യക്തിയുടെ ന്യൂനതയാണ്. മതാദ്ധ്യാപനങ്ങളുടേതല്ല.

ഇസ്‌ലാം എന്നാൽ സമാധാനം, സ്നേഹം, സംരക്ഷണം എന്നെല്ലാമാണ് അർഥം. മതത്തിൽ യാതൊരു ബലാൽക്കാരവും ഇല്ലാ എന്നതാണ് വിശുദ്ധഖുർആന്റെ പാഠം. സ്നേഹം, സമാധാനം, സമവായം എന്നീ നൗകകളാണ് ഖുർആനിൽ എവിടേയും കാണാൻ കഴിയുക. ഖുർആൻ ഹിംസയും അതിക്രമവുമാണ് പഠിപ്പിക്കുന്നതെന്ന് ആരെങ്കിലും പറയുകയാണെങ്കിൽ , അതിന് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ല.

അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം പ്രചരിപ്പിക്കുന്നതിൽ വ്യാപൃതരാണ്. ദൈവപ്രീതി മാത്രമാണ് ഞങ്ങളുടെ ലക്ഷ്യം. മതവിഭാഗങ്ങളുടെ ആരാധനാലയത്തിന് ഭീഷണിയുണ്ടെങ്കിൽ അതിന്റെ സംരക്ഷണത്തിനു വേണ്ടി തോളോടു തോൾ ചേർന്ന് പ്രവർത്തിക്കാൻ ഞങ്ങൾ സന്നദ്ധരാണ്. ഞങ്ങളുടെ മസ്ജിദുകളിൽ നിന്നും ഉയരുന്ന ശബ്ദം ദൈവം ഏറ്റവും വലിയവനാണ്, ആരാധനക്കർഹൻ അവനല്ലാതെ മറ്റാരുമില്ല, മുഹമ്മദ് നബി (സ) ദൈവത്തിന്റെ പ്രവാചകനാണ് എന്നതാണ്. സ്വയം വലിയ ബുദ്ധിമാന്മാരായി ഗണിക്കുന്ന ചില ആളുകൾ ധരിച്ചുവെച്ചിരിക്കുന്നത് മതഗുരുക്കന്മാരേയും പ്രവാചകന്മാരെയും സ്വതന്ത്രമായി പരിഹസിക്കാമെന്നാണ്. ലോകസമാധാനത്തിനു തന്നെ ഭീഷണിയായിരിക്കുന്നത് ഇത്തരം പരിഹാസങ്ങളാണ്. ഹൃദയത്തിൽനിന്നും സങ്കുചിത ചിന്തകളും വിദ്വേഷവും മാറ്റേണ്ടിയിരിക്കുന്നു. സഹനവും സഹിഷ്ണുതയുമാണ് വളർത്തേണ്ടത്. സമാധാനം സ്ഥാപിക്കുന്നതിന്ന് ഇത് വളരെ അത്യന്താപേക്ഷിതമാണ്.

ലോകം വളരെ സംഘർഷഭരിതമായ ഒരു ഘട്ടത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഈ സന്ദർഭത്തിലാണ് പരസ്പരം സ്നേഹവും സമാധാനവും കൂടുതലായി പുലർത്തേണ്ടത്. പരസ്പര ബഹുമാനവും മാനുഷിക മൂല്യങ്ങളുടെ പുനസ്ഥാപനവും മുമ്പത്തെക്കാളുപരി ആവശ്യമായിക്കൊണ്ടിരിക്കുന്നു. ലോകത്ത് പലയിടങ്ങളിലും ചെറിയ ചെറിയ യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുന്നു. സമാധാനം സ്ഥാപിക്കാനെന്ന പേരിൽ വൻശക്തികളും രംഗത്തുണ്ട്. ഇവരുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് എല്ലാവർക്കും ബോദ്ധ്യപ്പെട്ടിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ എങ്ങിനെ സമാധാനം കൈവരിക്കാനാകും? മൂന്നാം ലോകമഹായുദ്ധത്തിനുള്ള സാഹചര്യങ്ങളെല്ലാം സംജാതമായിരിക്കുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ നിന്നും പാഠം പഠിച്ചുകൊണ്ട് നീതിയും ന്യായവും നടപ്പാക്കുന്നതിൽ നാം ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഈയൊരവസ്ഥ ഒഴിവാക്കാനാകുമായിരുന്നു.

വലുതും ചെറുതുമായ രാഷ്ട്രങ്ങൾ ആണവശക്തി കൈവരിച്ചിരിക്കുന്നു. മൂന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുകയാണെങ്കിൽ സർവനാശമായിരിക്കും അതന്റെ ഫലം. അതിന്നുത്തരവാദികളായ നമുക്ക് വരും തലമുറ ഒരിക്കലും പൊറുത്ത് തരുകയില്ല. പുരോഗതികളേക്കാളുപരി ഈ മഹായുദ്ധം

▶ Page - 4

# ഇസ്‌ലാമിന്റെ അടിത്തറ തഖ്‌വയിലാണ്

## ഖാദിംകളോട്

### ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ)



ഇസ്‌ലാമിന്റെ അടിത്ത തഖ്‌വയിലാണെന്ന കാര്യം ഓർക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു കവിത എഴുതികൊണ്ടിരിക്കുകയായിരുന്നു. '**ഹർ ഏക് നേകി കീ ജഡ് യെ ഇത്തിഖാ ഹെ**' എല്ലാ നന്മയുടെയും വേര് തഖ്‌വയാണ് എന്ന ഒരു വരി അദ്ദേഹം എഴുതിയ പ്പോൾ അല്ലാഹുവിൽ നിന്ന് ഇപ്രകാരം ഇൽഹാമുണ്ടായി. '**അഗർ യെ ജഡ് രഹീ സബ് കുച്ച് രഹാഹെ**' .ഈ വേര് നിലനിൽക്കുകയാണെങ്കിൽ എല്ലാം നിലനിൽക്കും. ഈ ഇൽഹാമിലൂടെ അല്ലാഹു അദ്ദേഹത്തോട് പറഞ്ഞത് ജമാഅത്ത് തഖ്‌വയിൽ നിലകൊള്ളുകയാണെങ്കിൽ എല്ലാ അവസരങ്ങളിലും അവൻ സ്വയം ജമാഅത്തിനെ സംരക്ഷിക്കും എന്നാണ് ശത്രുക്ക ളുടെ കയ്യാൽ അവർ നിന്ദ്യരാവുകയില്ല ആകാശീയമോ, ഭൗമികമോ ആയിട്ടുള്ള ഒരു മുസീബത്തിനും അവരെ നശിപ്പിക്കുവാൻ സാധിക്കുകയില്ല അഥവാ ഏതെങ്കിലും ഒരു സമുദായം തഖ്‌വയിൽ നിലകൊള്ളുകയാണെങ്കിൽ ഒരു ശക്തിക്കും അവരെ നശിപ്പിക്കുവാൻ സാധ്യമല്ല.

വിശുദ്ധഖുർആന്റെ തുടക്കത്തിൽ തന്നെ അല്ലാഹു പറയുന്നു

الٓمّٓ ۝ ذٰلِكَ الْكِتٰبُ لَا رَيْبَ ۛ فِيْهِ ۛ هُدًى لِّلْمُتَّقِيْنَ ۝

ഇവിടെ لَا رَيْبَ ۛ فِيْهِ എന്നതിൽ സ്വയം ഖുർആന്റെ മഹത്വത്തെ കുറിച്ച് പറഞ്ഞു. മറ്റുള്ളവരുമായുള്ള ബന്ധത്തെകുറിച്ച് പറഞ്ഞത് هُدًى لِّلْمُتَّقِيْنَ എന്നാണ്. അതായത് ഈ വചനം മുത്തഖിയിൽ സ്വാധിനം ചെലുത്തുന്നു. ഇതിന് ഉദാഹരണം ഒരു വ്യക്തി ഭക്ഷണം കഴിച്ച് ആരോഗ്യവാനായി സ്വയം എഴുന്നേറ്റ് നിൽക്കുകയും എന്നാൽ മറ്റൊരാളെ രണ്ട് പേർ ചേർന്ന് പിടിച്ച് എഴുന്നേൽപ്പിച്ച് നിർത്തുകയും ചെയ്യുന്നത് പോലെയാണ് മുത്തഖിയല്ലാത്തവർക്ക് ലഭിക്കുന്ന ഹിദായത്ത് എന്നത് രണ്ട്പേർ ചേർന്ന് ഒരാളെ തോളിൽ പിടിച്ച് എഴുന്നേൽപിച്ച് നിർത്തുന്നത് പോലെയാണ്. എന്നാൽ മുത്തഖിയായിട്ടുള്ളവർ ഇതിൽ (വിശുദ്ധഖുർആനിൽ) നിന്ന് ഭക്ഷണവും ശക്തിയും കരസ്ഥമാക്കുന്നു. വി.ഖുർആന്റെ സഹായത്തോടെ മാത്രമേ നമുക്ക് പുരോഗതി പ്രാപിക്കാൻ സാധിക്കുകയുള്ളൂ. വി.ഖുർആൻ പറയുന്നത് അതിന്റെ ആഹാരം മുത്തഖീങ്ങൾക്ക് മാത്രമേ ശക്തിയും ആരോഗ്യവും പ്രധാനം ചെയ്യുകയുള്ളൂ എന്നാണ്.

ആമാശയത്തിന് കുഴപ്പമുള്ള ഒരു വ്യക്തിക്ക് പാലോ,വെണ്ണയോ,മാംസമോ,ബദാമോ മറ്റെന്ത് പോഷകാഹാരം കൊടുത്താലും അതൊന്നും തന്നെ അയാൾക്ക് ഒരു പ്രയോജനവും നൽകുന്നതല്ല. മറിച്ച് അത് അയാൾക്ക് ദഹനക്കുറവിന് കാരണമാവുകയാണ് ചെയ്യുന്നത്. ആഹാരം ദഹിക്കുമ്പോഴാണ് മനുഷ്യന് പ്രയോജനം ചെയ്യുന്നത്. ദഹനമില്ലെങ്കിൽ അത് മനുഷ്യന് നഷ്ട മുണ്ടാക്കുകയാണ് ചെയ്യുന്നത്. വിശുദ്ധ ഖുർആൻ പറയുന്നത് ഈ ആഹാരം വിശ്വാസിയുടെ ആമാശയത്തിൽ മാത്രമേ നിലനിൽക്കുകയുള്ളൂ എന്നാണ്. അതുകൊണ്ട് നാം വിശുദ്ധഖുർആനിൽ നിന്ന് പ്രയോജനമെടുക്കും എന്നത് സത്യമാണെങ്കിൽ, അതിൽ നിന്ന് പ്രയോജനമെടുക്കാതെ നമുക്ക് പുരോഗതി പ്രാപിക്കാൻ സാധ്യമല്ല എന്നത് യാഥാർത്ഥ്യമാണ്. ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ ഇൽഹാം ഇപ്രകാരമാണ്.

എല്ലാവിധ അനുഗ്രഹങ്ങളും മുഹമ്മദ് നബി (സ) കാരണമായാണ്. പഠിപ്പിച്ചവനും, പഠിപ്പിക്കപ്പെട്ടവനും അനുഗൃഹീതർ. ഇതിൽ മുഹമ്മദ്(സ) എന്നത് കൊണ്ട് അർത്ഥമാക്കുന്നത് യഥാർത്ഥത്തിൽ വി.ഖുർആനാണ്. എന്തുകൊണ്ടെന്നാൽ അങ്ങാണ് ഖുർആന്റെ വചനങ്ങൾ കൊണ്ടുവന്നത്. അതുകൊണ്ട് ജമാഅത്ത് തഖ്‌വയിൽ നിലകൊള്ളേണ്ടത് വളരെ അനിവാര്യമാണ്. ഈ കാലഘട്ടത്തിൽ ഖുർആന്റെ കൽപ്പനകളനുസരിച്ച് നടന്നാൽ മാത്രമേ ഒരു മുഅ്മിന് പുരോഗതി പ്രാപിക്കാൻ സാധിക്കുകയുള്ളൂ. ഈ ഭക്ഷണം ദഹിക്കുന്നില്ലെങ്കിൽ പിന്നെ എന്തു പ്രയോജനം. ഇതിനെ ദഹിപ്പിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ മുത്തഖീങ്ങളായിത്തീരുക.

തഖ്‌വയുടെ പ്രാരംഭം അതായത് ഏതൊന്ന് മുഖേനയാണോ വിശുദ്ധഖുർആന്റെ ഭക്ഷണം ദഹിക്കുന്നത് അതാണ് വിശ്വാസത്തിന്റെ പരിശുദ്ധി.

മശ്അലെ രാഹ്

സമ്പാ: സി.മുബശ്ശിർ അഹ്മദ്

---

ഒഴിവാക്കുന്നതിനെക്കുറിച്ച് ലോകം ഇന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. മറ്റുള്ളവരുടെ തെറ്റുകൾ ചൂണ്ടിക്കാട്ടുന്നതിനു പകരം സ്വയം അവലോകനം ചെയ്യേണ്ടതാണ്. സ്വന്തം ആത്മാവിന്റെ ഉള്ളിലെ പിശാചിനെ ഉന്മൂലനം ചെയ്താൽ നന്മയുടെ ഒരു പുതുജീവിതം സാദ്ധ്യമാവും.

എന്റെ ഈ സന്ദേശം ഞാൻ നിരന്തരമായി ലോകത്തെ അറിയിച്ചു കൊണ്ടിരിക്കുകയാണ്. താങ്കളും താങ്കളുടെ അറിവും സ്വാധീനവും ഉപയോഗിച്ച് ആളുകളെ ഉപദേശിക്കണം. എല്ലാ മതങ്ങളും പരസ്പരം ബഹുമാനവും സഹിഷ്ണുതയും സ്നേഹവും സാഹോദര്യ ബന്ധവും ഊട്ടിവളർത്തട്ടെ. എല്ലാവർക്കും തന്താങ്ങളുടെ പങ്ക് മനസിലാക്കി പ്രവർത്തിക്കാനുള്ള ബുദ്ധിയും വിവേകവും ദൈവം പ്രദാനം ചെയ്യുമാറാകട്ടെ. സമീപസ്ഥമായികൊണ്ടിരിക്കുന്ന വൻവിപത്തിനെ ഞങ്ങളിൽ നിന്നും അകറ്റേണമേയെന്ന് ഞങ്ങളുടെ ദൈവത്തോട് ഞങ്ങൾ പ്രാർത്ഥിക്കുകയാണ്.

**മിർസാ മസ്റൂർ അഹ്മദ്**

ഖലീഫത്തുൽ മസീഹ് അഞ്ചാമൻ


അഹ്മദിയ്യാ ജമാഅത്തിന്റെ ആത്മീയ നേതാവ്

തഫ്സീർ



# ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ)



**അതായത് റമദാൻ മാസം വിശുദ്ധഖുർആൻ ഇറങ്ങിയ മാസമാണ്.**
**ഇന്നാ അൻസൽനാഹു ഫീ ലൈലത്തിൽ ഖദ്റ് വമാ അദ്റാക്ക മാ ലൈലത്തുൽ ഖദ്റ്**
**അതായത് ഖുർആൻ ലൈലത്തുൽ ഖദ്റിലാണ് അവതരിക്കപ്പെട്ടത്.**

*റമദാൻ* എന്നത് *റമദ്* എന്ന വാക്കിൽ നിന്നുണ്ടായതാണ്. അറബിയിൽ അതിനർത്ഥം പൊള്ളൽ, നീറ്റൽ എന്നൊക്കെയാണ്. അത് വെയിലിന്റെയോ ഏതെങ്കിലും രോഗം മൂലമുള്ളതോ ആകാം. അപ്പോൾ റമദാൻ എന്നാൽ കാഠിന്യത്തിന്റെ സമയങ്ങളുടെയും നാളുകളുടെയും കാലം എന്നാണ് അർത്ഥം. നാം ഇതിനെ രാത്രിയിൽ ഇറക്കിയിരിക്കുന്നു എന്നാണിവിടെ പറഞ്ഞിരിക്കുന്നത്. രാത്രി എന്നത് അന്ധകാരത്തേയും ദുരിതത്തെയും സൂചിപ്പിക്കുന്നു.

അപ്പോൾ ഇൽഹാം ഇറങ്ങുന്നത് കഷ്ടതകളുടെയും ദുരിതങ്ങളുടെയും ദിനങ്ങളിലാണെന്നാണ് ഈ രണ്ടു ആയത്തുകളിലും പറയപ്പെട്ടിരിക്കുന്നത്. ഒരു സമൂഹം ഏതുവരെ പ്രയാസങ്ങളിലും കഷ്ടപ്പാടിലും അകപ്പെടുന്നില്ലയോ, അവരുടെ രാവുകൾ പകലാക്കി മാറ്റുന്നില്ലയോ, ഏതുവരെ അവർ വിശപ്പിന്റെയും ദാഹത്തിന്റെയും കഠിനമായ പ്രയാസം അനുഭവിച്ചറിയുന്നില്ലയോ, ഏതുവരെ മനുഷ്യശരീരം ആന്തരികവും ബാഹ്യവുമായ പ്രയാസമനുഭവിക്കുന്നില്ലയോ അതുവരെ അവരിൽ അല്ലാഹുവിന്റെ വചനങ്ങൾ ഇറങ്ങുന്നതല്ല.

ഈ മാസത്തെ തിരഞ്ഞെടുത്തുകൊണ്ട് അല്ലാഹു മുസ്‌ലിംകളോട് ഇതു തന്നെയാണ് പറയുന്നത് അതായത്, നിങ്ങൾ നിങ്ങളിൽ ദൈവിക വെളിപാടുകളുടെ കവാടങ്ങൾ തുറക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ പ്രയാസങ്ങളിലൂടെയും ദുരിതങ്ങളിലൂടെയും കടന്നുപോകേണ്ടത് അനിവാര്യമാണ്. അതു കൂടാതെ നിങ്ങൾക്ക് ദൈവിക വെളിപാടിന്റെ അനുഗ്രഹം ലഭ്യമാകുന്നതല്ല.

ചുരുക്കത്തിൽ, റമദാൻ ദൈവിക വെളിപാടുകളെ ഓർമ്മപ്പെടുത്തുവാനുള്ള മാസമാണ്. അതുകൊണ്ടു തന്നെയാണ് ഈ മാസത്തിൽ വിശുദ്ധഖുർആൻ പാരായണം അധികമാക്കുക എന്ന് റസൂൽ കരീം(സ) പറഞ്ഞത്. ഇക്കാരണം കൊണ്ടുതന്നെ നാമും ഈ മാസത്തിൽ ദർസുൽ ഖുർആനുള്ള സംവിധാനം ഒരുക്കുകയാണ്. സുഹൃത്തുക്കൾ ഈ മാസത്തിൽ ധാരാളമായി ഖുർആൻ പാരായണം ചെയ്യുകയും അവരിൽ ത്യാഗത്തിന്റെ ആത്മാവ് രൂപപ്പെടുന്നതിനായി- ഇതു കൂടാതെ ഒരു സമുദായത്തിന്നും വിജയിക്കാൻ സാധിക്കുകയില്ല- വിശുദ്ധഖുർആന്റെ അർത്ഥങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്യുക.

എന്തായിരുന്നാലും, ഈ മാസം നമ്മോടു പറയുന്നത് ലോകത്തെ വിജയിക്കണം എന്നാഗ്രഹിക്കുന്നവർ അതിനായി ഹിറാഗുഹയുടെ ഏകാന്തതയിലേക്കു പോകേണ്ടതാവശ്യമാണ് എന്നാണ്. ഈ ലോകത്തെ ത്യജിക്കുന്നതിലൂടെയല്ലാതെ ലഭ്യമാകുകയില്ല. ആദ്യം ഇതിൽ നിന്ന് വേറിട്ടു നിൽക്കേണ്ടത് ആവശ്യമാണ്. അതിനു ശേഷം അത് കൈപ്പിടിയിൽ വരുന്നതാണ്. എന്നാൽ അതിനെ ദൈവികമായ പിടിച്ചടക്കൽ എന്നാണു പറയുക. ദജ്ജാലിന്റെതു പോലെ ഭൗതികമായ ഒരു കയ്യടക്കലുണ്ട് . അതു ലഭിക്കുവാനുള്ള ഒരേ ഒരു മാർഗ്ഗം ലോകത്തിനായിക്കൊണ്ട് സ്വയം അർപ്പണം ചെയ്യുക എന്നതു തന്നെയാണെന്നതിൽ സംശയമില്ല. എന്നാൽ അല്ലാഹുവിന്റെ ആളുകളായിക്കൊണ്ട് അത് പിടിച്ചെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് അത് ഉപേക്ഷിക്കുന്നതിലൂടെ മാത്രമേ അതിനു സാധിക്കുകയുള്ളൂ. നോക്കുക, അബൂജഹൽ ഭൗതികലോകത്തിനു വേണ്ടി പരിശ്രമിച്ചു, അത് കരസ്ഥമാക്കുകയും ചെയ്തു. എന്നാൽ മുഹമ്മദ് റസൂലുല്ലാഹ് (സ) അതുപേക്ഷിച്ചു. എന്നിട്ടും അദ്ദേഹത്തിന് അത് ലഭിക്കുകയുണ്ടായി. അബൂജഹലിനേക്കാളും കൂടുതൽ ലഭിക്കുകയുണ്ടായി. കൂടിവന്നാൽ, അബൂജഹൽ മക്കയിലെ നേതാവായിരുന്നു. എന്നാൽ നബി(സ) തങ്ങളുടെ ജീവിതത്തിൽ തന്നെ അറേബ്യയുടെ രാജാവായി. ഇന്ന് മുഴു ലോകത്തിന്റെയും ചക്രവർത്തിയാണ്.

ചുരുക്കത്തിൽ, മുഹമ്മദ് റസൂലുല്ലാഹ് (സ) യ്ക്കു കിട്ടിയ ലോകം അബൂജഹലിന് എവിടെയാണു കിട്ടിയത്? അബൂജഹലിനു കിട്ടിയതെല്ലാം ഭൗതീകമായ സമ്പാദനത്തിലൂടെയാണ് കിട്ടിയത്. എന്നാൽ മുഹമ്മദ് റസൂലുല്ലാഹ്(സ) ക്ക് കിട്ടിയതെല്ലാം ഭൗതീകലോകം ഉപേക്ഷിച്ചതിലൂടെയാണു കിട്ടിയത്.

അതുകൊണ്ട്, ആത്മീയ ജമാഅത്തുകൾക്ക് ഭൗതീക ലോകത്തെ ഉപേക്ഷിക്കുന്നതിലൂടെയാണ് ലഭ്യമാ ക്കുക. ഭൗതീകർക്ക് ഭൗതീകത സമ്പാദിക്കുന്നതിലൂടെയാണു ലഭിക്കുക.

നിങ്ങൾ നിങ്ങളുടെ ലക്ഷ്യത്തിൽ വിജയികളാകാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആദ്യമായി പ്രയാസങ്ങളും ദുരിതങ്ങളും സഹിക്കേണ്ടത് ആവശ്യമാണ് എന്നുള്ളതിലേക്കാണ് റമദാൻ നമ്മുടെ ശ്രദ്ധയെ തിരിക്കുന്നത്. രാത്രിയുടെ അന്ധകാരത്തെ നിങ്ങൾ സ്വീകരിക്കുക. ഇക്കാര്യത്തിൽ ഒരിക്കലും ഭയക്കാതിരിക്കുക. കാരണം ഈ ത്യാഗങ്ങളാണ് നിങ്ങളുടെ വിജയങ്ങൾക്കു നിദാനമായിത്തീരുന്നത്.

ചുരുക്കത്തിൽ, റമദാൻ വളരെയധികം പ്രാധാന്യമേറിയ ഒരു മാസമാണ്. ഹൃദയത്തിൽ ഇസ്‌ലാമിനും ഈമാനും വിലയുള്ള വ്യക്തിക്ക് ഈ മാസം സമാഗതമാകുന്നതോടു കൂടി തന്റെ ഹൃദയത്തിൽ ഒരു പ്രത്യേക ചലനവും ശരീരത്തിന് ഒരു പ്രത്യേക തരം വിറയലും അനുഭവപ്പെടാതെയിരിക്കുക അസാധ്യമാകുന്നു.

നമുക്കും മുഹമ്മദ് റസൂലുല്ലാഹ് (സ) ക്കുമിടയിൽ എത്ര നൂറ്റാണ്ടുകൾ കടന്നുപോയാലും, നമ്മെയും തിരുമേനി(സ) യേയും വേർതിരിക്കുന്നതായ എത്ര വർഷങ്ങൾ കഴിഞ്ഞുപോയാലും, നമുക്കും തിരുമേനി (സ) യ്ക്കുമിടയിൽ എത്ര ദിനങ്ങൾ കടന്നു കഴിഞ്ഞു പോയാലും, റമളാൻ മാസം വന്നു കഴിഞ്ഞാൽ ആ നൂറ്റാണ്ടുകളെയും വർഷങ്ങളേയും ഈ മാസം ചുരുട്ടി മടക്കി ചെറുതാക്കുകയും നാം മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ അരികത്തെത്തിയിരിക്കുകയാണെന്നു തോന്നിപ്പോകും. റസൂൽ(സ) തിരുമേനിയുടെ അടുത്തേക്ക് മാത്രമല്ല, മറിച്ച്, വിശുദ്ധ ഖുർആൻ അല്ലാഹുവിൽ നിന്നും ഇറങ്ങിയതായിരിക്കെ ഈ എല്ലാ അകലങ്ങളേയും ചുരുക്കിക്കൊണ്ട് റമദാൻ നമ്മെ അല്ലാഹുവിന്റ സമീപത്തേക്കെത്തിച്ചിരിക്കുന്നുവെന്നു തോന്നിപ്പോകും.

ഒരു മനുഷ്യനും ദൈവവും തമ്മിലുള്ള അകലവും ഒരു സൃഷ്ടിക്ക് തന്റെ സൃഷ്ടാവിനോടുണ്ടാകുന്ന അകലവും ഒരു ബലഹീനനായ ഒന്നിനും കൊള്ളാത്തവനുമായ ഒരു മനുഷ്യന് ആകാശഭൂമികളുടെ സൃഷ്ടാവായ ദൈവത്തോടുണ്ടാകുന്ന അകലവും എല്ലാം സൂര്യകിരണങ്ങൾക്കു മുന്നിൽ രാത്രിയുടെ ഇരുട്ട് എന്ന പോലെ മാഞ്ഞ്, അപ്രത്യക്ഷമായിപ്പോകുന്നു. ഈ ഒരവസ്ഥയെക്കുറിച്ചു തന്നെയാണ് അല്ലാഹു വിശുദ്ധ ഖുർആനിൽ പ്രതിപാദിച്ചിരിക്കുന്നത് - *ഇദാ സഅലക്ക ഇബാദീ അന്നീ ഫഇന്നീ ഖരീബ്.* - റമദാൻ ആഗതമാവുകയും എന്റെ ദാസർ എന്നെ സംബന്ധിച്ച് നിന്നോട് എന്നെ എങ്ങിനെ പ്രാപിക്കാം എന്ന് ചോദിക്കന്ന പക്ഷം നീ അവരോടു പറയുക റമദാനും ദൈവവും തമ്മിൽ ഒരു വ്യത്യാസവുമില്ല. ദൈവം തന്റെ ദാസർക്കു വേണ്ടി പ്രത്യക്ഷനായ മാസം ഇതു തന്നെയാണ്. അവന്റെ ദാസരെ വീണ്ടും തന്നിലേക്ക് വലിച്ചടുപ്പിക്കണമെന്നും അവൻ ആഗ്രഹിച്ചിരിക്കുന്നു.

ഈ സംഭാഷണത്തിനു ഉപാധിയായിട്ടുള്ള ഹബ്ലുല്ലാഹ് അഥവാ അല്ലാഹുവിന്റെ പാശം, അതിന്റെ ഒരറ്റം ദൈവത്തിന്റെ കയ്യിലും മറ്റേ അറ്റം സൃഷ്ടികളുടെ കൈകളിലുമാണ്. ഇനി ഈ പാശത്തിലൂടെ പിടിച്ചു കയറിക്കൊണ്ട് അല്ലാഹുവിലേക്കെത്തുക എന്നത് ദാസരുടെ ജോലിയാണ്.

(തഫ്സീറെ കബീർ വാള്യം 2, പേജ് 392-394)

(വിവ. കെ നജ്മുദ്ദീൻ മുറിയക്കണ്ണി)




# ആദ്യകാലജീവിതം: ഒറ്റനോട്ടത്തിൽ

## നിരക്ഷരത

തിരുനബി(സ)ന്റെ 40 വർഷക്കാലജീവിതത്തിൽ എവിടേയും തിരുനബിയുടെ വിദ്യാസമ്പാദനത്തെ കുറിച്ച് പരാമർശം കാണുകയില്ല. യഥാർഥത്തിൽ അറബികൾക്കിടയിൽ വിദ്യാസമ്പാദനം തുലോം വിരളമായിരുന്നു. അതുകൊണ്ട് തന്നെ ഉന്നതരും സാധാരണക്കാരും തമ്മിലുള്ള വ്യതിരിക്തതയും കുറവായിരുന്നു. അറേബ്യയിലെ നേതാക്കന്മാരും പൊതുവിൽ അക്ഷരാഭ്യാസമില്ലാത്തവരായിരുന്നു.

പക്ഷെ അറേബ്യയിൽ വിദ്യാസമ്പന്നരായ ആളുകളേയും അവിടെയിവിടെയായി കാണാൻ കഴിയുന്നുണ്ട്. ഇത്തരത്തിലുള്ള ആളുകൾ മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് മക്കയിൽ കൂടുതലായിരുന്നു.

തിരുനബി(സ), തികച്ചും നിരക്ഷരനായിരുന്നുവെന്ന സംഗതി സ്ഥാപിക്കപ്പെടുന്നതാണ്.

(വി.ഖുർആൻ: 7:159, 29:49)

തിരുനബിയുടെ നിരക്ഷരതയിൽ ദൈവികതീരുമാനത്തിന്റേയും കൈകൾ കാണാൻ കഴിയുന്നതാണ്. തിരുനബി(സ)ന്റെ വൈജ്ഞാനിക മഹാത്ഭുതത്തിന്റെ തേജസ് പതിന്മടങ്ങ് പ്രചോദിക്കുമാറായി.

ഇതോടൊപ്പം തന്നെ മനസ്സിലാകുന്ന മറ്റൊരു സംഗതി നുബുവ്വത്തിന്റെ കാലഘട്ടത്തിൽ മിക്കവാറും എല്ലാ കത്തുകളും ഉടമ്പടികളും തിരുനബി(സ)യുടെ മുന്നിലാണ് തയ്യാറാക്കപ്പെട്ടിരുന്നത് എന്നും അതിലൊക്കെ തിരുനബി(സ)ന്റെ ദൃഷ്ടികളും പതിഞ്ഞിരുന്നുവെന്നാണ്. തിരുനബി(സ)ന് തന്റെ ജീവിതത്തിലെ അവസാന ഘട്ടമാവുമ്പോഴേക്ക് അക്ഷരങ്ങൾ ഒരുവിധം മനസ്സിലായിതുടങ്ങിയിരുന്നു.

ഹദീസുകളിൽ നിന്ന് മനസ്സിലാവുന്നത്, ഹുദൈബിയാ സന്ധിയുടെ ഉടമ്പടികൾ എഴുതുമ്പോൾ ശത്രുക്കളുടെ ആക്ഷേപത്തെ തുടർന്ന് തന്റെ പേരിനോടൊപ്പം റസൂലുല്ലാഹ് എന്ന പദം തിരുനബി(സ) സ്വയം വെട്ടുകയും അവിടെ ഇബ്നു അബ്ദുല്ലാഹ് എന്ന് എഴുതിചേർക്കുകയും ചെയ്തു.

(ബുഖാരി കിത്താബുസ്സുൽഹ്)

ഹദീസിൽ കത്തബ (എഴുതി) എന്ന് എഴുതുന്നതിനാണ് ഉപയോഗിച്ചിട്ടുള്ളത്.ഒരു പക്ഷെ അതിന്റെ വിവക്ഷ എഴുതിക്കുക എന്നുമാകാം. ചില സന്ദർഭങ്ങളിൽ എഴുതുന്നതിനും എഴുതിക്കുന്നതിനും ഒരേ പദം ഉപയോഗിക്കാറുണ്ട്.

നബി(സ) കരാറിലെ പദം വെട്ടിയത് സ്വന്തം കൈ കൊണ്ടും പകരം എഴുതിയത് സ്വഹാബിയെ കൊണ്ടുമാകാം. ഏതായാലും തിരുനബി ഉമ്മി നിരക്ഷരനാണ് എന്ന വസ്തുതയെ അത് ബാധിക്കുന്നില്ല.

## സുഹൃദ് വൃന്ദം

നുബുവ്വത്തിന് മുമ്പ് നബി(സ) ന്റെ സുഹൃദ് വലയം വളരെ പരിമിതമായിരുന്നു.യഥാർഥത്തിൽ ആദ്യം മുതലേ തിരുനബി(സ)ന്റെ പ്രകൃതം മറ്റുള്ളവരിൽ നിന്ന് മാറികഴിയാനാണ് ആഗ്രഹിച്ചത്. നബി(സ) തന്റെ ജീവിതത്തിൽ ഒരു ഘട്ടത്തിലും മക്കയിലെ പൊതു സമൂഹവുമായി കൂടിക്കലർന്നിട്ടില്ല. അതേ സമയം തിരുനബി(സ)യുടെ സൗഹൃദമുള്ള ആളുകളും ഉണ്ടായിരുന്നു. അവരിൽ പ്രധാനി ഹദ്റത് അബൂബക്കർ(റ) അതായത് അബ്ദുല്ലാഹ്ബിനു അബീഖഹാഫ ആയിരുന്നു. അദ്ദേഹം ഖുറൈശികളിലെ ഒരു ഉന്നത കുടുംബത്തിൽപെട്ട ആളായിരുന്നു. ആഢ്യത്വവും കഴിവും കാരണം ആദരവോടെയാണ് അദ്ദേഹത്തെ ജനങ്ങൾ കണ്ടിരുന്നത്.

മറ്റൊരാൾ ഹകീംബിൻഹസാം ആയിരുന്നു. അദ്ദേഹം ഹ.ഖദീജ(റ)യുടെ സഹോദരപുത്രനാണ്. വളരെ കുലീനസ്വഭാവിയായിരുന്നു. ആദ്യകാലത്ത് മുസ്ലിമായിരുന്നില്ലെങ്കിലും തിരുനബിയോട് നല്ല സ്നേഹ ബന്ധമായിരുന്നു. അവസാനം നന്മ നിറഞ്ഞ പ്രകൃതം അദ്ദേഹത്തെ ഇസ്ലാമിലെത്തിച്ചു.

സൈദ് ബിൻ അമർ(റ)മായും തിരുനബിക്ക് നല്ല സൗഹൃദമുണ്ടായിരുന്നു. ഇദ്ദേഹം ഹ.ഉമർ(റ)ന്റെ അടുത്ത ബന്ധുവും, ജാഹിലിയ്യാ കാലത്ത് തന്നെ ശിർക്ക് ഉപേക്ഷിച്ച ആളുമായിരുന്നു. തന്നെ ഇബ്റാഹിമിന്റെ ദീനിലാണ് ഗണിച്ചിരുന്നത്. ഇസ്ലാമിനു മുമ്പേ വഫാത്തായി.

## നുബുവ്വത്തിനു മുമ്പ്

ഇസ്ലാം വിശദമായ വിഷയങ്ങളുമായി വളരെക്കാല ശേഷമാണ് രംഗത്ത് വന്നത്. അതുകൊണ്ട് തന്നെ നുബുവ്വത്തിന് മുമ്പേ നബി(സ) അത് പ്രാവർത്തികമാക്കിയിരുന്ന ആളാണെന്ന് ആർക്കും വാദിക്കാൻ സാധ്യമല്ല. ആരും അങ്ങിനെ ചെയ്തിട്ടുമില്ല. പക്ഷെ, ചരിത്രത്തിൽ നിന്ന് വളരെ കൃത്യമായി മനസ്സിലാവുന്നത്, തിരുനബി(സ) ന്റെ ശുദ്ധപ്രകൃതം എപ്പോഴും അറബികളുടെ മോശമായ ആചാരങ്ങളിൽ നിന്ന് വിമുക്തമായിരുന്നുവെന്നാണ്. ഒരിക്കലും നബി(സ) ശിർക്ക് ചെയ്തിട്ടില്ല. ഒരിക്കൽ ഹ.ആയിശ(റ)യോട് പറഞ്ഞു: ഞാൻ ഒരിക്കലും വിഗ്രഹങ്ങളുടെ പേരിൽ അർപ്പിച്ച ഭക്ഷണം കഴിച്ചിട്ടേയില്ല. മറ്റൊരു നിവേദനത്തിൽ ഹ.അലി (റ) പറയുന്നു: ഒരിക്കൽ സഹാബികൾ തിരുനബി(സ)യോട് ചോദിച്ചു, യാ റസൂലുല്ലാഹ്, താങ്കൾ എപ്പോഴെങ്കിലും വിഗ്രഹങ്ങളെ പൂജിച്ചിട്ടുണ്ടോ? നബി(സ) പറഞ്ഞു: ഇല്ല, ജനങ്ങൾ ചോദിച്ചു, മദ്യം കഴിച്ചിട്ടുണ്ടോ? നബി(സ) പറഞ്ഞു: ഇല്ല. ഞാൻ എപ്പോഴും ഇത്തരം കാര്യങ്ങളെ വെറുപ്പോടെയാണ് കണ്ടിരുന്നത്. പക്ഷെ ഇസ്ലാമിനു മുമ്പ് എനിക്ക് ശരീഅത്തിനെയോ, ഈമാനേയോ പറ്റി ഒരറിവും ഇല്ലയിരുന്നു.

(സീറത്ത് ഹൽബിയ)

---

ചരിത്രം
ഇഷ്

# ബ്രിട്ടീഷ് സ്വർണനാണയത്തിൽ കലിമ ത്വയ്യിബ



900 വർഷം മുമ്പ് ബ്രിട്ടനിലെ രാജാവായിരുന്ന ഒഫ്ഫയാണ് രാജ്യത്ത് ആദ്യമായി സ്വർണനാണയം നടപ്പിൽ വരുത്തിയത്. ഈ സ്വർണ നാണയം ഇന്നും ബ്രിട്ടീഷ് മ്യൂസിയത്തിൽ സുരക്ഷിതമാണ്. അതിന്റെ ഒരു വശത്ത് രാജാവിന്റെ പേരും മറുഭാഗത്ത് പരിശുദ്ധകലിമയുമാണ് ഉല്ലേഖനം ചെയ്തിരിക്കുന്നത്.

ഈ രാജാവ് രഹസ്യമായി മുസ്ലിമായിരുന്നുവെന്നാണ് കരുതപ്പെടുന്നത്. എന്നാൽ ക്രിസ്ത്യൻ ചരിത്രകാരന്മാർ പറയുന്നത് രാജാവ് നിരക്ഷരനായിരുന്നുവെന്നും മുസ്ലിംകളുടെ വല്ല നാണയവും കണ്ട് ആകൃഷ്ടനായ അദ്ദേഹം തന്റെ നാണയത്തിലും അതിലെ വാക്കുകൾ ആലേഖനം ചെയ്യാൻ കൽപിച്ചതായിരിക്കുമെന്നാണ്.



സ്പെയ്നിലെ കപ്പൽപ്പടയുടെ ആക്രമണത്തെ ഭയന്നുകൊണ്ട് ഇംഗ്ലണ്ടിലെ ഒന്നാം എലിസബത്ത് രാജ്ഞി ഉസ്മാനിയാ സമ്രാട്ടിന്റെ സഹായം അഭ്യർഥിച്ചിരുന്നു. ഉസ്മാനിയാ സൈന്യാധിപൻ ഇംഗ്ലണ്ടിൽ എത്തിയപ്പോൾ ബ്രയ്ട്ടനിൽ അദ്ദേഹത്തിന് താമസിക്കാൻ നൽകിയ സ്ഥലത്ത് ഒരു മുറി മസ്ജിദായി മാറ്റുകയും അതിന്റെ ചുമരുകളിൽ പരിശുദ്ധ കലിമ എഴുതിവെച്ചിട്ടുമുണ്ടായിരുന്നു.

1924 ൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഈ മുറി സന്ദർശിച്ചിരുന്നു.






# ഇദാ ദഖല റമദാന ഫുതിഹത് അബ്‌വാബു സ്സമാഅ്

ഹദ്റത്ത് അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു, നബിതിരുമേനി (സ) പരിശുദ്ധ റമദാനെ സംബന്ധിച്ച് പറഞ്ഞു, **റമദാൻ മാസം സമാഗതമാകുമ്പോൾ വാനലോകത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുന്നു.** മറ്റൊരു രിവായത്തിൽ പറയുന്നത്, സ്വർഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ കവാടങ്ങൾ അടയ്ക്കപ്പെടുകയും ശൈത്വാൻ ചങ്ങലകളാൽ ബന്ധിക്കപ്പെടുകയും ചെയ്യുന്നുവെന്നാണ്. മറ്റൊരു രിവായത്ത് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുന്നു എന്നുമാണ്.

വാനലോകത്തിന്റേതായാലും സ്വർഗത്തിന്റേതായാലും കവാടങ്ങൾ കൊണ്ടർത്ഥമാക്കുന്നത് എന്താണ്? അടയ്ക്കപ്പെടുന്ന നരകത്തിന്റെ കവാടം ഏതാണ്? എത്തരത്തിലുള്ള ചങ്ങലകളാലാണ് ശൈത്വാൻ ബന്ധിക്കപ്പെടുന്നത്? ഇത് പൊതുവായിട്ടുള്ള ഒരവസ്ഥയെ കുറിച്ചാണോ അർത്ഥമാക്കുന്നത്, അതോ മുഴുലോകത്തേക്കും പൊതുവായ നിലയിൽ അനുബന്ധിക്കാൻ കഴിയാതെ ചില സവിശേഷ അവസ്ഥകളിൽ മാത്രം ഒതുങ്ങുന്ന പ്രത്യേക അർത്ഥമാണോ ഉള്ളത്?

പ്രത്യക്ഷമായ നിലയിൽ റമദാൻ വിശ്വാസികളിലും അവിശ്വാസികളിലും വരുന്നു. ദൈവത്തെ നിഷേധിക്കുന്നവരിലും വിശ്വസിക്കുന്നവരിലും വരുന്നു. സൽകർമകാരികളിലും വരുന്നു, തിന്മകളിലും അനാശാസ്യങ്ങളിലും മുഴുകിയിരിക്കുന്നവരിലും വരുന്നു. അക്കാരണത്താൽ ഇതിന് പൊതുവായ അർത്ഥം നൽകുന്നത് ശരിയല്ല എന്നത് വ്യക്തമാകുന്നു. കാരണം റമദാൻ മാസത്തിലും ഭൂരിഭാഗം ജനങ്ങളും മുൻപത്തെ പോലെ തന്നെ തിന്മകളിലും അനാശാസ്യങ്ങളിലും മുഴുകുകയും റമദാനെ തീരെ അവഗണിക്കുകയും ചെയ്യുന്നു. അതിനാൽ ഹദീസിന്റെ യഥാർത്ഥ പൊരുൾ മനസ്സിലാകാത്തതു കൊണ്ടാണ് ഈ മാസത്തിൽ ശൈത്വാൻ ബന്ധിക്കപ്പെടുന്നു, അല്ലെങ്കിൽ കാരുണ്യത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും കോപത്തിന്റെ കവാടങ്ങൾ അടയുകയും ചെയ്യുന്നു എന്നു പറയുന്നത്.

ഇദാ ദഖല റമദാന-റമദാൻ മാസം സമാഗതമാകുമ്പോൾ - എന്ന് തിരുനബി (സ) പറയുമ്പോൾ മുഴുലോകത്തും പൊതുവായി അനുഗ്രഹങ്ങൾ വർഷിക്കുന്നു എന്നർത്ഥമല്ല. മറിച്ച്, എവിടെയെല്ലാം റമദാൻ പ്രവേശിക്കുന്നുവോ അവിടെയെല്ലാം അനുഗ്രഹവുമായി വരുന്നു എന്നതാണ് സാരം............

അതായത്, റമദാൻ അതിന്റെ മുഴുവൻ നിബന്ധനകളോടും കൂടി പ്രവേശിക്കുന്നിടത്തെല്ലാം മനുഷ്യർക്കായി അനുഗ്രഹങ്ങളും കൂടെ കൊണ്ടു വരുന്നു. അല്ലാതെ റമദാൻ എന്നു പറയുന്നത് പട്ടണങ്ങളിലോ രാഷ്ട്രങ്ങളിലോ പ്രവേശിക്കുന്ന വസ്തുവല്ല. ഇത് മനുഷ്യന്റെ അസ്ഥിത്വത്തിലാണ് പ്രവേശിക്കുന്നത്. ആരുടെ അസ്ഥിത്‌ലത്തിലാണോ റമദാൻ പ്രവേശിക്കുന്നത് അവനിൽ സൽപരിവർത്തനങ്ങൾ ഉളവാകുന്നു. അവന്റെ ആകാശഭൂമികളിൽ മാറ്റങ്ങൾ സംജാതമാകുന്നു. അതായത്, സ്വയം തന്നെ റമദാന് അധീനപ്പെടുത്തുന്ന മനുഷ്യനിൽ പരിശുദ്ധ റമദാൻ തന്റെ എല്ലാ അനുഗ്രഹങ്ങളുമായി പ്രവേശിക്കുന്നു. അങ്ങിനെ അത്തരത്തിലുള്ള മനുഷ്യനിൽ സ്വർഗത്തിന്റെ എല്ലാ കവാടങ്ങളും തുറക്കപ്പെടുകയും നരകത്തിന്റെ എല്ലാ കവാടങ്ങളും അടയ്ക്കപ്പെടുകയും ചെയ്യുന്നു. അതായത്, അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ കവാടങ്ങൾ അവനിൽ തുറക്കപ്പെടുന്നു. അവന്റെ ശൈത്വാൻ ചങ്ങലകളാൽ ബന്ധിക്കപ്പെടുന്നു. ഇതാണ് ഈ ഹദീസിന്റെ യഥാർത്ഥ പൊരുൾ. ഈ ഭാഗത്തുകൂടെ നാം കൂടുതലായി ചിന്തിക്കുമ്പോൾ ആ കവാടങ്ങൾ ഏതാണെന്ന് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും.


മനുഷ്യനിൽ പഞ്ചേന്ദ്രീയങ്ങൾ എന്നറിയപ്പെടുന്ന അഞ്ച് ഇന്ദ്രീയങ്ങളുണ്ട്. ഘ്രാണശക്തി, ശ്രവണശക്തി, ദൃശ്യശക്തി, സ്പർശന ശക്തി, രുചിക്കുവാനുള്ള കഴിവ് എന്നിവയാണവ. അവ കൂടാതെ മനുഷ്യന് പ്രവേശനത്തിനും നിർഗമനത്തിനുമുള്ള മറ്റ് രണ്ട് മാർഗങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. അകത്തേക്കും പുറത്തേക്കും കടക്കാൻ കഴിയുന്ന, രണ്ട് കഴിവുകളും ഉള്ള ചില മാർഗങ്ങളും മനുഷ്യന് നൽകപ്പെട്ടിട്ടുണ്ട്. മനുഷ്യജീവിതത്തിൽ അവയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്. പ്രസ്തുത രണ്ട് കവാടങ്ങളേയും ഉൾപ്പെടുത്തുകയാണെങ്കിൽ മനുഷ്യന് ഏഴ് കവാടങ്ങൾ ആയിത്തീ രുന്നു. (ഏഴാകാശങ്ങളുടെ ഏഴ് കവാടങ്ങളായിത്തീരുന്നു) ഇത് പരിശുദ്ധ റമദാനിന്റെ അനുഗ്രഹമാകുന്നു. പ്രസ്തുത ഏഴ് കവാടങ്ങളിലും കാവലേർപ്പെടുത്താനുള്ള ആരാധനയുടെ ഏക മാർഗം ഇതു മാത്രമാണ്. ഇതല്ലാതെ മനുഷ്യന്റെ ഈ കഴിവുകളേയും മാർഗങ്ങളേയും പരിപൂർണമായി വലയം ചെയ്യുന്ന മറ്റൊരു ആരാധനയെ കുറിച്ച് നിങ്ങൾക്ക് ചിന്തിക്കുവാനേ കഴിയില്ല.

ചുരുക്കത്തിൽ നബി തിരുമേനി(സ)യുടെ വചനത്തിൽ നിന്നും മനസ്സിലാകുന്നത്, ഒരു വിശ്വാസിയുടെ ജീവിതത്തിൽ റമദാൻ പ്രവേശിക്കുമ്പോൾ, സ്വർഗത്തിലേക്കും നരകത്തിലേക്കും അവനെ കൊണ്ടു പോകാൻ കഴിവുള്ള പ്രസ്തുത ഏഴ് കഴിവുകളുടേയും മാർഗങ്ങൾ സ്വർഗത്തിലേക്ക് കൊണ്ടു പോകുന്നതിനായി സമർപ്പിക്കപ്പെടുന്നു എന്നാണ്. ഈ ഏഴ് മാർഗങ്ങളും ആകാശത്തിന്റെ കവാടങ്ങളായി മാറുന്നു. അതായത് അധപതനത്തിന് പകരമായി ഉന്നതങ്ങളിലേക്ക് കൊണ്ടു പോകുന്നതിന് സഹായകരമായിത്തീരുന്നു. ശൈത്വാന് ആ ഏഴ് മാർഗങ്ങളിലൂടെ മാത്രമാണ് മനുഷ്യനെ ആക്രമിക്കാൻ സാധിക്കുക. പറയുന്നു, അങ്ങിനെയുള്ളവരുടെ ശൈത്വാൻ ബന്ധിക്കപ്പെടുന്നു. അവന് യാതൊരു മാർഗവും ലഭിക്കില്ല. കാരണം പ്രസ്തുത ഏഴ് മാർഗങ്ങളിലും അല്ലാഹുവിന്റെ തൃപ്തിയുടെ കാവൽ ഭടൻ നിലയുറപ്പിച്ചിട്ടുണ്ട്. ഈ മൂന്ന് മാർഗങ്ങളിലും അല്ലാഹുവിന്റെ മലക്കുകൾ കാവലിരിക്കുന്നുണ്ടാകും. ശൈത്വാൻ തികച്ചും വിവശനും പരാജിതനുമായിത്തീരുന്നു. അതായത്, റമദാൻ എന്ന പരിപൂർണ ആരാധനയുടെ ഫലമായി ശൈത്വാന് മനുഷ്യമനസ്സുകളിലേക്ക് പ്രവേശിക്കുന്നതിനുള്ള ഒരു മാർഗവും അവശേഷിപ്പിക്കുന്നില്ല.

ചുരുക്കത്തിൽ മനുഷ്യൻ തന്റെ ഏഴ് കഴിവുകളെ അല്ലെങ്കിൽ മാർഗങ്ങളെ അല്ലാഹുവിന്റെ തൃപ്തിക്കധീനപ്പെടുത്തുമ്പോൾ ആകാശത്തു നിന്ന് അവനു വേണ്ടി ഏഴ് കവാടങ്ങൾ തുറക്കപ്പെടുന്നു. ഏഴ് എന്ന സംഖ്യ ഒരു Symbolic അതായത് അടയാളം ആകുന്നു. പ്രകടിപ്പിക്കാനുള്ള ഒരു മാർഗമാകുന്നു. തന്റെ എല്ലാ കഴിവുകളേയും അല്ലാഹുവിന്റെ തൃപ്തിക്കധീനമാക്കുന്ന മനുഷ്യനു വേണ്ടി അല്ലാഹുവിന്റെ എല്ലാ ശക്തികളും അനുഗ്രഹത്തിന്റെ കവാടങ്ങൾ തുറക്കുന്നു. അങ്ങിനെയുള്ളവരിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആകാശത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുമ്പോൾ അത് ഏഴായിരിക്കില്ല മറിച്ച്, അസംഖ്യം കവാടങ്ങളാണ് തുറക്കപ്പെടുക.

അതിനാൽ ഒരു വിശ്വാസി റമദാന്റെ അനുഗ്രഹഫലമായി തന്നിൽ റമദാനെ പ്രവേശിപ്പിക്കുമ്പോൾ തന്റെ എല്ലാം തന്നെ അല്ലാഹുവിന്നായി തുറന്നിടുകയും ശൈത്വാന് വേണ്ടി അടയ്ക്കുകയും ചേയ്യേണ്ടതാണ്. അങ്ങിനെയാകുമ്പോൾ അബ്‌വാബെ റഹ്മത്ത് അതായത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറക്കപ്പെടുന്നു. അത് ഏഴിന് പകരമായി (പരിപൂർണസംഖ്യ എന്ന നിലയിൽ പറയാൻ സാധിക്കുമെങ്കിലും) പ്രാവർത്തികതയിൽ അസീമിതമാണ്. എണ്ണി തിട്ടപ്പെടുത്താൻ സാധിക്കില്ല. വിശ്വാസി തന്റെ അസ്ഥിത്വത്തെ അല്ലാഹുവിന്റെ സവിധത്തിൽ സമർപ്പിക്കുമ്പോൾ അല്ലാഹുവിൽ നിന്ന് അവന്റെ മേൽ എല്ലായിടത്തു നിന്നും അനുഗ്രഹങ്ങൾ വർഷിക്കാൻ തുടങ്ങുന്നു. ഇതാണ് റമദാന്റെ അനുഗ്രഹങ്ങളെ കുറിച്ച് നമ്മെ ബോധവാന്മാരാക്കുന്നതിനായി തിരുനബി (സ) പറഞ്ഞ ഹദീസിന്റെ പൊരുൾ. (ഖുത്വുബ ജുമുഅ, 17.6.83)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*




അൽഹഖ്
വാർത്താപത്രിക
2012 ജൂലൈ
പുസ്തകം 20 ലക്കം 7


## നന്മകൾ ആർജിക്കാം

റമദാൻ വീണ്ടും സമാഗതമാവുകയാണ്. തിന്മകൾ ഒഴിവാക്കാനും നന്മകൾ ആർജിക്കാനും ഒരു പരിശീലനഘട്ടം കൂടി നമ്മെത്തേടിയെത്തുകയാണ്. അതുകൊണ്ട് തന്നെ ബുദ്ധിപൂർവം റമദാനിലെ ഓരോ നിമിഷവും വിനിയോഗിച്ചെങ്കിലേ റമദാൻ നമുക്ക് ഗുണകരമാവൂ.

ഒരിക്കൽ നബി തിരുമേനി(സ) പറയുകയുണ്ടായി, ജീവിതത്തിൽ റമദാൻ വരുകയും എന്നാൽ തെറ്റുകൾ പൊറുത്ത് കിട്ടാതിരിക്കുകയുമാണെങ്കിൽ അത് നിർഭാഗ്യമാണ്. നബി വചനങ്ങളിൽ നിന്നുതന്നെ നമുക്ക് അതിന്റെ കാര ണവും കണ്ടെത്താൻ കഴിയും, നബി(സ) പറഞ്ഞു, റമദാൻ സമാഗതമായാൽ നരകകവാടങ്ങൾ കൊട്ടിയടക്കപ്പെടുകയും സ്വർഗത്തിന്റെ വാതായാനങ്ങൾ തുറക്കപ്പെടുകയും ശയ്ത്വാൻ ബന്ധനസ്ഥനാക്കപ്പെടുകയും ചെയ്യുന്നു.

തിന്മകളിൽ നിന്ന് രക്ഷപ്പെടാൻ ഇത്രയേറെ അനുകൂല സാഹചര്യം അല്ലാഹു തന്നെ ഒരുക്കിത്തന്നിട്ടും അത് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ലെങ്കിൽ അതിലേറെ നിർഭാഗ്യം മറ്റെന്താണുള്ളത്. റമദാന്റെ ഏറ്റവും വലിയ സവിശേഷത അതിന്റെ പ്രതിഫലം അല്ലാഹു താൻ തന്നെയാണെന്നതാണ്. ചുരുക്കത്തിൽ അല്ലാഹുവിനെ ലഭിക്കാൻ അഥവാ ദൈവസാമീപ്യത്തിനുള്ള മാർഗമാണ് റമദാൻ. അമൂല്യമായ ആ വൻനിധിയെ സ്വായത്തമാക്കാൻ താൽപര്യം കാണിക്കാത്തവൻ എത്ര മാത്രം ദൗർഭാഗ്യവാനാണ്.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: എല്ലാത്തിനും കഴിവുള്ള ഒരു ദൈവം ഉണ്ടെന്ന് ഇനിയും മനസ്സിലാക്കിയിട്ടില്ലാത്തവൻ എത്രമാത്രം നിർഭാഗ്യവാനാണ്. നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉന്നതമായ അഭിരുചികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. കാരണം നാം അവനെ ദർശിച്ചിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ കണ്ടെത്തുകയും ചെയ്തിരിക്കുന്നു. ജീവൻ നഷ്ടപ്പെടുത്തിയും സ്വായത്തമാക്കേണ്ട നിധിയാണ് അവൻ. തന്റെ സർവസ്വവും ത്യജിച്ചാലേ കരഗതമാകുവെങ്കിലും വിലകൊടുത്തു വാങ്ങേണ്ട അമൂല്യരത്നമാണ് അവൻ. അല്ലയോ നിർഭാഗ്യരേ, ഈ നീരുറവയിലേക്ക് ഓടിവരുവിൻ. അത് നിങ്ങൾക്ക് ദാഹശമനം വരുത്തുന്നതാണ്. ഈ ജീവന്റെ നിർഝരി നിങ്ങളെ രക്ഷിക്കുന്നതാണ്. ഞാൻ എന്താണ് ചെയ്യുക? ഈ സുവാർത്ത ജനങ്ങളുടെ ഹൃദയങ്ങളിൽ പ്രതിഷ്ഠിക്കാൻ ഞാനെന്താണ് ചെയ്യേണ്ടത്? നിങ്ങൾക്ക് ദൈവമുണ്ട് എന്നറിയിക്കാൻ, ജനങ്ങൾ കേൾക്കാൻ ഞാൻ ഏതു ചെണ്ട കൊട്ടിയാണ് വിളംബരം നടത്തേണ്ടത്? കേൾക്കുന്നതിനു ജനങ്ങളുടെ കാതുകൾ തുറക്കാൻ ഞാൻ ഏത് ഔഷധം കൊണ്ടാണ് ചികിൽസിക്കേണ്ടത്?.. .. ..ദൈവം പ്രിയംകരമായ ഒരു നിധിയാകുന്നു. അവനെ വിലമതിക്കുവിൻ, അവൻ നിങ്ങളുടെ ഓരോ ചുവടുവപ്പിലും നിങ്ങളുടെ സഹായിയായിരിക്കുന്നതാണ്. (കിശ്തീനൂഹ്)

അല്ലാഹു നമുക്ക് റമദാന്റെ അനുഗ്രഹങ്ങളിൽ നിന്ന് ശരിയായ നിലയിൽ പ്രയോജനമെടുക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

## യുഗനാദം

ഹദ്റത് അഹ്മദ്(അ)



### നോമ്പ് ഇബാദത്ത്

നോമ്പും നമസ്കാരവും ഇബാദത്തുകളാണ്. നോമ്പ് ശരീരത്തിലും നമസ്കാരം ആത്മാവിലുമാണ് ശക്തി ചെലുത്തുന്നത്.
നോമ്പ് മുഖേന കശ്ഫുകൾ ഉണ്ടാകുന്നതാണ്. **മൽഫൂസാത്ത് 7-379**

### നോമ്പിന്റെ പ്രാധാന്യം

എന്റെ അവസ്ഥ മരണത്തോടടുക്കുമ്പോൾ നോമ്പ് ഒഴിവാക്കാമെന്നാണ്. നോമ്പ് ഒഴിവാക്കാൻ എന്റെ പ്രകൃതം ആഗ്രഹിക്കുന്നേ ഇല്ല. ഇത് അനുഗൃഹീത ദിനങ്ങളാണ്. അല്ലാഹുവിന്റെ കാരുണ്യവും അനുഗ്രഹവും ഇറങ്ങുന്ന ദിനങ്ങൾ. **മൽഫൂസാത്ത് 2-203**

### നോമ്പും യാത്രയും

വിശുദ്ധ ഖുർആൻ മനസ്സിലാക്കിത്തരുന്നത്, ഫമൻ കാന മിൻകും മരീദൻ ഔ അലാ സഫറിൻ ഫ ഇദത്തിൻ മിൻ അയ്യാമിൻ ഉമർ എന്നാണ്. അതായത്. രോഗിയും യാത്രക്കാരനും നോമ്പെടുക്കരുത്. ഇത് കൽപനയാണ്. സൗകര്യാനുസൃതം എടുക്കാനോ എടുക്കാതിരിക്കാനോ അല്ലാഹു പറഞ്ഞിട്ടില്ല. എന്റെ വീക്ഷണത്തിൽ യാത്രക്കാരൻ നോമ്പെടുക്കരുത്. സാധാരണഗതിയിൽ ജനങ്ങൾ എടുക്കാറുണ്ട്. എന്നാൽ ഒരു ശീലമെന്ന നിലക്ക് എടുക്കുകയാണെങ്കിൽ വിശ്വാസമില്ല. പക്ഷെ ഇദ്ദത്തുൽ മിൻ അയ്യാമിൻ ഉമർ എന്നതിന്റെ വീക്ഷണത്തിൽ വീണ്ടും എടുത്തുവീട്ടേണ്ടതാണ്.
**മൽഫൂസാത്ത് 1-293**

### നോമ്പിന്റെ യാഥാർഥ്യം

നോമ്പിന്റെ യാഥാർഥ്യത്തെക്കുറിച്ച് ജനങ്ങൾ അജ്ഞരാണ്..... എത്ര മാത്രം കുറച്ചു ഭക്ഷിക്കുന്നുവോ അത്രമാത്രം അംഗശുദ്ധി വരുത്താൻ കഴിയുന്നതാണ്. അല്ലാഹു ഇഛിക്കുന്നത് ഈ ഭക്ഷണം ഒഴിവാക്കി മറ്റൊന്ന് വർദ്ധിപ്പിക്കാനാണ്. **മൽഫൂസാത്ത് 9-123**

നോമ്പുകാരൻ എപ്പോഴും ശ്രദ്ധിക്കേണ്ടത്, വെറും പട്ടിണി കിടക്കുക എന്നത് മാത്രമല്ല നോമ്പെന്നും, മറിച്ച് അല്ലാഹുവിന്റെ സ്മരണയിൽ മുഴുകുകയും വേണം. അങ്ങിനെ ഭൗതികതയോട് വിരക്തിയും ഒരു വിടുതലും ഉണ്ടാവണം. **മൽഫൂസാത്ത് 9-123**

നോമ്പിന്റെ വിവക്ഷ മനുഷ്യൻ ശരീരത്തെ പുഷ്ടിപ്പെടുത്തുന്നു. ഭക്ഷണം ഒഴിവാക്കി, ആത്മാവിനെ തൃപ്തിപ്പെടുത്താനും വിശപ്പടക്കാനുള്ള ഭക്ഷണം കഴിക്കണമെന്നാണ്. അല്ലാഹുവിനെ മുൻനിർത്തി നോമ്പെടുക്കുന്നവർ ആചാരമെന്ന നിലക്ക് നോമ്പെടുക്കുന്നവർ അല്ലാഹുവിന്റെ സ്തുതിയിലും സ്തോത്രത്തിലും ഏകദൈവസാക്ഷ്യത്തിലും മുഴുകുകയും വേണം. അങ്ങിനെയാണ് ആ ... ഭക്ഷണം കിട്ടുക. **മൽഫൂസാത്ത് 7-123**

നബി(സ)ന്റെ വിയോഗം ദിവസം നോമ്പെടുക്കുന്നതും മുഹർറം 10ന് നോമ്പെടുക്കുന്നതും അനിവാര്യമല്ലെന്ന് ഹ.മസീഹ് മൗഊദ് (അ) ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. **മൽഫൂസാത്ത് 9-214,215**

**ഹദ്റത് ഖലീഫത്തുൽ മസീഹ് IV (റഹ്)**

# തഹജ്ജുദും തറാവിഹും



തഹജ്ജുദിന് റമദാനുമായി വളരെ ആഴമേറിയ ബന്ധമുണ്ട്. തഹജ്ജുദില്ലാത്ത നോമ്പ് അപൂർണ്ണവും അയഥാർത്ഥവുമാണ്. അതുകൊണ്ട് കുട്ടികൾക്ക് പ്രത്യേകമായും തഹജ്ജുദിന്റെ നിർദേശം നൽകേണ്ടതാണ്. ഒരു പോലെ ആത്മിയഭക്ഷണത്തിലേക്കും ഭൗതികഭക്ഷണത്തിലേക്കും ശ്രദ്ധ ചെലുത്തേണ്ടതാണ്.

വളരേ ചെറുപ്പത്തിൽ തന്നെ മാതാപിതാക്കളുടെ ശരിയായ ശിക്ഷണത്തിൽ നിന്നും അത് അവർക്ക് കിട്ടിയിരുന്നു. അതുകൊണ്ട് തന്നെ ഖാദിയാനിൽ നിന്നും വളർന്നുവലുതായ പരമ്പരകളിൽ തഹജ്ജുദും റമദാനും അവരിൽ നിന്നും വിട്ടുപിരിയാത്ത ഒരു ബന്ധം തന്നെയുണ്ട്. തഹജ്ജുദ് ഇല്ലാതെയും നോമ്പ് പിടിക്കാമെന്ന് ആരും ചിന്തിച്ചിട്ടുപോലുമുണ്ടായിരുന്നില്ല. തഹജ്ജുദ് നമസ്കരിക്കാൻ മാത്രമല്ല മറിച്ച് ഖുർആൻ പാരായണം കേൾക്കാൻ ആഗ്രഹിച്ചിരുന്ന മറ്റു ചിലരും അവരിൽ ഉണ്ടായിരുന്നു.

## തറാവിഹ് ആത്മീയ പുരോഗതിക്ക്

തറാവിഹ് നമസ്കാരം ഹ.ഉമർ (റ) ന്റെ കാലഘട്ടത്തിലാണ് തുടങ്ങിയതെന്ന് ചില നിവേദനങ്ങളിൽ വരുന്നു. പിൽക്കാലത്ത്, പ്രത്യേകിച്ചും ഉമർ(റ) നെ ഇഷ്ടപ്പെടാതിരുന്നവർ ഇതു സംബന്ധമായി ആരോപണങ്ങൾ ഉന്നയിച്ചു തുടങ്ങി. അവർ ആക്ഷേപമെന്ന നിലക്ക് തറാവിഹ് നമസ്കാരത്തെ ഉമർ(റ) ന്റെ സുന്നത്തായി പറയാൻ തുടങ്ങി. യഥാർത്ഥ്യത്തിൽ തറാവിഹ് ഹ. മുഹമ്മദ് മുസ്തഫാ(സ)ന്റെ കാലത്ത് തന്നെ ആരംഭിച്ചിരുന്നു. നബി(സ) തിരുമേനി പരിശുദ്ധ റമദാനിൽ ജമാഅത്തായി നഫൽ നമസ്കരിച്ചിരുന്നു. കുറച്ചു ദിവസം ഇതു തുടർന്നെങ്കിലും ഉമ്മത്ത് ഇത് ഫർളായി മനസ്സിലാക്കിയാലോ എന്ന് കരുതി പിന്നീട് ഉപേക്ഷിക്കുകയാണുണ്ടായത്.

ഏതായിരുന്നാലും ഈ സുന്നത്തിന്റെ ആരംഭം നബി(സ) തിരുമേനി തന്നെയാണ് തുടങ്ങിവെച്ചത്. ജോലി ചെയ്ത് ക്ഷീണം കൊണ്ട് രാവിലെ എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കാൻ കഴിയാതെ പോകുന്ന തൊഴിലാളികൾക്ക് വേണ്ടി രാവിലെ തഹജ്ജുദിന് പകരം നേരത്തേ തന്നെ നമസ്കരിക്കാനുള്ള സംവിധാനം ഉണ്ടാക്കുക മാത്രമാണ് ഹ.ഉമർ (റ) ചെയ്തത്. ആ കാലത്ത് തറാവിഹ് 20 റക്അത്തുകളൊക്കെ നമസ്കരിക്കാറുണ്ടായിരുന്നു. നബി(സ) തിരുമേനിയുടെ സുന്നത്ത് 8 റക്അത്ത് നമസ്കരിക്കുകയും പിന്നീട് വിത്റിന്റെ 2 റക്അത്തും വീണ്ടും എല്ലാ നമസ്കാരങ്ങളേയും വിത്റാക്കുന്നതിനു വേണ്ടി ഒരു റക്അത്ത് നമസ്കരിക്കുകയുമായിരുന്നു പതിവ്. 11 റക്അത്തുകളുടെ സുന്നത്ത് തെളിയിക്കപ്പെട്ടതാണ്. അതുകൊണ്ട് തന്നെ അഹ്മദിയ്യാ ജമാഅത്തും ഈ രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നത്.

## തറാവിഹും തിരുസുന്നത്താണ്

ഖാദിയാനിലും ഞങ്ങൾക്ക് 11 റക്അത്തുകൾ തന്നെയാണ് പഠിപ്പിച്ചിരുന്നത്. ... ഉദാഹരണമായി നാല് നഫൽ റകത്തുകളും പിന്നീട് രണ്ടും ഒന്നുമായി വിത്റിന്റെ മൂന്ന് റകഅത്തുകളും അങ്ങിനെ ആകെ 7 റക് അത്തുകളും നമസ്കരിച്ചിരുന്നതായും രേഖപ്പെട്ടിട്ടുണ്ട്. അതിനാൽ കുട്ടികൾക്ക് 11 റക്അത്തുകളും നമസ്കരിക്കാൻ തൗഫീഖ് ലഭിക്കുന്നില്ല എങ്കിൽ ഈ 7 റക്അത്തുകളുടെ നഫൽ നമസ്കരിക്കാൻ തുടങ്ങേണ്ടതാണ്. തറാവിഹ് റസൂൽ തിരുമേനി(സ)യുടെ സുന്നത്തായിരുന്നുവെന്നും പറഞ്ഞുകൊടുക്കുക. അങ്ങിനെ അവരുടെ മനസ്സുകളിൽ നഫലുകളോട് കൂടുതൽ സ്നേഹമുണ്ടാകുന്നതാണ്. നമ്മുടെ പ്രിയങ്കരനായ നബി(സ) തിരുനബി ഇങ്ങിനെ ചെയ്യാറുണ്ടായിരുന്നതിനാലാണ് ഞാനും ഇത് അനുഷ്ഠിക്കുന്നത് എന്ന കാര്യം അവരുടെ മനസ്സിൽ കുടികൊള്ളുകയും ചെയ്യുന്നതാണ്. ഇത് തർബിയത്തിന്റെ വളരെ നല്ല ഒരു അവസരമാണ്. ഇങ്ങിനെ കുട്ടികൾക്ക് ഇത് പഠിപ്പിച്ചു കൊടുക്കുകയാണെങ്കിൽ ഇത് വലിയ ബുദ്ധിമുട്ടുള്ള കാര്യമാവുകയുമില്ല......

തറാവിഹ് സംവിധാനമുള്ള സ്ഥലങ്ങളിലേക്ക് തൗഫീക്കനുസരിച്ച് ആരെയെങ്കിലും കൊണ്ടുവരാൻ സാധിക്കുമെങ്കിൽ കൊണ്ടുവരേണ്ടതാണ്. പിന്നെ ഇവിടുത്തെ (ബൈത്തുസിക്കർ) കാര്യം പറയുകയാണെ ങ്കിൽ ഇവിടെ തറാവിഹിനുള്ള സംവിധാനമുണ്ട്. എന്നാൽ തറാവിഹ് നമസ്കാരത്തിൽ ദിവസവും ഒരു ജൂസുവോ അതിൽ കൂടുതലോ ഓതി 29 ദിവസങ്ങളിൽ ഖുർആൻ പൂർത്തിയാക്കണമെന്ന കാര്യം നിർബന്ധമാക്കപ്പെട്ടതല്ല. അതുപോലെ തന്നെ അങ്ങിനെയല്ലാതെ തറാവിഹ് പൂർണ്ണമാവില്ല എന്നു കരുതേണ്ടതില്ല. തറാവിഹ് തഹജ്ജുദിന് പകരമായിട്ടുള്ളതാണ്. അതായത് നിങ്ങൾ തഹജ്ജുദിന് എഴുന്നേറ്റ് നമസ്കരിക്കേണ്ടതിന് പകരം രാത്രി തന്നെ നമസ്കരിക്കുന്നു എന്നു മാത്രം.

## തഹജ്ജുദും ഖുർആൻ പാരായണവും

തഹജ്ജുദിനെ കുറിച്ച് ഖുർആൻ നൽകുന്ന അടിസ്ഥാനപരമായ അധ്യാപനം നിങ്ങളുടെ അറിവനുസരിച്ച് ഖുർആൻ ഓതുക എന്നുള്ളതാണ്. അറിയുന്നത് ഓതുക എന്നതിനർത്ഥം അവരവരുടെ തൗഫീഖിന്റെയും അറിവിന്റേയും അടിസ്ഥാനത്തിലാണ്. നിങ്ങൾക്ക് എത്ര ഓർമ്മയുണ്ടോ, അതനുസരിച്ച് ഓതാവുന്നതാണ്. അല്ലാതെ ഖുർആൻ തുറന്നുവച്ച് നമസ്കാരത്തിൽ ഓതാനുള്ള അനുവാദമില്ല. ഈ സുന്നത്ത് ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിൽ തന്നെ ആരംഭിച്ചിരുന്നു. അതിൽ കൂടുതൽ ഭംഗിയാക്കാനായി ഹദ് റത് ഉമർ(റ) ഇങ്ങിനെ പറഞ്ഞു: ജമാഅത്തായി തന്നെ തറാവിഹ് നമസ്കാരത്തിനുള്ള സംവിധാനമുണ്ടാക്കുകയാണെങ്കിൽ എന്തുകൊണ്ട് ഒരു ഖാരിയെ നിയമിച്ചുകൂടാ? അതുകൊണ്ട് മനോഹരമായി ഖുർആൻ ഓതുന്ന ഖാരിയെ അദ്ദേഹം നിയമിച്ചു. എന്നാൽ അദ്ദേഹവും ഖുർആൻ പൂർണ്ണമായും ഓതുന്നുണ്ട് എന്നതിന് വ്യക്തമായ തെളിവൊന്നും തന്നെയില്ല. മറിച്ച് അദ്ദേഹത്തിന് ഖുർആൻ മുഴുവനായും ഹൃദിസ്ഥമായിരിക്കുമെന്നും മുഴുവൻ ഓതാറുണ്ടായിരിക്കുമെന്നും അനുമാനിക്കുകയാണ് ചെയ്യുന്നത്. അതിനാൽ ഖുർആൻ മുഴുവനായി തറാവിഹ് നമസ്കാരത്തിൽ ഓതിതീർക്കുക എന്നത് നിർബന്ധമുള്ള കാര്യമല്ല. ഇന്ന് മുസ്‌ലിംകളിൽ ചില അനാചാരങ്ങൾ ഉടലെടുക്കാൻ തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് തന്നെ ചില സ്ഥലങ്ങളിൽ ഖുർആൻ മുന്നിൽ തുറന്നുവെച്ചുകൊണ്ട് അത് നോക്കി ഓതി തറാവിഹ് നമസ്കരിക്കുന്നു...... ചിലയാളുകൾക്ക് ചില സൂറത്തുകൾ മറ്റു ചിലർക്ക് വേറെ ചില സൂറത്തുകളും മനപാഠമായിരിക്കും. അതുകൊണ്ട് തറാവിഹ് നമസ്കരിപ്പിക്കുന്നതിന് ഒരാളെ തന്നെ ചുമതലപ്പെടുത്തുന്നതിന് പകരം ജമാഅത്ത് ഈ കാര്യം വിശകലനം നടത്തി ആർക്ക് എത്ര ത്തോളം മനപാഠമാണ് എന്ന് മനസ്സിലാക്കി മറ്റു സഹോദരന്മാർക്കും അവസരങ്ങൾ നൽകാവുന്നതാണ്. ഈ സമയങ്ങളിൽ ഖുർആൻ കൂടുതൽ കൂടുതലായി കേൾപ്പിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്.

*മശ്അലെ രാഹ് ഭാഗം 3*
*വിവ. എ.നസീം അഹ്മദ് ചേലക്കര*

# ഹദ്റത്ത് മുഅ്സബ് (റ) ഇബ്നു ഉമൈർ

**ഖുറൈശി വംശജൻ. മാതാവ്: ഹനാസ് ബിൻത് മാലിക്. മക്കയിലെ ധനാഢ്യകുടുംബം. ഏറ്റവും സുഗന്ധമുള്ള അത്തർ ഉപയോഗിക്കുന്ന കാരണത്താൽ മക്കയിലെ ഏറ്റവും പരിമളമുള്ള വ്യക്തി എന്നറിയപ്പെട്ടിരുന്നു. നബി (സ) അദ്ദേഹത്തെ നോക്കിക്കൊണ്ട് പറയുമായിരുന്നു, ഞാൻ മുഅ്സബിനേക്കാൾ കൂടുതൽ സുന്ദരനും സുഖസമൃദ്ധിയിൽ വളരുകയും ചെയ്ത മറ്റൊരാളെയും കണ്ടിട്ടില്ല.**

## ഇസ്ലാം ആശ്ലേഷണവും പരീക്ഷണങ്ങളും

നബി (സ) ദാറുൽ അർഖമിൽ ആയിരുന്ന പ്രാരംഭകാലത്തിൽ തന്നെ 27–ാം വയസ്സിൽ അദ്ദേഹം ഇസ്ലാം മതം സ്വീകരിച്ചു. മാതാവിന്റേയും സമുദായത്തിന്റേയും എതിർപ്പുണ്ടാകുമെന്ന ആശങ്കയാൽ ആരംഭത്തിൽ അത് മറച്ചു വെച്ചു. എന്നാൽ ഒരിക്കൽ അദ്ദേഹം നമസ്കരിക്കുന്നത് കണ്ട ഉസ്മാനിബ്നു ത്വൽഹ അദ്ദേഹത്തിന്റെ ഉമ്മയോട് വിവരം പറഞ്ഞു. മാതാപിതാക്കൾ അദ്ദേഹത്തെ തടവിലാക്കി.

## ഹിജ്റത്ത്

വളരെ ബുദ്ധിമുട്ടി തടവിൽ നിന്ന് രക്ഷപ്പെട്ട അദ്ദേഹം ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തു. കുറച്ചുകാലത്തിനുശേഷം മക്കയിലെ എതിർപ്പുകൾ അവസാനിച്ചു എന്ന കിംവദന്തിയിൽ മക്കയിലേക്ക് മടങ്ങിയ അദ്ദേഹത്തെ വീട്ടുകാർ വീണ്ടും പ്രലോഭിപ്പിക്കാൻ ശ്രമിച്ചു. വൈദേശികതയും, യാത്രാക്ലേശങ്ങളും, പ്രയാസങ്ങളും, ദുരിതങ്ങളും, ലാളനയാൽ പരിപാലിക്കപ്പെട്ട ആ സുന്ദരപുരുഷന്റെ സൗന്ദര്യത്തിൽ മങ്ങലേൽപ്പിച്ചിരുന്നു. എന്നിരുന്നാലും സഹനത്തിന്റേയും സ്ഥൈര്യത്തിന്റേയും കോന്തല ഉപേക്ഷിക്കാതെ ഇസ്ലാമിൽ തന്നെ ഉറച്ചു നിന്നു. ശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ മാതാവ് അദ്ദേഹത്തെ അദ്ദേഹത്തിന്റെ വഴിക്ക് വിടുകയുണ്ടായി.

## മുബല്ലിഗായി മദീനയിലേക്ക്

നുബുവ്വത്തിന്റെ 11–ാം വർഷത്തിൽ ഹജ്ജ് കാലത്ത് 12 മദീനവാസികൾ ഉഖ്ബ എന്ന സ്ഥലത്ത് വെച്ച് ബയ്അത്ത് ചെയ്തു. തുടർന്ന് മദീനയിലെ നവമുസ്ലിംകളുടെ ശിക്ഷണത്തിനായി നബി(സ) മുഅ്സബ്(റ)നെ മദീനയിലേക്കയച്ചു. അദ്ദേഹം മദീനയിലെത്തി അവിടുത്തെ നേതാവായ സഅദ് (റ) ഇബ്നു സറാറയുടെ വീട്ടിൽ താമസമാക്കി. മദീനയിലെത്തിയ ഉടൻ തന്നെ അദ്ദേഹം ഖുർആൻ പഠന ക്ലാസ്സ് ആരംഭിച്ചു. നമസ്കാരത്തിൽ ഇമാമത്ത് വഹിക്കാനും തുടങ്ങി.

## മദീനയിലെ ആദ്യ ജുമുഅ

മദീനയിൽ ജുമുഅ നമസ്കാരം ആരംഭിക്കുന്നതിന് അനുവാദത്തിനായി അദ്ദേഹം നബി(സ) യ്ക്ക് കത്തെഴുതി. അതിന് അനുമതി നൽകിക്കൊണ്ട് തിരുനബി (സ) ഇപ്രകാരം മറുപടി അയച്ചു, യഹൂദികൾ സബത്ത് വിളംബരപ്പെടുത്തുന്ന ദിനത്തിൽ സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്ന് തെറ്റിയ ശേഷം രണ്ട് റകഅത്ത് നമസ്കരിച്ച് ഖുത്വുബ നൽകുക. അങ്ങിനെ മദീനയുടെ ചരിത്രത്തിലെ ആദ്യ ജുമുഅയ്ക്ക് അദ്ദേഹം നേതൃത്വം നൽകി. സഅദ് (റ) ഇബ്നു ഖൈസിന്റെ ഭവനത്തിൽ നടന്ന ആ ജുമുഅയിൽ 12 പേരാണ് പങ്കെടുത്തത്. ആദ്യ ജുമുഅയുടെ സന്തോഷത്തിൽ ഒരാടിനെ അറുക്കുകയുമുണ്ടായി.

## കർമനിരതനായ മുബല്ലിഗ്

ഇസ്ലാമിന്റെ ആദ്യ മുബല്ലിഗെന്ന നിലയിൽ അദ്ദേഹം തബ്ലീഗിന്റെ എല്ലാ അവകാശങ്ങളും പൂർത്തിയാക്കി. നിസ്തുലമായ സ്നേഹം, ത്യാഗസന്നദ്ധത, ഉദ്ദേശ്യശുദ്ധി, ആത്മാർത്ഥത എന്നീ ഗുണങ്ങളാൽ അദ്ദേഹം മദീനാവാസികളുടെ ഹൃദയം കീഴടക്കി. കൂട്ടത്തോടെ അവർ ഇസ്ലാമിലേക്ക് ആകൃഷ്ടരായി. അല്പകാലത്തിനുള്ളിൽ തന്നെ മദീനയിലെ എല്ലാ വീടുകളിലും ഇസ്ലാമിന്റെ സന്ദേശം എത്തി. വിവിധങ്ങളായ സ്ഥലങ്ങളിൽ തബ്ലീഗിന്റെ സദസ്സുകൾ സംഘടിപ്പിച്ചുകൊണ്ട് ഇസ്ലാമിന്റെ സുന്ദര സന്ദേശം ജനങ്ങളിലേക്ക് എത്തിച്ചു. അദ്ദേഹത്തിന്റെ തബ്ലീഗിന്റെ ഫലമായിട്ടു തന്നെയാണ് സഅദ് (റ) ഇബ്നു മആസ് പോലെയുള്ള മദീനയിലെ ഗോത്രതലവന്മാർ ഇസ്ലാം ആശ്ലേഷിച്ചത്. അടുത്ത വർഷം ഹജ്ജ് വേളയിൽ മക്കയിലെത്തിയ അദ്ദേഹത്തോടൊപ്പം 75 അൻസാരികളും ഉണ്ടായിരുന്നു. അവർ മക്കയിൽ വെച്ച് ബയ്അത്ത് ചെയ്യുകയുണ്ടായി.

## നബി(സ)യോടുള്ള നിസ്തുലസ്നേഹം

മക്കയിലെത്തിയ അദ്ദേഹം തന്റെ മാതാവിനെ സന്ദർശിക്കുന്നതിന് പകരം നേരെ തിരുനബി(സ)യുടെ അടുക്കലേക്കാണ് പോയത്. മദീനയിലെ എല്ലാ അവസ്ഥയെക്കുറിച്ചും നബി(സ)യ്ക്ക് വിശദമാക്കികൊടുക്കുകയുണ്ടായി. അത്കേട്ട് നബി (സ) വളരെ സന്തോഷിക്കുകയും ചെയ്തു. മക്കയിലെത്തിയ മകൻ ആദ്യമെ തന്നെ കാണാൻ വന്നില്ല എന്ന പരിഭവം മകനെ അറിയിച്ചപ്പോൾ മക്കയിൽ നബി(സ)യ്ക്കു മുമ്പേ ആരെ കാണുന്നതും എനിക്കിഷ്ടമല്ല എന്ന് മറുപടി പറഞ്ഞു. മാതാവിനെ സത്യദീനിലേക്ക് ക്ഷണിച്ചതിന് ശേഷമാണ് അദ്ദേഹം അവിടെ നിന്ന് മടങ്ങിയത്. കുറച്ചുകാലം തിരുനബി(സ)യോടൊപ്പം കഴിഞ്ഞതിനു ശേഷം വീണ്ടും അദ്ദേഹം മദീനയിലേക്ക് മടങ്ങി.

## ഇസ്ലാമിക പതാകയേന്തുന്നു

ബദ്റ് യുദ്ധവേളയിൽ നബി(സ) മുഹാജിരിംകളുടെ വലിയ പതാക അദ്ദേഹത്തിന് നൽകി ആദരിക്കുകയുണ്ടായി. യുദ്ധത്തിൽ അദ്ദേഹം ആ പതാകയെ സംരക്ഷിക്കുകയുണ്ടായി.

ഉഹദ് യുദ്ധത്തിലും ഇസ്ലാമിക പതാകവാഹകൻ എന്ന ബഹുമതി നബി (സ) അദ്ദേഹത്തിന് തന്നെ നൽകി ആദരിച്ചു. ഉഹദ് യുദ്ധത്തിൽ അദ്ദേഹം വളരെ ധീരതയോടു കൂടി തന്നെ പോരാടി. ശത്രുക്കളുടെ അപ്രതീക്ഷിത ആക്രമണത്തിൽ മുസ്ലിംകൾ ചിതറിപ്പോയപ്പോൾ ഇസ്ലാമിക പതാകയുമേന്തി ശത്രുക്കളുടെ ശക്തമായ ആക്രമണത്തെ പ്രതിരോധിച്ചുകൊണ്ട് മൈതാനത്ത് നിലയുറപ്പിക്കുകയുണ്ടായി. ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട നബി(സ)യെ സംരക്ഷിക്കുന്നതിന്നായി നബി (സ)യുടെ മുന്നിലും പിന്നിലും നിന്ന് അദ്ദേഹം അടരാടുകയുണ്ടായി.

## ശഹാദത്ത്

ഇസ്ലാമിക പതാകയുമേന്തി നബി(സ)യുടെ പാർശ്വങ്ങളിൽ നിന്ന് പോരാടുകയായിരുന്ന അദ്ദേഹത്തിന്റെ പതാകയേന്തിയ വലതുകൈ അബ്ദുല്ലാ ഹിബ്നു ഖുമൈഹ എന്ന കുതിരപ്പടയാളി വെട്ടിമുറിച്ചു. അപ്പോൾ വമാ മുഹമ്മദുൻ ഇല്ലാ റസൂലുൻ എന്ന ഖുർആനിക വചനം ഓതിക്കൊണ്ട് പതാക ഇടതുകൈ കൊണ്ട് മുറുക്കിപ്പിടിച്ചു. അപ്പോൾ ഇടതു കൈയും മുറിച്ചു മാറ്റി. അന്നേരം വീണ്ടും അതേ വചനം ഓതിക്കൊണ്ട് പതാകയെ മാറോട് ചേർത്ത് മുറിഞ്ഞ കൈകളാൽ താങ്ങിപ്പിടിച്ചു. കുതിരപ്പുറത്തു നിന്നിറങ്ങിയ ശത്രു കുന്തം കൊണ്ട് അദ്ദേഹത്തെ കുത്തി. അത് അദ്ദേഹത്തിന്റെ മാറിടത്തിലൂടെ തുളഞ്ഞ് മറുഭാഗത്ത് എത്തി. അതോടൊപ്പം അദ്ദേഹം താഴെ വീഴുകയും ചെയ്തു. അപ്പോഴും പതാക നിലത്തു വീഴാതിരിക്കാൻ

11

## കർമശാസ്ത്രം

# ഇഅ്ത്തികാഫ് എന്ത്? എങ്ങിനെ?

**പള്ളിയില്ലാത്ത സ്ഥലങ്ങളിൽ വീട്ടിൽ ഇഅ്ത്തികാഫിരിക്കാൻ അനുവാദമുണ്ടോ?**

സാധാരണ പള്ളിയുടെ സൗകര്യം ലഭ്യമല്ലെങ്കിൽ, ഉദാഹരണത്തിന്, ഒരഹ്മദി ഒറ്റക്ക് താമസിക്കുന്ന സ്ഥലങ്ങളിലോ തദ്ദേശ ജമാഅത്തിലുള്ളവർ ഏതെങ്കിലും സഹോദരന്റെ വീട്ടിലോ ആണ് നമസ്ക്കാരമനുഷ്ഠിക്കുന്നതെങ്കിൽ അന്നേരം തന്റെ ഭവനത്തിൽ പൊതുവെ നമസ്ക്കാരമനുഷ്ഠിക്കുന്നതിന്നായി പ്രത്യേകമാക്കിയ സ്ഥലത്ത് ഇഅ്ത്തികാഫ് ഇരിക്കാവുന്നതാണ്. നിർബന്ധിതാവസ്ഥയെ സംബന്ധിച്ച് അല്ലാഹു അറിയുകയും അവൻ ദാസന്റെ നിയ്യത്തിന്റെ അടിസ്ഥാനത്തിൽ കർമ്മങ്ങൾക്ക് പ്രതിഫലം നൽകുകയും ചെയ്യുന്നു. .......... ഒരിടത്ത് പള്ളിയോ അഥവാ പള്ളിയിൽ സ്ത്രീകൾക്ക് കഴിയാനുള്ള ഉചിതമായ സംവിധാനമോ ഇല്ലെങ്കിൽ വീട്ടിൽ പ്രത്യേകസ്ഥലം നിശ്ചയിച്ച് കൊണ്ട് അവിടെ ഇഅ്ത്തിക്കാഫ് ഇരിക്കാവുന്നതാണ്. കഴിയുമെങ്കിൽ ഓരോ അഹ്മദീ വീട്ടിലും മസ്ജിദുൽ ബൈത്ത് (വീട്ടിലെ മസ്ജിദ്) എന്ന നിലയിൽ ഒരു സ്ഥലമുണ്ടായിരിക്കേണ്ടതാണ്. വീട്ടിലെ സ്ത്രീകൾ അവിടെ വെച്ച് നമസ്ക്കാരമനുഷ്ഠിക്കുകയും പുരുഷന്മാർ അവിടെ വെച്ച് സുന്നത്തുകളും നഫലുകളും നിർവ്വഹിക്കുകയും പ്രയാസമുണ്ടാകുമ്പോൾ ഏകാന്തതയിൽ പ്രാർത്ഥനയിൽ കഴിച്ച് കൂട്ടുകയും ചെയ്യേണ്ടതാണ്. ഈ രീതി വലിയ അനുഗ്രഹങ്ങൾക്ക് നിമിത്തമായിത്തീരുന്നു. അധിക സഹാബാക്കളും ഇതനുസരിച്ച് പ്രവർത്തിച്ചിരുന്നു.

**ചോദ്യം:- ഇഅ്ത്തികാഫ് ഇരിക്കുന്നയാൾക്ക് അനിവാര്യ ആവശ്യങ്ങൾക്ക് വേണ്ടി പള്ളിയിൽ നിന്നും പുറത്ത് പോകാവുന്നതാണെന്ന് ഹദീസിൽ വന്നിട്ടുണ്ട്. ഈ അനിവാര്യ ആവശ്യങ്ങൾ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?**

ഉ:- ഹദീസ്വാക്യം ഇപ്രകാരമാണ്. അതായത് നബി (സ) തിരുമേനി ഇഅ്ത്തിക്കാഫിന്റെ അവസരങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്ക് വേണ്ടി മാത്രമേ വീട്ടിൽ പോകാറുണ്ടായിരുന്നുള്ളൂ. മനുഷ്യന്റെ അനിവാര്യ ആവശ്യങ്ങളുടെ ഒരു വിവക്ഷ ശൗച്യാലയത്തിൽ പോകുക എന്നുള്ളതാണ്. മസ്ജിദിന് വെളിയിൽ പോകാൻ നിർബന്ധിതമായിത്തീരുന്ന ഒരാവശ്യമാണ് ഇതെന്നതിൽ ഉലമാക്കളെല്ലാം ഏകാഭിപ്രായക്കാരാണ്. അതേ പ്രകാരം ജുമുഅ നടക്കാത്ത തദ്ദേശ പള്ളിയിലാണ് ഇഅ്ത്തിക്കാഫ് ഇരിക്കുന്നതെങ്കിൽ ജുമുഅ നമസ്ക്കാരം നിർവ്വഹിക്കുന്നതിനായി ജാമിഅ മസ്ജിദിൽ പോകാനും അനുവാദമുണ്ട്.ഇതും മനുഷ്യന്റെ അനിവാര്യ ആവശ്യങ്ങളായി ഗണിക്കപ്പെട്ടിരിക്കുന്നു. ഇത് കൂടാതെയുള്ള മറ്റ് ആവശ്യങ്ങൾക്കായി പുറത്ത് പോകുന്നതിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഉദാഹരണത്തിന് ദർസുൽ ഖുർആൻ,ഇജ്ത്തിമാഈ പ്രാർത്ഥനയിൽ സംബന്ധിക്കുക, മുടി വെട്ടാൻ പോകുക, ഭക്ഷണം കഴിക്കുക(വീട്ടിൽ നിന്നും ആരും കൊണ്ടുവരാനില്ലാത്ത നിർബന്ധിതാവസ്ഥയിൽ പോയി ഭക്ഷണം കഴിക്കുക. ജനാസ നമസ്ക്കാരത്തിൽ പങ്കെടുക്കുക. രോഗിയെ സന്ദർശിക്കുക തുടങ്ങിയവ. അധികമാളുകളും പ്രസ്തുത ആവശ്യങ്ങൾക്കായി പള്ളിയിൽ നിന്ന് പുറത്ത് പോകാൻ അനുവാദമില്ലെന്ന് കരുതുന്നു. ഇഅ്ത്തിക്കാഫിന്റെ അന്തസത്ത ആവശ്യപ്പെടുന്നതും പ്രസ്തുത ആവശ്യങ്ങൾക്കൊന്നും പുറത്ത് പോകാതെ പൂർണ്ണമായ ഒരു വിച്ഛേദനാവസ്ഥ തന്റെ മേൽ ഉണ്ടാക്കണമെന്നാണ്. ഇത്തരത്തിലുള്ള താൽപര്യങ്ങളും ആഗ്രഹങ്ങളും ത്യജിക്കാനുള്ള ശീലമുണ്ടാക്കുന്നതിനായി പരിശ്രമിക്കേണ്ടതുമാണ്..... പൂർണ്ണ വിച്ഛേദനാവസ്ഥ ഇഅ്ത്തിക്കാഫിന്റെ ഉയർന്ന നിലയാകുന്നു. ഹ: ആയിശാ(റ) പറയാറുണ്ടായിരുന്നു. സുന്നത്ത് അഥവാ നബി(സ)യുടെ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ ഇഅ്ത്തിക്കാഫ് ഇരിക്കുന്നയാൾ മസ്ജിദിന് വെളിയിൽ പോകരുത്. രോഗിയെ സന്ദർശിക്കുന്നതിനോ ജനാസയിൽ സംബന്ധിക്കുന്നതിനോ പോകാവതല്ല. എന്നാൽ അടിയന്തിര ആവശ്യങ്ങൾക്കായി പോകാവുന്നതാണ്. ഇതിന്റെ ഉദ്ദേശ്യം ശൗച്യാലയത്തിൽ പോകാമെന്നുള്ളതാണ്.....

നബി (സ) തിരുമേനിയുടെ നടപടിക്രമത്തിനനുഗുണമായിട്ടുള്ളതാണ് സുന്നത്തായ ഇഅ്ത്തിക്കാഫ്. ഹദീസുകളിൽ നിന്ന് സ്ഥാപിതമാകുന്നത് ഇതാണ്. റമദാനിലെ അവസാന പത്തിൽ അവിടുന്ന് നോമ്പനുഷ്ഠിച്ച് കൊണ്ട് പള്ളിയിൽ കഴിച്ച് കൂട്ടുകയും പ്രാഥമിക കൃത്യങ്ങൾക്കല്ലാതെ മറ്റൊരാവശ്യത്തിനും പുറത്ത് പോകാതിരിക്കുകയും ചെയ്തിരുന്നു. ഇത് തികവുറ്റതും സുന്നത്തിന്റെ അടിസ്ഥാനത്തിലുള്ളതുമായ ഇഅ്ത്തിക്കാഫ് ആകുന്നു. എന്നാൽ വല്ലവർക്കും തങ്ങളുടെ അവസ്ഥയും സാഹചര്യവുമനുസരിച്ച് ഒഴിവ് ലഭിക്കുന്നില്ലെങ്കിൽ ഇതിൽ കുറവ് വരുത്താവുന്നതാണ്. ഉദാഹരണത്തിന്, ഒരാൾക്ക് പത്ത് ദിവസം പൂർണ്ണമായും ഇഅ്ത്തിക്കാഫ് ഇരിക്കാൻ സാധിക്കുന്നില്ലെങ്കിൽ കഴിയുന്നതനുസരിച്ച് ഏഴോ എട്ടോ ഒൻപതോ ദിവസം ഇഅ്ത്തിക്കാഫ് ഇരിക്കുകയാണെങ്കിലും ദൈവസമക്ഷം അയാൾ പ്രതിഫലത്തിനർഹനായിത്തീരും. അത്പോലെ നോമ്പനുഷ്ഠിക്കാൻ കഴിയാത്ത ഒരാൾ ദൈവസ്മരണയിൽ മുഴുകിക്കൊണ്ട് തന്റെ സമയം മസ്ജിദിൽ ചെലവഴിക്കുകയാണെങ്കിലും അയാളുടെ പരിശ്രമത്തിനനുസരിച്ചുള്ള പുണ്യം കരഗതമാക്കാവുന്നതാണ്. ദിനം മുഴുവനും ഇഅ്ത്തിക്കാഫനുഷ്ഠിക്കാൻ കഴിയാത്തവരുടെ അവസ്ഥയും ഇത് തന്നെയാണ്. പള്ളിയിൽ ഇബാദത്തിനായി ലഭിക്കുന്ന നിമിഷങ്ങളത്രയും അവർക്ക് സൗഭാഗ്യത്തിനുള്ള നിമിഷങ്ങളായിത്തീരുന്നതാണ്.

(അവ: ഫിഖ്ഹ് അഹ്മദിയ്യാ)

ആശയാനുവാദം: ടി.കെ.മഹ്മൂദ് കൽകുളം

---

ആവുന്നത് ശ്രമിച്ചു. അന്നേരം അദ്ദേഹത്തിന്റെ സഹോദരനും മറ്റൊരു മുസ്ലിമും എത്തി ആ പതാകയെ ഏറ്റെടുത്തു. അങ്ങിനെ അവസാന നിമിഷത്തിലും ഇസ്ലാമിക പതാകയെ ഉയർത്തിപ്പിടിക്കാനുള്ള അദ്ദേഹത്തിന്റെ ശ്രമം വിജയിക്കുകയുണ്ടായി.

### നബി (സ) സലാം എത്തിക്കുന്നു

യുദ്ധാനന്തരം അദ്ദേഹത്തിന്റെ മൃതശരീരത്തിനടുത്തെ ത്തിയ നബി(സ) മിനൽ മുഅ്മിനീന രിജാലുൻ സദഖൂ.. എന്ന് തുടങ്ങുന്ന ഖുർആനിക വചനം ഓതി. അതായത് വിശ്വാസികളിൽ ചിലർ തങ്ങളുടെ വാഗ്ദാനം പൂർത്തിയാക്കി. എന്നിട്ട് സ്വഹാബാക്കളോട് പറഞ്ഞു, എന്റെ സഹചരന്മാരെ, മുഅ്സബിന്റെ ജനാസയെ സന്ദർശിക്കുക. അദ്ദേഹത്തിന് സലാം പറയുക. എന്റെ ജീവൻ ആരുടെ കയ്യിലാണോ അവനാണേ സത്യം, ഖിയാമത്ത് നാൾ വരെ അദ്ദേഹത്തിന് സലാം പറയുന്നവർക്ക് അദ്ദേഹം മറുപടി പറയുന്നതാണ്. അല്ലയോ മുഅ്സബ് ഇബ്നു ഉമൈർ! നിനക്ക് സലാം. അല്ലയോ ഇസ്ലാമിന്റെ മുബല്ലിഗും, ഇസ്ലാമിക പതാകയുടെ ആത്മാർത്ഥ സംരക്ഷകനുമേ, നിനക്ക് ആയിരമായിരം സലാം.

*(അവ: സീറത്ത് സഹാബ*

*ഹാഫിസ് മുസഫർ അഹ്മദ് സാഹിബ്)*

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*

---

**IT WOULD BE DIFFICULT TO NAME ANY RELIGIOUS SYSTEM OF ANY DESCRIPTION IN WHICH IT IS WHOLLY UN RECOGNISED**

**വ്യത്യസ്ത രൂപഭാവങ്ങളിലാണെങ്കിൽ തന്നെയും നോമ്പിന്റെ വ്യവസ്ഥ കാണപ്പെടാത്ത ഒരു മതവും ലോകത്ത് ഇല്ലെന്നു തന്നെ പറയാം, നോമ്പ് ഒരു മതപരമായ അനുഷ്ഠാനമെന്ന നിലക്ക് എല്ലായിടത്തും ഉണ്ട്.**

**എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക**

പുണ്യാത്മാക്കൾ

# ഹദ്റത്ത് മുൻശി അബ്ദുല്ലാ സാഹിബ് സനൗരി (റ)



**ജനനം:** 1861 ൽ പട്ട്യാലയിലെ സനൗർ എന്ന സ്ഥലത്ത്.

**പിതാവ്:** കരീം ബഖ്ശ് സാഹിബ് ജന്മികളായിരുന്നു എങ്കിലും ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കി സാമ്പത്തിക മേഖലകളിൽ ജോലി ചെയ്തിരുന്നു. നല്ല ദീനിശിക്ഷണത്തിലാണ് അദ്ദേഹം വളർന്നത്. അമ്മാവനായ മൗലവി യൂസുഫ് സാഹിബ് അദ്ദേഹത്തിന് നല്ല ശിക്ഷണം നൽകിയിരുന്നു.

**കുട്ടിക്കാലം**

കുട്ടിക്കാലം മുതൽക്കു തന്നെ വളരെ കുറച്ച് സംസാരിക്കുന്ന ശീലക്കാരനായിരുന്നു. അധികവും സ്വന്തം ജോലിയിൽ മുഴുകുമായിരുന്നു. മറ്റുള്ളവരോട് സഹതാപം പ്രകടിപ്പിക്കുമായിരുന്നു. ജീവജാലങ്ങളോട് പോലും അതിരറ്റ അനുകമ്പയുണ്ടായിരുന്നു. കുട്ടിക്കാലം മുതൽക്കു തന്നെ റൊട്ടി ചെറിയ ചെറിയ കഷണമാക്കി പക്ഷികൾക്കു നൽകുമായിരുന്നു. തന്മൂലം പക്ഷികൾ നിർഭയരായി അദ്ദേഹത്തിന്റെ കൈയിലും തോളത്തും വന്നിരുന്ന് റൊട്ടി തിന്നുമായിരുന്നു.

**വിദ്യാഭ്യാസം**

അദ്ദേഹം വളരെ ബുദ്ധിമാനായിരുന്നു. ഗണിതശാസ്ത്രത്തിൽ അതിസമർത്ഥനായിരുന്നു. എത്ര പ്രയാസകരമായ ഗണിതവും വളരെ എളുപ്പത്തിൽ ചെയ്തു തീർക്കുമായിരുന്നു. അക്കാരണത്താൽ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ അദ്ദേഹം പ്രശസ്തി നേടിയിരുന്നു. അടിസ്ഥാന വിദ്യാഭ്യാസം കരസ്ഥമാക്കിയതിനു ശേഷം അദ്ദേഹം കുടുംബപാരമ്പര്യമനുസരിച്ച് സാമ്പത്തിക മേഖല തന്നെ തിരഞ്ഞെടുത്തു. വിവിധ സ്ഥലങ്ങളിൽ പട്ട്വാരിയായി അദ്ദേഹം ജോലി ചെയ്തു. അഴിമതിയും കൈക്കൂലിയും നടമാടിയിരുന്ന അക്കാലത്ത് അദ്ദേഹം അതിൽ നിന്ന് പരിപൂർണ്ണമായും വിട്ടു നിന്നിരുന്നു.

**ആദ്യകാല വിശ്വാസം**

ആരംഭത്തിൽ അഹ്‌ലെ ഹദീസ് വിശ്വാസക്കാരനായിരുന്നു. അനാചാരങ്ങളെ അങ്ങേയറ്റം വെറുത്തിരുന്നു. പരിപൂർണ്ണനായ ഒരു സാത്വികന്റെ അന്വേഷണത്തിലായിരുന്നു അദ്ദേഹം.

**അമൃത്സറിൽ**

അദ്ദേഹത്തിന്റെ അമ്മാവൻ അമൃത്സറിലുള്ള മൗലവി അബ്ദുല്ല ഗസ്നവിയെക്കുറിച്ച് അദ്ദേഹത്തോട് പറഞ്ഞു. ഉടൻ തന്നെ അദ്ദേഹം അമൃത്സറിലേക്ക് പുറപ്പെട്ടു. അവിടെ എത്തി മൗലവി അബ്ദുല്ലാ ഗസ്നവിക്ക് ബയ്അത്ത് ചെയ്തു.

**ഖാദിയാനിൽ**

എങ്കിലും അദ്ദേഹത്തിന്റെ മനസ്സിന് സംതൃപ്തി കൈവ ന്നില്ല. അങ്ങിനെയിരിക്കെയാണ് അമ്മാവൻ ഖാദിയാനിലുള്ള ഒരു വ്യക്തിയെ കുറിച്ച് അറിയിക്കുന്നതും അദ്ദേഹം ഖാദിയാനിൽ എത്തുന്നതും. 1882 ൽ 21,22 വയസ്സുള്ള സമയമാണ്. കണ്ട മാത്രയിൽ തന്നെ ഹുസൂറിന്റെ മുഖം അദ്ദേഹത്തെ വല്ലാതെ ആകർഷിക്കുകയും ചെയ്തു. മൂന്ന് ദിവസം അവിടെ തങ്ങിയ ശേഷം മടങ്ങിയ അദ്ദേഹം അസ്വസ്ഥനായിക്കൊണ്ട് ഉടൻ ഹുസൂറിന്റെ സമക്ഷത്തിൽ വീണ്ടും ഹാജരായി. ഒരാഴ്ച തങ്ങിയ ശേഷമാണ് പിന്നീട് മടങ്ങിയത്. എങ്കിലും മനസ്സിന് സ്വസ്ഥത ലഭിക്കാത്ത കാരണത്താൽ വീണ്ടും ഖാദിയാനിലേക്ക് മടങ്ങി. മാസങ്ങളോളം ഹുസൂറിനൊപ്പം കഴിയുമാ യിരുന്നു.

**ബയ്അത്തിനുള്ള ആഗ്രഹം**

അക്കാലങ്ങളിൽ അദ്ദേഹം പലതവണ ബയ്അത്തിനു ള്ള ആഗ്രഹം ഹുസൂറിനെ അറിയിച്ചിരുന്നു. എന്നാൽ അല്ലാഹുവിൽ നിന്നുള്ള അനുമതി ലഭിക്കായ്കയാൽ ഹുസൂർ അത് നിഷേധിച്ചു കൊണ്ടിരുന്നു.

**ഹുസൂർ സനൗറിൽ**

1884ൽ ഹുസൂർ അംബാലയിൽ എത്തിയപ്പോൾ അബ്ദുല്ലാ സാഹിബ് ഹുസൂറിനെ സനൗറിലേക്ക് ക്ഷണിച്ചു. ക്ഷണം സ്വീകരിച്ചു കൊണ്ട് ഹുസൂർ സനൗറിൽ എത്തുകയും അദ്ദേഹത്തിന്റെ വീട്ടിൽ നിന്ന് ഉച്ച ഭക്ഷണം കഴിക്കുകയും ചെയ്തു.

**പ്രത്യേക ചുമതല**

1885ൽ അല്ലാഹുവിന്റെ കൽപനയാൽ ഹുസൂർ മുജദ്ദിദ് ആണെന്ന വിളംബരം നടത്തിയതിനുശേഷം ലോക മത നേതാക്കന്മാരെ സത്യം പരീക്ഷിച്ചറിയുന്നതിന് ഖാദിയാനിൽ വന്ന് താമസിക്കുന്നതിനുള്ള ക്ഷണം നൽകുകയുണ്ടായി. പ്രസ്തുത ക്ഷണം ഇംഗ്ലീഷിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള ചുമതല അദ്ദേഹത്തെയായിരുന്നു ഹുസൂർ ഏൽപിച്ചത്. കൂടാതെ ബറാഹീനെ അഹ്മദിയ്യ 5-ാം വാല്യത്തിന്റെ പ്രസിദ്ധീകരണ ചുമത ലയും അദ്ദേഹത്തെയാണ് ഏൽപിച്ചിരുന്നത്.

**ദൃഷ്ടാന്തങ്ങളുടേയും അടയാളങ്ങളുടേയും നേർസാക്ഷി**

ഹദ്റത്ത് മസീഹ് മൗഊദ് (അ) ൽ നിന്നും വെളിപ്പെട്ട അനവധി ദൃഷ്ടാന്തങ്ങൾക്കും അടയാളങ്ങൾക്കും ദൃക്സാക്ഷിയാകാനുള്ള തൗഫീഖ് അദ്ദേഹത്തിന് ലഭിച്ചിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ചുവന്ന തുള്ളിയുടെ ദൃഷ്ടാന്തമാണ്. സംഭവശേഷം ആ കുർത്ത മസീഹ് മൗഊദ് (അ) സോപാധികം അദ്ദേഹത്തിന് നൽകുകയുണ്ടായി. കൂടാതെ അതിഥികൾ ധാരാളം വന്നപ്പോൾ മസീഹ് മൗഊദ്(അ)ന്റെ ദുആയാൽ ഭക്ഷണം അധികരിച്ച ദൃഷ്ടാന്തത്തിനും 1900 ൽ നടത്തിയ അറബിയിലെ ഖ്ത്വുബ ഇൽഹാമിയക്കും അദ്ദേഹം സാക്ഷിയാണ്.

**സഹയാത്രികൻ**

മസീഹ് മൗഊദ്(അ)നോടൊപ്പം ഹോശിയാർപൂർ, ലുധിയാന, ബട്ടാല, അമൃത്സർ, അംബാല, അലീഗഡ്, ജലന്തർ തുടങ്ങിയ സ്ഥലങ്ങളിൽ യാത്ര ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിച്ചിട്ടുണ്ട്.

**ബയ്അത്ത്**

1889 മാർച്ച് 23 ന് മസീഹ് മൗഊദ് (അ) ആദ്യമായി ബയ്അത്ത് സ്വീകരിച്ചപ്പോൾ നാലാമതായി ബയ്അത്ത് ചെയ്യുന്നതിനുള്ള തൗഫീഖ് ലഭിച്ചു.

**മസീഹ് മൗഊദ് (അ)മായുള്ള അടുപ്പം**

പല യാത്രകൾക്കും തയ്യാറാകുമ്പോൾ ഹുസൂർ അദ്ദേഹത്തെ കത്തയച്ച് വരുത്തുമായിരുന്നു. പലപ്പോഴും പല കത്തുകളും എഴുതുന്നതിനുള്ള ചുമതലയും അദ്ദേഹത്തെയാണ് ഹുസൂർ ഏൽപ്പിക്കാറുണ്ടായിരുന്നത്. വിവിധ അത്യാവശ്യങ്ങൾക്കായി എവിടെയെങ്കിലും പോകേണ്ടി വരുമ്പോഴും അദ്ദേഹത്തെ ഏൽപിക്കുമായിരുന്നു. ഹുസൂറിന്റെ എല്ലാ കൽപനകളും ഉടൻ തന്നെ പ്രാവർത്തികമാക്കുമായിരുന്നു. ഒരിക്കൽ ബട്ടാലയിലുള്ള ഒരു പാതിരിക്ക് നൽകാനായി ഒരു കത്ത് അദ്ദേഹത്തെ ഏൽപിച്ചു. തണുപ്പുകാലത്തെ ഒരു സന്ധ്യാ സമയമായിരുന്നു അത്. അദ്ദേഹം ഉടൻ തന്നെ അതുമായി പുറപ്പെട്ടു. മഴയത്ത് നനഞ്ഞൊലിച്ച് രാത്രി 10 മണിക്ക് അദ്ദേഹം ബട്ടാലയിലെത്തി അത് കൈമാറി.

**ദീനീ സേവനങ്ങൾ**

മസീഹ് മൗഊദ്(അ)നു വേണ്ടി ധാരാളം കത്തുകളെഴുതാനുള്ള അവസരം അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. കൂടാതെ ഹുസൂറിന്റെ

13



## ഇമാമുസമാന്റെ ഫത്‌വകൾ

# ഹജ്ജ്

സൃഷ്ടികളോടുള്ള കടപ്പാടുകൾ ഒരുപാട് ഉള്ള പ്പോൾ എങ്ങനെയാണ് ഹജ്ജ് സ്വീകരിക്കപ്പെ ടുക? അവയെ നിറവേറ്റേണ്ടതാണ്. അല്ലാഹു പറയുന്നു. **ഖദ് അഫ് ലഹ മൻ സക്കാഹാ.** ആത്മാവിനെ ശുദ്ധീകരിക്കുന്നതു വരെ വിജയം കൈവരിക്കുകയില്ല. അല്ലാഹുവിന്റെ ആജ്ഞ കളെ ബഹുമാനിക്കുകയും, ആദരിക്കുകയും, മറ്റുള്ളവരുടെ വിഷമങ്ങൾക്കും ബുദ്ധിമുട്ടുകൾ ക്കും കാരണമായി തീരുന്ന മാർഗ്ഗങ്ങളെ ഉപേ ക്ഷിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് ആത്മാ വ് ശുദ്ധീകരിക്കപ്പെടുന്നത്.

(അൽഹഖം 24/സെപ്റ്റംബർ/1905 പേജ്-9)

## ഹജ്ജ് ബദൽ

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. ദുആ യുടെ പ്രഭാവം സ്ഥാപിതമായി കഴിഞ്ഞിട്ടുള്ള താണ്. അല്ലെങ്കിൽ ഒരു രിവായത്തിൽ വന്നിട്ടു ണ്ട്. മയ്യത്തിനു വേണ്ടി മറ്റൊരാൾ ഹജ്ജ് ചെയ്യു കയാണെങ്കിൽ അത് സ്വീകരിക്കപ്പെടുന്നതാണ്. നോമ്പിനെകുറിച്ചും പറയുന്നുണ്ട്.

മതസേവനവും ഒരു തരത്തിൽ ഹജ്ജ് പോലെ തന്നെയാണ്.

ഒരാൾ പറഞ്ഞു. എന്റെ ഒരു സുഹൃത്ത് പറയു ന്നു, നിങ്ങൾ ഹജ്ജിന് പോയിരിക്കുകയാണ ല്ലോ, എന്നിട്ടും ഞങ്ങളെ മറന്നുകളഞ്ഞു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു. അല്ലാഹുവിൽ നിന്നു വരുന്നവരുടെ അടുത്ത് മതം പഠിക്കാനായി വരുന്നത് തന്നെ യഥാർ ത്ഥത്തിൽ ഒരു ഹജ്ജ് പോലെ തന്നെയാണ്. ഹജ്ജും തന്നെ അല്ലാഹുവിന്റെ ആജ്ഞകളെ അനുസരിക്കുകയെന്നതാണ്. നമ്മളും അവന്റെ മതത്തെയും അവന്റെ ഗേഹത്തെയും അതാ യത് കഅ്ബയെയും സംരക്ഷിക്കുന്നതിനായി ട്ടാണ് വന്നിട്ടുള്ളത്. ദജ്ജാലും മസീഹും ഒരുമിച്ച് പ്രദക്ഷിണം ചെയ്യുന്നതായിട്ട് നബി(സ) കശ് ഫിൽ കണ്ടിട്ടുണ്ട്. യഥാർത്ഥത്തിൽ ത്വവാഫിന്റെ അർത്ഥം ചുറ്റുകയെന്നാണ്. ത്വവാഫ് രണ്ടു രീതിയിൽ ഉണ്ട്. ഒന്നു രാത്രിയിൽ കള്ളൻ ചുറ്റി കറങ്ങാറുണ്ട്. അതായത് വീടുകളുടെ ചുറ്റും കറങ്ങാറുണ്ട്. അതു പോലെ മറ്റൊന്നു കാവൽ ക്കാരനും ചുറ്റികറങ്ങാറുണ്ട്. എന്നാൽ ഇതിന്റെ വിത്യാസം എന്നുപറയുന്നത്, കള്ളൻ ചുറ്റികറ ങ്ങുന്നത് വീടിനെ കൊള്ളയടിക്കാനും, നശിപ്പി ക്കാനും ആയിട്ടാണ് ചുറ്റികറങ്ങുന്നത്. എന്നാൽ കാവൽക്കാർ ആ വീടുകളെ സംരക്ഷിക്കുന്ന തിനും, കള്ളൻമാരെ പിടിക്കുന്നതിനും വേണ്ടി യാണ് ചുറ്റിക്കറങ്ങുന്നത്. ഈ അവസ്ഥയാണ് മസീഹിന്റെയും ദജ്ജാലിന്റെയും ത്വവാഫിൽ നില കൊള്ളുന്നത്. ദജ്ജാൽ ലോകത്ത് ചുറ്റി സഞ്ചരിക്കുന്നത് ലോകരെ അല്ലാഹുവിൽ നിന്നു അകറ്റിനിർത്താനും, അവരുടെ വിശ്വാസത്തെ കൊള്ളയടിക്കാനുമായിട്ടാണ്. എന്നാൽ മസീഹ് സഞ്ചരിക്കുന്നത് ആ ദജ്ജാലിനെ പിടിക്കാനും വധിക്കാനും അവന്റെ കരങ്ങളിൽ നിന്നു ജന ങ്ങളുടെ മതത്തെയും വിശ്വാസത്തെയും രക്ഷി ക്കുന്നതിനും വേണ്ടിയാണ്. ചുരുക്കത്തിൽ ഞാനും ദജ്ജാലും തമ്മിലുള്ള ഒരു യുദ്ധമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

(അൽഹക്കം 10/മാർച്ച് / 1903പേജ് 12)

*ഫത്താവാ അഹ്മദിയ്യ വിവ: മുഹമ്മദ് നജീബ് ഖാൻ*

## ശതാബ്ദം 1912 – ജൂലൈ

എസ്.

വാഗ്ദത്തമസീഹിന്റെ പുത്രന്മാരോടൊപ്പം ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) മദ്രസ്സ തഅ്ലീമുൽ ഇസ്ലാമിന് തറക്കല്ലിട്ടു, കെട്ടിടത്തിന്റെ കിഴക്കേ മൂലയിലും പടിഞ്ഞാ റേ മൂലയിലും മദ്ധ്യഭാഗത്തും പിന്നെ സെൻ ട്രൽ ഹാളിന്റെ കിഴക്കേ മൂലയിലും. ആദ്യത്തെ കല്ല് ദുആ ചെയ്തു കൊണ്ട് ഹുസൂർ തന്നെ വെക്കുകയും തുടർന്ന് ഓരോ കല്ലുകൾ ഹദ് റത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ), ഹദ്റത് സാഹിബ് സാദാ മിർസാ ബശീർ അഹ്മദ്(റ), ഹദ്റത് സാഹിബ് സാദാ മിർസാ ശരീഫ് അഹ്മദ്(റ) എന്നിവർ സ്ഥാപിക്കുക യും ചെയ്തു.

ഈ അനുഗൃഹീത മുഹൂർത്തത്തിൽ ഹുസൂർ പറഞ്ഞു: ഞാൻ എവിടെയോ വായിച്ചിട്ടുണ്ട്, നാൽപത് ആളുകൾ ഒന്നിച്ച് ദുആ ചെയ്താൽ അത് അല്ലാഹു സ്വീകരിക്കുമെന്ന്. അല്ലാഹു വിന്റെ അനുഗ്രഹത്താൽ നമ്മൾ നാൽപതിൽ അധികമുണ്ട്. മുൻകാലത്ത് തെറ്റ്ചെയ്തു പോയ ആളുകൾ ഇവിടെയുണ്ടാവും. അവർ ആദ്യം തങ്ങളുടെ പാപങ്ങൾക്ക് മാപ്പിരക്കുക യും അതിനു ശേഷം എല്ലാവരും ഒന്നിച്ചുചേ ർന്ന് പ്രാർഥിക്കുകയും വേണം. അല്ലാഹു ഈ മദ്രസയിൽ നിന്ന് നിസ്വാർത്ഥരായ സേവകരെ തരുമാറാകട്ടെ. ഞാൻ നിങ്ങൾക്ക് വേണ്ടിയും നിങ്ങളുടെ വരുംതലമുറക്ക് വേണ്ടിയും ദുആ ചെയ്തിട്ടുണ്ട്.

ഖുത്ബാത്തെ നൂർ ആദ്യഭാഗം പ്രസിദ്ധീക രിച്ചു.

---

വീട്ടിലെ ധാരാളം കാര്യങ്ങളുടെ മേൽനോട്ടം വഹിക്കാനുള്ള തൗഫീഖും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ഹുസൂർ (അ) തയ്യാറാക്കുന്ന വിജ്ഞാപനങ്ങളേയും മറ്റും ക്രമീകരിക്കുന്ന തിനും പ്രസ്സിൽ കൊണ്ടു പോയി പ്രസിദ്ധീ കരിച്ച് കൊണ്ടു വരുന്നതിനും പിന്നീട് വിവിധ സ്ഥലങ്ങളിലേക്ക് അയക്കുന്നതിനായി പോ സ്റ്റാഫീസിൽ എത്തിക്കുന്നതിനുമുള്ള തൗ ഫീഖും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. തുച്ഛ മാ യ ശമ്പളമാണ് ലഭിച്ചിരുന്നതെങ്കിലും അതി ന്റെ ഏറിയ പങ്കും അദ്ദേഹം ദീനിന് വേണ്ടി യാണ് ചിലവഴിച്ചിരുന്നത്. ഹുസൂർ (അ) നൽകുന്ന എല്ലാ ആഹ്വാനങ്ങളിലും അദ്ദേ ഹം പങ്കാളിയാകുമായിരുന്നു. ഇസാലയെ ഔഹാം എന്ന ഗ്രന്ഥത്തിൽ ചന്ദ നൽകി യ വരുടെ ലിസ്റ്റിൽ ഏറ്റവും ആദ്യം അദ്ദേഹ ത്തിന്റെ പേരാണ് മസീഹ് മൗഊദ് (അ) പരാമർശിച്ചത്.

**ഹുക്ക ഉപേക്ഷിക്കുന്നു**

അദ്ദേഹത്തിന്റെ ഹുക്ക വലിക്കുന്ന ശീലത്തെ കുറിച്ച് ശേഖ് ഹാമിദ് അലി സാഹിബ് ഹുസൂർ(അ)നോട് പറഞ്ഞു. അടുത്ത ദിവ സം അദ്ദേഹം ഹുസൂറിന്റെ അടുക്കൽ എത്തി യപ്പോൾ, ഹുസൂർ ശേഖ് സാഹിബിനോട് ന ല്ലൊരു ഹുക്ക നിറച്ചു കൊണ്ടു വരാൻ പറ ഞ്ഞു. പിന്നീട് അദ്ദേഹത്തോട് വലിക്കാൻ പറ ഞ്ഞു. മടിച്ചു നിന്നപ്പോൾ വലിക്കാറുള്ളതല്ലേ പിന്നെന്തിന് നാണിക്കുന്നു എന്ന് പറഞ്ഞു. വളരെ ബുദ്ധിമുട്ടി ഒരു പ്രാവശ്യം വലിച്ചു. അ പ്പോൾ ഹുസൂർ (അ) പറഞ്ഞു, മിയാൻ അബ്ദു ല്ല എനിക്കിതിനോട് വെറുപ്പാണ്. അന്നു മുതൽ അദ്ദേഹം ഹുക്ക വലി ഉപേക്ഷിച്ചു.

**ഖലീഫമാരോടൊത്ത്**

മസീഹ് മൗഊദ്(അ)ന് ശേഷം ഖലീഫമാ രോടും തികഞ്ഞ ബഹുമാനവും അനുസര ണയും പുലർത്തിയിരുന്നു. ഖലീഫത്തുൽ മസീഹ് സാനി(റ)നെ അദ്ദേഹം സനൗരിയി ലേക്ക് ക്ഷണിക്കുകയും അദ്ദേഹം ആ ക്ഷണം സ്വീകരിച്ചുകൊണ്ട് സനൗരിയിൽ എത്തു കയും ചെയ്തു.

1916 ൽ സനാഉല്ലാ അമൃത്സരി ചുവന്ന തുള്ളി ദൃഷ്ടാന്തത്തിൽ ആക്ഷേപം ഉന്നയിച്ചപ്പോൾ അയാളെ മുബാഹലയ്ക്ക് ക്ഷണിച്ചുകൊണ്ട് അദ്ദേഹം അമൃത്സറിൽ എത്തി. എന്നാൽ സനാഉല്ലാ അതിന് തയ്യാറാകാതെ പിൻവലി യുകയാണ് ചെയ്തത്.

**വഫാത്ത്**

1927 ൽ അദ്ദേഹത്തിന്റെ വലതുഭാഗത്ത് തളർച്ചയുണ്ടായി. ഒക്ടോബർ 6-ാം തിയ്യതി ഖലീഫത്തുൽ മസീഹ് സാനി (റ) അദ്ദേഹ ത്തെ സന്ദർശിച്ചു. അടുത്ത ദിവസം വെള്ളി യാഴ്ച പകൽ 11 മണിക്ക് അദ്ദേഹം വഫാ ത്തായി.

മസീഹ് മൗഊദ്(അ)ൽ നിന്ന് ലഭിച്ച സോപ്പി ന്റെ ഒരു കഷണം കൊണ്ട് അദ്ദേഹത്തെ കുളിപ്പിക്കുകയും ഹുസൂർ(അ) ൽനിന്ന് ലഭി ച്ച എണ്ണ തേക്കുകയും അത്തറ് പുരട്ടുകയും ചെയ്തു. ചുവന്ന തുള്ളി പതിച്ച മസീഹ് മൗഊദ്(അ)ന്റെ കുർത്തയിൽ തന്നെ അദ്ദേ ഹത്തെ കഫൻ പൊതിഞ്ഞു. ബഹിശ്തി മഖ്ബറയിൽ അടക്കം ചെയ്തു.

വനിതാരംഗം

അബൂ തബസ്സും

# ധീരവനിതകൾ

**ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) വിവരിക്കുന്നു:**

## വൈസ്രോയിയുടെ മുന്നിൽ

ചൗധരി സഫറുല്ലാ ഖാൻ സാഹിബിന്റെ ഉമ്മയുടെ(ഹുസൈൻ ബീബി സാഹിബ) ഒരു സംഭവം മറക്കാൻ കഴിയില്ല. ധാരാളം പുരുഷന്മാർക്കും പാഠം നൽകുന്ന ഒരു സംഭവമാണത്. കഴിഞ്ഞ ദിവസങ്ങളിൽ ഖാദിയാനിൽ അഹ്റാരികളുടെ പ്രക്ഷോപം ശക്തി പ്രാപിച്ച സമയത്ത് ഒരു അഹ്റാരി ഏജന്റ് മിയാൻ



ശരീഫ് സാഹിബിനെ വഴിയിൽ വെച്ച് ആക്രമിച്ചു. അതറിഞ്ഞപ്പോൾ അവർക്ക് അതിയായ വിഷമം തോന്നി. സഫറുല്ലാ ഖാൻ എനിക്കെന്തൊക്കെയോ തോന്നുന്നു. എന്റെ ഹൃദയം വളരെ ദുർബലമാണ് എന്ന് അവർ വീണ്ടും വീണ്ടും ചൗധരി സാഹിബിനോട് പറഞ്ഞു കൊണ്ടിരുന്നു. കുറച്ച് ദിവസങ്ങൾക്കു ശേഷം ചൗധരി സാഹിബ് വീട്ടിൽ എത്തിയപ്പോൾ ഉമ്മ സ്വയം എന്തൊക്കെയോ സംസാരിക്കുന്നതായി കണ്ടു. കാര്യം തിരക്കിയപ്പോൾ ഞാൻ വൈസ്രോയിയോട് സംസാരിക്കുകയാണെന്ന് മറുപടി പറഞ്ഞു. എങ്കിൽ എന്തുകൊണ്ട് വാസ്തവത്തിൽ സംസാരിക്കുന്നില്ല എന്നു ചോദിച്ചപ്പോൾ അതിനുള്ള സൗകര്യം ഏർപ്പെടുത്താൻ സാധിക്കുമോ എന്ന് ചോദിച്ചു. കഴിയും എന്ന് പറഞ്ഞപ്പോൾ എങ്കിൽ നല്ലത് എന്ന് പറഞ്ഞു. അവർക്ക് വൈസ്രോയിയുമായിട്ട് കൂടിക്കാഴ്ചയ്ക്കുള്ള ഏർപ്പാടുകൾ ഒരുക്കി. ചൗധരി സാഹിബ് പരിഭാഷകനായി. ലേഡി വെല്ലിങ്ട്ടണും സമീപത്ത് തന്നെ ഉണ്ടായിരുന്നു. ഞാനൊന്നും പറയുന്നതല്ല. എന്താണോ പറയാനുള്ളത് നിങ്ങൾ തന്നെ പറഞ്ഞു കൊള്ളണം എന്ന് ചൗധരി സാഹിബ് ഉമ്മയോട് പറഞ്ഞിരുന്നു. അവർ വളരെ ആവേശത്തോടെ ലോർഡ് വെല്ലിങ്ട്ടണോട് പറഞ്ഞു, ഞാനൊരു ഗ്രാമീണ സ്ത്രീയാണ്. ബ്രിട്ടീഷുകാരെയും എനിക്കറിയില്ല, അവരുടെ ഭരണകാര്യങ്ങളും എനിക്കറിയില്ല. ബ്രിട്ടീഷുകാർ നല്ലവരാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞു കേട്ടിട്ടുണ്ട്. അതുകൊണ്ട് എപ്പോഴും നിങ്ങൾക്കായി ഹൃദയത്തിൽ നിന്ന് ദുആ പുറപ്പെടുമായിരുന്നു. നിങ്ങൾക്ക് വിപത്ത് ബാധിക്കുമ്പോഴെല്ലാം അതിൽ നിന്ന് മോചനത്തിനായി ദുആ ചെയ്യുമായിരുന്നു. എന്നാൽ ജമാഅത്തിനോട് പ്രത്യേകിച്ച് ഖാദിയാനിൽ ഉണ്ടായ സംഭവങ്ങൾക്കു ശേഷം ദുആ ചെയ്യുന്നുണ്ടെങ്കിലും അത് ഹൃദയത്തിൽ നിന്ന് വരുന്നതല്ല. കാരണം എന്റെ മനസ്സ് ദുഖിക്കുകയാണ്. ഞങ്ങളെ ഇങ്ങനെ ബുദ്ധിമുട്ടി ക്കാൻ ഞങ്ങളെ ന്താണ് ചെയ്തത്?





ചൗധരി സാഹിബ് ലോർഡ് വെല്ലിങ്ട്ടണോട് പറഞ്ഞു, ഞാൻ പരിഭാഷകൻ മാത്രമാണ്. എന്റെ മാതാവ് പറയുന്നത് മാത്രമാണ് ഞാൻ പറയുന്നത്. മറുപടി നിങ്ങൾ തന്നെ പറയണം. .... നേരെ ചൊവ്വേയും ഗാംഭീര്യത്തോടെയുമുള്ള ആ സംസാരം ലേഡി വെല്ലിങ്ട്ടനെ വല്ലാതെ സ്വാധീനിച്ചു. അവർ എഴുന്നേറ്റ് ചൗധരി സാഹിബിന്റെ ഉമ്മയുടെ അടുക്കൽ വന്നിരുന്നു. അവരെ സമാധാനിപ്പിച്ചു. എന്നിട്ട് തന്റെ ഭർത്താവിനോട് പറഞ്ഞു, നിങ്ങൾ വളരെയധികം ശ്രദ്ധ ചെലുത്തേണ്ട കാര്യമാണിത്.

## കാൽനടയായി റബ്‌വയിലേക്ക്

1953 ലെ പ്രക്ഷോപകാലത്ത് സിയാൽക്കോട്ട് ജില്ലയിലെ ഒരു സ്ത്രീ കാൽനടയായി റബ്‌വയിലെത്തി. മറ്റുള്ള ഗ്രാമങ്ങളുമായി ഞങ്ങളുടെ ബന്ധം അറ്റുപോയെന്നും ഞങ്ങളുടെ കുടിവെള്ളം വരെ പ്രക്ഷോപകാരികൾ തടഞ്ഞു വെച്ചിരിക്കുകയാണെന്നുമുള്ള വിവരം അറിയിച്ചു. നോക്കുക എത്ര ചങ്കുറപ്പ് വേണ്ട കാര്യമാണിത്. പുരുഷന്മാർ പോലും ധൈര്യപ്പെടാത്ത സ്ഥാനത്ത് ഒരു സ്ത്രീ സ്വയം തന്നെ സമർപ്പിക്കുന്നു. അക്കാലത്ത് പുരുഷന്മാർ വീട്ടിൽ നിന്ന് പുറത്തിറങ്ങാൻ ഭയപ്പെട്ടിരുന്നു. എന്നാൽ ആ സ്ത്രീ കാൽനടയായി തന്റെ ഗ്രാമത്തിൽ നിന്ന് ഗുജറൻവാലയിലെത്തുകയും അവിടെ നിന്ന് എങ്ങിനെയൊക്കെയോ ഇവിടെ എത്തിപ്പെടുകയും ചെയ്തു. ജമാഅത്തിന്റെ അവസ്ഥയെ സംബന്ധിച്ച് അവർ നൽകിയ അറിയിപ്പനുസരിച്ച് കുറച്ചാളുകളെ സഹായത്തിനായി അയക്കാൻ സാധിച്ചു.

## ആൾക്കൂട്ടത്തെ ഭയപ്പെടുന്നില്ല

ഒരിക്കൽ ഖാദിയാനിൽ അനഹ്മദി ഉലമാക്കൾ ഒരു ജൽസ സംഘടിപ്പിച്ചു. പോലീസും സർക്കാരും അവരുടെ അനുകൂലികളായിരുന്നു. മൗലവി സനാഉല്ലാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും അഹ്മദികളേയും അസഭ്യം പറയുകയായിരുന്നു. പോലീസും ജനങ്ങളോടൊപ്പം ചേർന്ന് ജമാഅത്തിനെതിരിൽ മുദ്രാവാക്യം വിളിക്കുന്നുണ്ടായിരുന്നു. ഖാദിയാനടുത്തുള്ള ഭീനി ബങ്കർ എന്ന ഗ്രാമത്തിലെ സ്ത്രീ അതു വഴി കടന്നു പോകുകയായിരുന്നു. അസഭ്യങ്ങൾ കേട്ടപ്പോൾ അവരവിടെ നിന്നു. എന്നിട്ട് പഞ്ചാബി ഭാഷയിൽ അവരെ ശകാരിക്കാൻ തുടങ്ങി..... സഹനത്തിന്റേയും ക്ഷമയുടേയും നിർദേശം നൽകിയിരുന്നതിനാൽ അവിടെയുണ്ടായിരുന്ന അഹ്മദി സുഹൃത്തുക്കൾ അവരെ നിശബ്ദരാക്കാൻ പാടുപെട്ടു.

## തോക്കിനു മുന്നിൽ

ഖാദിയാനിൽ എതിരാളികളും സിഖുകാരും അക്രമം അഴിച്ചുവിട്ടപ്പോൾ പട്ടണത്തിന് പുറത്തുള്ള ഒരു മുഹല്ലയിൽ ഒരിടത്തായി സ്ത്രീകളെയെല്ലാം ഒരുമിച്ച് കൂട്ടുകയുണ്ടായി. അവരുടെ നേതാവായി ഭൈര എന്ന സ്ഥലത്തെ ഖദീജ ബേഗം എന്ന സ്ത്രീയെ തന്നെ നിയമിച്ചു. ആ സ്ത്രീ പുരുഷന്മാരെക്കാൾ ധീരതയുടെ മാതൃകയാണ് പ്രകടിപ്പിച്ചത്. സിഖുകാരും എതിരാളികളും ആക്രമിക്കുമ്പോൾ സംരക്ഷണത്തിനായി നിർമിച്ചിരുന്ന മതിലിന് മുകളിൽ അവർ കയറിപ്പറ്റുമായിരുന്നു. അവിടെ നിന്ന് വാളുകളും തോക്കുകളുമായി ആക്രമിക്കുന്ന എതിരാളികളേയും സിഖുകാരേയും ഓടിക്കുമായിരുന്നു. ഇക്കാര്യത്തിൽ ഏറ്റവും മുൻപന്തിയിൽ ഭൈരക്കാരിയായ അവരുടെ നേതാവു തന്നെയായിരുന്നു ഉണ്ടായിരുന്നത്.

(മുഹ്സിനാത്ത്: ലജ്ന ഇമാഇല്ലാഹ് കറാച്ചി)

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**

സമ്പാ: ഇബ്നു.എസ്.ഹമീദ്

# യഥാർഥ സുഹൃത്ത്

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

മഖ്ദൂമി മുക്റമീ അഖ്വീം
മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് സല്ലമഹു തആലാ

السلام علیکم ورحمة الله وبرکاته

താങ്കളുടെ കത്ത് കിട്ടി. താങ്കൾ ജമ്മുവിൽ എത്തിയിട്ടുണ്ടാവില്ലെന്നും അവിടെ എത്തി കത്ത് വരുന്നതുവരെ വിലാസം ശരിയാവില്ലെന്നും അതുകൊണ്ട് കത്ത് കിട്ടില്ലെന്നും ഒക്കെകരുതി താങ്കൾക്ക് കത്തയക്കാതിരുന്നതിൽ എനിക്ക് ലജ്ജയുണ്ട്. ഇതെന്റെ കുറ്റമാണെങ്കിൽ താങ്കൾ മാപ്പാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബാക്കി നോട്ടും 240/- രൂപയും കിട്ടിയിട്ടുണ്ട്.

ഇപ്പോൾ താങ്കൾ അയച്ച 800/- രൂപയും കടവും എനിക്ക് കിട്ടിയിട്ടുണ്ട്. താങ്കൾ സ്വഹാബാക്കളുടെ പാതയിൽ ചരിച്ച് കൊണ്ട് സത്യഹൃദയത്തോടും, പൂർണ്ണ ആവേശത്തോടും ഇസ്‌ലാമികസേവനത്തിൽ വ്യാപൃതനാവുകയും എന്റെ അശ്രദ്ധ കാരണം കത്തെഴുതാത്തത് ഗണിക്കാതിരിക്കുകയും ചെയ്തെങ്കിൽ എനിക്ക് താങ്കളോട് അളവറ്റ നന്ദിയുണ്ട്. താങ്കളുടെ ആത്മാർഥതയേയും സ്നേഹത്തേയും കുറിച്ച് എനിക്കെങ്ങിനെ മോശമായി കരുതാൻ കഴിയും? യഥാർഥത്തിൽ ഇക്കാലത്ത് ഈ ആത്മാർഥയും സ്നേഹവും, ദീനിമാർഗ്ഗത്തിലുള്ള സത്യസന്ധമായ ചുവടുകളും ഞാൻ മറ്റാരിലും കണ്ടിട്ടില്ല.

താങ്കളുടെ ഉന്നതമായ സ്ഥൈര്യം കാണുമ്പോൾ ഞാൻ സ്വയം അല്ലാഹുവിന്റെ മുന്നിൽ താങ്കൾക്ക് വേണ്ടി അഭ്യർത്ഥിക്കുകയാണ്. പ്രതാവനായ അല്ലാഹു മഹത്തായ അനുഗ്രഹവർഷം മുഖേന താങ്കളുടെ ആത്മീയവും ഭൗതികവുമായ ആഗ്രഹങ്ങളെ നിറവേറ്റിത്തരുമാറാകട്ടെ. താങ്കളുടെ ദീനിസേവനത്തിന് നന്ദി പ്രകടിപ്പിക്കാൻ എനിക്ക് ശക്തിയില്ല. കശ്മീരിൽ നിന്ന് തിരിച്ചുവരുമ്പോൾ താങ്കളെ കാണാൻ കഴിയുമെന്ന് കരുതിയതാണ്. പക്ഷെ എന്തുകൊണ്ട് അതിന് വിപരീതമായ അവസ്ഥയായി എന്നെനിക്കറിയില്ല. സമയം കിട്ടുകയാണെങ്കിൽ കൂടിക്കാഴ്ചകൊണ്ട് സന്തോഷിക്കാൻ ആഗ്രഹമുണ്ട്. പ്രസിദ്ധീകരണ സംബന്ധമായ ചില തിരക്കുകൾ കാരണം ആറുമാസം വരെ എനിയ്ക്ക് ഒഴിവ് കിട്ടുമെന്ന് കരുതുന്നില്ല. ഇവിടെ നിന്ന് മാറാനും സാധ്യമല്ല. അതേസമയം ഇപ്പോഴെങ്കിലും അവിടെ വന്ന് താങ്കളെ സന്ദർശിക്കണമെന്നാണ്.

താങ്കൾക്ക് ഉടനെ ഒഴിവ് കിട്ടാതിരിക്കുകയും, അതേ സമയം എനിക്ക് ഏതാനും ദിവസം കുറച്ചുസമയമെങ്കിലും ഒഴിവ് കിട്ടുകയുമാണെങ്കിൽ ഇപ്പോഴും അങ്ങിനെ തന്നെ ചെയ്യുന്നതാണ്. താങ്കളെ ഞാൻ വളരെ അടുത്ത സുഹൃത്തായി കാണുന്നു. ഹൃദയാത്മനാ താങ്കൾക്ക് വേണ്ടി ദു:ആകൾ പുറപ്പെടുന്നു.

31.10.1887 വസ്സലാം

വിനീതൻ

ഗുലാം അഹ്മദ്, ഖാദിയാൻ



# വിജ്ഞാനവേദി

**ഹ:ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ് )**

## ഭൗതികമായ കാര്യങ്ങളിൽ ദിവസം മുഴുവൻ വ്യാപൃതരാവുമ്പോൾ എങ്ങിനെയാണ് ആത്മീയതയിൽ മുന്നേറുക?

ഉത്തരം: ചോദ്യത്തിൽ തന്നെ ഉത്തരവും അടങ്ങിയിരിക്കുന്നു. ഭൗതികതയിൽ നിന്നു കൊണ്ട് തന്നെ ലൗകീകജീവിതത്താൽ പ്രഭാവിതരാകാതെ നമ്മൾ ലൗകീകജീവിതത്തെ നിയന്ത്രിക്കുന്നവരായിത്തീരണം. ഈ രീതിയിലെ ആത്മീയ പുരോഗതി നേടാൻ സാധിക്കുകയുള്ളൂ. രണ്ടു തരം ആളുകളുണ്ട്. നന്മകൾ കൊണ്ട് തങ്ങൾക്ക് ചുറ്റുമുള്ള ജീവിതത്തെ വാർത്തെടുക്കുന്നവരാണ് ഒരു കൂട്ടർ. അവരുമായി സമ്പർക്കത്തിലാവുന്നവരുടെ ജീവിതം ഈ സാമീപ്യത്താൽ മെച്ചപ്പെട്ടതാകുന്നു. രണ്ടാമത്തെ കൂട്ടർ തങ്ങളകപ്പെട്ട മോശമായ ചുറ്റുപാടിലും ദുഷിച്ച കൂട്ടുകെട്ടിലും പ്രഭാവിതരായി പതുക്കെപ്പതുക്കെ സാത്വികതയിൽ നിന്നും അകന്ന് തിന്മയിലേക്ക് നീങ്ങുന്നു. അതിനാൽ ലൗകീകതയെകുറിച്ച് പ്രതിപാദിക്കുമ്പോൾ ഈ രണ്ടാമത്തെ കൂട്ടരാണ് മനസ്സിൽ വരിക. ദൈന്യംദിന ജീവിതത്തിൽ ഭൗതികതയോടുള്ള ആകർഷണത്താൽ സ്വാധീനിക്കപ്പെട്ടുപോയവരാണവർ. എന്നാൽ ജീവിച്ചിരിക്കുന്ന എല്ലാവരും ഭൗതികലോകവുമായി വ്യവഹരിക്കേണ്ടത് ആവശ്യമാണു താനും. ഈ ലോകത്ത് ജീവിച്ചിരിക്കെ തന്നെ ലൗകികതയെ മുഴുവനായും ഉപേക്ഷിക്കാൻ സാധ്യമല്ല തന്നെ. അല്ലാഹുവിൽ നിന്നും അവതീർണ്ണരായ നബിമാർ ഭൗതികലോകവുമായി ബന്ധം വെച്ചിരുന്നു. വിവാഹം കഴിച്ചപ്പോഴും അതിനു മുമ്പും തിന്നുന്ന അവസ്ഥയിലും, വിശന്നപ്പോഴും, സംസാരിക്കുകയും ചലിക്കുകയും ചെയ്തപ്പോഴും. അതിനാൽ തങ്ങളുടെ ചുറ്റുപാടിൽ നിന്നും ബന്ധം വിഛേദിക്കുക ജീവിച്ചിരിക്കുന്ന ഒരാൾക്കും സാധ്യമല്ല. എന്നാൽ എങ്ങിനെ സ്ഥാപിക്കണം എന്നതാണ് പ്രധാനം. മൗലാനാ റൂമി തന്റെ ഒരു കവിതയിൽ ഈ ലോകജീവിതത്തെ തോണിയും വെള്ളവുമായുള്ള ബന്ധത്തോടാണ് താരതമ്യപ്പെടുത്തിയത്. അതായത് വെള്ളമില്ലാതെ തോണിയെ കുറിച്ച് സങ്കൽപിക്കാൻ സാധ്യമല്ല. വെറുതെ കിടക്കുന്ന ഒരു വസ്തു വെള്ളവുമായി ചേരുന്നില്ലെങ്കിൽ തോണിയായി മാറുന്നില്ല. അതിനാൽ തോണിക്ക് വെള്ളം നിർബന്ധമാണ്. എന്നാൽ ഈ തോണി വെള്ളത്തിൽ മുങ്ങിക്കഴിഞ്ഞാൽ പിന്നെ അത് തോണി എന്ന് വിളിക്കപ്പെടില്ല. ഇതാണ് മൗലാനാ റൂമിയുടെ വ്യാഖ്യാനമനുസരിച്ചുള്ള ഭൗതിക ലോകത്തിന്റെ സ്ഥിതി. മനുഷ്യനായിരിക്കെ വസ്തുക്കളുമായുള്ള ബന്ധം ഒഴിവാക്കാൻ സാധ്യമല്ല തന്നെ. അതിനാൽ തീർച്ചയായും ലൗകിക വസ്തുക്കളുമായി ബന്ധം വെക്കുക, എന്നാൽ അതിന് ഉപരിയായിക്കൊണ്ട് ദൈവദത്തമായ അധ്യാപനങ്ങളാൽ തന്റെ ചുറ്റുപാടിനെ വാർത്തെടുക്കുന്നവരായി മാറുക. അല്ലാതെ സാഹചര്യത്തിന്റെ അടിമയായിത്തീരാൻ അനുവദിക്കരുത്. ചോദ്യകർത്താവ് ചോദിച്ച പോലെ ആത്മീയത വളരുവാൻ ഭൗതിക ലോകവുമായുള്ള ബന്ധം കൂടിയേ തീരൂ. അല്ലാത്തപക്ഷം സാധ്യമല്ല.

*സമ്പാ: ഡോ. സി. സലാഹുദ്ദീൻ, കോഴിക്കോട്*




ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

# നമസ്കാര പാഠങ്ങൾ



(സമ്പാ: അബൂ അബ്ദുൽ ബാരി)

## സൂറ ഫാതിഹ

സൂറഫാതിഹ ആരംഭിക്കുന്നതിനു മുമ്പുള്ള ബിസ് മില്ലാഹിർ റഹ്മാനിർ റഹീം എന്നതിലെ റഹ്മാൻ റഹീം എന്നത് ആകാശഭൂമികളെ സൃഷ്ടിക്കുകയും പ്രകൃതി നിയമങ്ങൾ നടപ്പിലാക്കുകയും ചെയ്തവനെയാണ് സൂചിപ്പിക്കുന്നത്. മുഴുവൻ പ്രപഞ്ചത്തേയും സൃഷ്ടിക്കുകയും അവന്റെ അനുഗ്രഹങ്ങൾ ആവർത്തിച്ചാവർത്തിച്ച് വെളിപ്പെട്ടു കൊണ്ടിരിക്കുന്ന തരത്തിൽ പ്രകൃതി നിയമങ്ങളെ സൃഷ്ടിച്ച അല്ലാഹുവിന്റെ നാമത്തിൽ. വീണ്ടും വീണ്ടും കാരുണ്യം ചെയ്യുന്നവൻ എന്നതാണ് റഹീമിന്റെ അർത്ഥം. ഉദാഹരണമായി, വിത്തുകളുടെ കാലം, വസന്തകാലം, ഹേമന്തകാലം, ഉഷ്ണ കാലം, ശൈത്യകാലം എന്നിവ മാറിമാറി വന്നു കൊണ്ടിരിക്കുന്നു. ഇത് അവന്റെ റഹീമിയത്തിന്റെ ഭ്രമണമാണ്. ഭൂമിയിലും അന്തരീക്ഷത്തിലും മനുഷ്യന് ഉപകാരിയായ എല്ലാം തന്നെ നൽകിയിരിക്കുന്നു.

റഹ്മാൻ എന്നു പറഞ്ഞാൽ ചോദിക്കാതെ നൽകുന്നവൻ. ചോദിക്കാതെ തന്നെ നൽകുന്നവൻ അതിരില്ലാതെ കരുണ ചെയ്യുന്നവനാണ്. എല്ലാം തന്നെ നൽകി. അഥവാ എന്തെങ്കിലും അവശേഷിപ്പിച്ചിരുന്നുവെങ്കിൽ റഹ്മാൻ ആകുമായിരുന്നില്ല. ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുകയും, കോടിക്കണക്കിന് വർഷങ്ങൾ ക്കു ശേഷം ആവശ്യമായി വരുന്ന വസ്തുക്കൾ ആദ്യമേ തന്നെ സൃഷ്ടിച്ചു. അദാഹരണമായി, രസതന്ത്രവ്യവസ്ഥിതി, ആകാശഭൂമിയുടെ ഭ്രമണം, കാലാവസ്ഥകളുടെ പ്രഭാവം, വൈദ്യുതിയുടെ വ്യവസ്ഥിതി തുടങ്ങിയവ. അല്ലാഹുവിനോട് ചോദിച്ചില്ല സ്വയം തന്നെ നൽകി. നിയന്ത്രിക്കാൻ കഴിയാതത്ര, ഇതിൽ കൂടുതൽ ആവശ്യപ്പെടാൻ കഴിയാത്തത്രത്തോളം ആവശ്യപ്പെടാ തെ തന്നെ നൽകിയവൻ. ഒരു പ്രാവശ്യം തന്നു എന്നു കരുതി പിന്നീട് അത് നിറുത്തിക്കളയുന്നില്ല. അവനുമായി ബന്ധം സ്ഥാപിക്കുന്നതിന് മനുഷ്യന്റെ കുറച്ച് പ്രയത്നവും അവന്റെ ആവർത്തിച്ചുള്ള അനു ഗ്രഹവും ഉള്ള എന്തെങ്കിലും വസ്തു ഉണ്ടാകേണ്ടതാണ്.

റഹീമിയത്തിന്റെ അനുഗ്രഹങ്ങളെ വീണ്ടും വീണ്ടും കൊണ്ടു വരുന്നവനാണ് റഹീം. വീണ്ടും വീണ്ടും വരുന്ന തിനായി അല്പം നിങ്ങൾക്കും പ്രയത്നിക്കേണ്ടതായി വരും. നിങ്ങൾ അല്പം പ്രയത്നിക്കുക, ഫലം അല്ലാഹു നൽകുന്നതാണ്. ഇത് റഹ്മാനിയത്തിന്റേയും റഹീമിയത്തിന്റേയും സംയുക്തമായ ഫലമാകുന്നു.

ഇനി സൂറഫാതിഹ ആരംഭിച്ചു. സൂറഫാതിഹായിലും നമുക്ക് റബ്ബിനേയും, റഹ് മാനേയും, റഹീമിനേയും കാണാൻ സാധിക്കുന്നു. ഈ റഹ്മാനെ സൂറഫാതിഹായിൽ വീണ്ടും എന്തിന് കൊണ്ടു വന്നു? ചോദ്യമാണ്? (ഇതിൽ ആത്മീയ ഉപഹാരങ്ങളെ കുറിച്ചും പരിപാലനത്തെകുറിച്ചുമുള്ള പരാമർശമാണ്) പ്രപഞ്ചത്തെ സൃഷ്ടിക്കുകയും ആവശ്യങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു എന്നുള്ളത് റഹ്മാന്റെ ഒരു നിർവചനമാണ്. എന്നാൽ വിശുദ്ധഖുർആൻ അസാമാന്യതയുള്ള ഒരു ഗ്രന്ഥമാണ്. ഒന്നും തന്നെ അവശേഷിപ്പിക്കുന്നില്ല, എല്ലാം അതിൽ നിക്ഷിപ്തമാണ്. അതുകൊണ്ടാണ് അതിനെ സംബന്ധിച്ച് **മാ ലിഹാദൽ കിതാബി ലാ യുഗാദിറു സഗീറത്തൻ വലാ കബീ റത്തൻ ഇല്ലാ അഹ്സാഹാ** എന്നു പറഞ്ഞിട്ടുള്ളത്. ഖിയാമത്ത് നാളിൽ ജനങ്ങൾ പറയും, വിചിത്രമായ ഗ്രന്ഥമാകുന്നു. ചെറുതും വലു തുമായ ഒന്നും തന്നെ അത് വിട്ടു കളഞ്ഞിട്ടില്ല.

റഹ്മാനെ സംബന്ധിച്ച് വിശുദ്ധഖുർആനിൽ പരാമർശമുണ്ട്. വിശുദ്ധഖുർആനിലുള്ളത് ലോകത്തുള്ള മറ്റൊരു ഗ്രന്ഥത്തിലുമില്ല. **അർറഹ്മാനു അല്ലമൽ ഖുർആൻ. ഖലഖൽ ഇൻസാന അല്ലമഹുൽ ബയാൻ.** അർറഹ്മാൻ എന്നാൽ ഭൗതീക പ്രപഞ്ചത്തെ മാത്രം സൃഷ്ടിച്ചവനെന്നല്ല. റഹ്മാൻ ഈ പ്രപഞ്ചത്തെ മനസ്സിലാക്കു ന്നതിനായി മനുഷ്യനെ സൃഷ്ടിച്ചു. **അർറഹ്മാനു......ഖലഖൽ ഇൻസാനു**, സൃഷ്ടിപ്പിനെ കുറിച്ച് പറയുമ്പോൾ മുഴു ലോകവും സ്രഷ്ടാവിന്റെ ഏത് ഗുണമാണ് പറയുക? ... ലോകത്തുള്ള ഒരു ഗ്രന്ഥവും തന്നെ റഹ്മാനെ സൃഷ്ടിപ്പുമായി ബന്ധപ്പെടുത്തിയിട്ടില്ല. ഖുർആൻ മാത്രമാണ് റഹ്മാനെ കുറിച്ച് പറയുകയും അതോടൊപ്പം മനുഷ്യസൃഷ്ടിപ്പിനെ കുറിച്ച് പരാമർശിക്കുകയും ചെയ്തിട്ടുള്ളത്. ഇതിൽ എന്ത് തത്വമാണ് ഉള്ളത്? ലോകത്തുള്ള ഒരു ഗ്രന്ഥത്തിലും തന്നെ റഹ്മാനാണ് സൃഷ്ടിച്ചത് എന്ന് പറയുന്നില്ല. സ്രഷ്ടാവ് സൃഷ്ടിച്ചു, അല്ലെങ്കിൽ ദൈവം സൃഷ്ടിച്ചു എന്നാണ് പറയുന്നത്. വിശുദ്ധഖുർആൻ മാത്രമാണ് എല്ലാത്തിൽ നിന്നും വ്യത്യസ്തമായി പറയുന്നത്. അത് പറയുന്നു, അർറഹ്മാനു.......ഖലഖൽ ഇൻസാൻ. ഇതിലെന്ത് യുക്തിയാണുള്ളത്?

ഒന്നാമത്തെ വസ്തുത, റഹ്മാനിയത്തിന്റെ ഫലമായി സൃഷ്ടിച്ച പ്രപഞ്ചത്തിന്റെ ഉന്നതലക്ഷ്യം മനുഷ്യനെ സൃഷ്ടിക്കുക എന്നതായിരുന്നു. റഹ്മാനായ അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചില്ലായിരുന്നുവെങ്കിൽ പ്രപഞ്ചത്തിന്റെ യാതൊരു ഉപയോഗവും ഉണ്ടാകുമായിരുന്നില്ല. മനുഷ്യനെ മൃഗങ്ങളിൽ നിന്നും വ്യതിരിക്തമാക്കുന്നതിനു വേണ്ടിയാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചത്. ഏറ്റവും സൂക്ഷ്മബുദ്ധിയുള്ള മൃഗത്തിന് പോലും പ്രപഞ്ചത്തെ മനസ്സിലാക്കാൻ സാധിക്കില്ല. റഹ്മാനിയത്ത് എവിടെയെല്ലാമാണ് വെളിപ്പെടുന്നതെന്ന് അവയ്ക്ക് മനസ്സിലാക്കാൻ കഴിയില്ല. മനുഷ്യൻ മാത്രമാണ് എല്ലാ ജീവികളെ സംബന്ധിച്ചുമുള്ള വിഷയങ്ങളും സ്വരുക്കൂട്ടിയിട്ടുള്ളത്. ഉദാഹരണമായി, സിംഹം റഹ്മാനിയത്തിന്റെ ഫലമായിട്ടാണെന്ന് ഏതെങ്കിലും കുരങ്ങന് പറയാൻ കഴിയുമോ? നായയെ സംബന്ധിച്ച് ഇത് റഹ്മാനിയത്തിന്റെ ഫലമാണെന്ന് ഏതെങ്കിലും കാക്കയ്ക്ക് ചിന്തിക്കാൻ കഴിയുമോ? സ്വന്തം അസ്ഥിത്വത്തെ കുറിച്ചറിയാം എന്നല്ലാതെ മുഴുവൻ പ്രപഞ്ചത്തെകുറിച്ചറിവില്ല. മനുഷ്യനെ ഒഴിച്ചു നിർത്തിയാൽ, മറ്റ് ജീവികളിൽ മറ്റ് ജീവജാലങ്ങളിൽ അല്ലാഹുവിന്റെ റഹ്മാനിയത്തിന്റെ ചെറിയ ഒരംശം മാത്രമേ ഉള്ളൂ. അതിനാൽ അല്ലാഹു എന്തെല്ലാമാണ് നൽകിയിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധ്യമല്ല. അതിനാൽ അല്ലാഹുവിന് മനുഷ്യനെ സൃഷ്ടിക്കണമായിരുന്നു. കാരണം അല്ലാഹുവിന്റെ റഹ്മാനിയത്തിന്റെ പ്രകടനം മനുഷ്യ സൃഷ്ടിപ്പിലാണ്. എണ്ണ സമ്പത്തുകളിൽ നിന്നും, കൽക്കരിയും രത്നങ്ങ ളുമായിത്തീർന്ന ഡൈനോസോറുകളിലും മരങ്ങളിൽ നിന്നുമൊക്കെ മൃഗങ്ങൾ എന്തു പ്രയോജനമാണ് എടുക്കുക? വസ്തുക്കൾ ഉണ്ടാക്കി എന്നാൽ അത് ആർക്കും പ്രയോജനപ്പെടാതിരിക്കുക. ഉദാഹരണമായി, ഏതെങ്കിലും നായ്ക്കുട്ടിയെ വിമാനം പറത്തുന്നതായി കണ്ടിട്ടുണ്ടോ? അല്ലാഹുവിന്റെ റഹ്മാനിയത്തിൽ നിന്ന് പ്രയോജനമെടുക്കാൻ ആരും ഇല്ലായെങ്കിൽ പിന്നെ ആ റഹ്മാനിയത്ത് എന്തിനുപകരിക്കും? എല്ലാ കാര്യങ്ങളും മനുഷ്യനിൽ ഒത്തുചേരുന്നു. അവൻ മുഴുവൻ പ്രപഞ്ചത്തേയും പ്രയോജനപ്പെടുത്തുന്നു. അതുകൊണ്ടാണ് അല്ലാഹു പറ യുന്നത്, **അർറഹ്മാനു അല്ലമൽ ഖുർആൻ. ഖലഖൽ ഇൻസാന അല്ലമഹുൽ ബയാൻ**. ഒരു ഗ്രന്ഥവും തന്നെ സ്വയം തന്റെ അസ്ഥിത്വത്തെ അല്ലാഹുവുമായി ബന്ധിപ്പിക്കുന്നില്ല. റഹ്മാനാണ് ബൈബിൾ ഇറക്കിയത്, ഗീത ഇറക്കിയത് എന്നെ വിടേയും കാണില്ല. ഖുർആൻ മാത്രമാണ് അർറഹ്മാനു അല്ലമൽ ഖുർആൻ എന്ന് പറയുന്നത്. അപ്പോൾ അല്ലമൽ ഖുർആൻ ആത്മീയപ്രപഞ്ചമായി. പ്രപഞ്ചത്തെ സൃഷ്ടിച്ച അതേ റഹ്മാൻ ആത്മീയപ്രപഞ്ചത്തേയും സൃഷ്ടിച്ചു. ആത്മീയപ്രപഞ്ചത്തെ മനസ്സിലാക്കുന്നതിന്നായി മനുഷ്യനെ സൃഷ്ടിക്കേണ്ടത് അനിവാര്യ മായിരുന്നു. മൃഗങ്ങൾക്കാണെങ്കിൽ ഖുർആൻ മനസ്സിലാകില്ലല്ലോ? ആദ്യം മനുഷ്യനും മനസ്സിലാക്കാൻ കഴിയില്ലായിരുന്നു. അതിനാൽ അവരുടെ ഗ്രന്ഥങ്ങളിൽ ഒന്നും തന്നെ നാം ഗീത നൽകി എന്ന വാദമില്ല. കാരണം പരിപൂർണ്ണ പരിവേഷം ആയിരുന്നില്ല. ഖുർആൻ മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. ഖുർആൻ അവർക്ക് നൽകി എന്നും പറയുന്നില്ല. ക്യസ്ത്യാനികളും സർതിഷ്തും യഹൂദിയുമായ മുൻ മനുഷ്യർക്ക് നൽകിയില്ല. അവർക്ക് മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല.അൽ ഇൻസാൻ റസൂൽ തിരുമേനി(സ) ആയിരുന്നു. പരിപൂർണ്ണ മനുഷ്യൻ. ഖുർആൻ മനസ്സിലാക്കേണ്ട അദ്ദേഹം പിന്നീടായിരുന്നു വരേണ്ടിയിരുന്നത്. അദ്ദേഹത്തിനായിരുന്നു ഖുർആൻ ലഭിക്കേണ്ടിയിരുന്നത്. അപ്പോൾ ഖലഖൽ ഇൻസാന യ്ക്ക് രണ്ട് അർത്ഥമാകുന്നു. അർറഹ്മാനു അല്ലമൽ ഖുർആൻ. ഖലഖൽ ഇൻസാന അല്ലമഹുൽ ബയാൻ, അവൻ മനുഷ്യനെ സൃഷ്ടിച്ചു. പിന്നീട് അവനെ ഭാഷണം പഠിപ്പി ച്ചു.......... ഹൃദയത്തിലെ കാര്യങ്ങളെ തുറന്ന് അവതരിപ്പിക്കുന്നതിനേയാണ് ബയാൻ എന്നു പറയുന്നത്. എന്താണ് ബയാൻ? ഒരു വസ്തു മറ്റൊരു വസ്തുവിൽ നിന്ന് വ്യതിരിക്തമാകുക. ബാന എന്നു പറഞ്ഞാൽ തുറന്ന് സംസാരിക്കുക, വ്യക്തമായ വ്യതിരിക്തത, സ്പഷ്ടമായ ഭിന്നത.


അർറഹ്മാനു അല്ലമൽ ഖുർആൻ. ഖലഖൽ ഇൻസാന അല്ലമഹുൽ ബയാൻ. ഈ ഭാഷണം അവനെ സംസാരിക്കുന്നതിനുള്ള വിവേകം പഠിപ്പിച്ചു. അവനെ തന്റെ ഉദ്ദേശ്യം പ്രകടിപ്പിക്കാൻ പഠിപ്പിച്ചു. അവന് നന്മയും തിന്മയും തമ്മിലുള്ള വകഭേദം പഠിപ്പിച്ചു. ഇതിനെയെല്ലാം ബയാൻ എന്നാണ് പറയുന്നത്. ഹൃദയത്തിലുള്ളത് തുറന്ന് പറയുന്നതിനെ സംഭാഷണ കഴിവ് എന്നു പറയുന്നു.

(ഉർദു ക്ലാസ്സ്: 313, 21.10.97)

ദഅ്‌വത്തെ ഇലല്ലാഹ്



# കബഡിയെങ്കിൽ കബഡി



മിയാൻ അബ്ദുറഹീം സാഹിബ്
ദയാനത് ദർവേശ്

ഒരിക്കൽ ഹദ്‌റത് ഖലീഫത്തുൽ മസീഹ് സാനി(റ) ഖാദിയാന്റെ പരിസരത്തുള്ള ബൈട്ട് എന്ന സ്ഥലത്ത് തബ്‌ലീഗ് പ്രോഗ്രാം സംഘടിപ്പിച്ചു. ധാരാളം അഹ്‌മദികൾക്ക് ആ പ്രദേശത്തെ വിവിധ ഗ്രാമങ്ങളിൽ സ്വന്തം ഓരോ മാസങ്ങളിലായി തബ്‌ലീഗ് ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു.
തബ്‌ലീഗിൽ അതീവ തൽപരനായിരുന്ന ഈ വിനീതനും എല്ലാ പരിപാടികളിലും പങ്കെടുക്കാൻ സാധിച്ചു. അങ്ങനെ ഞാൻ ടൈലർ മാസ്റ്റർ മുഹമ്മദ് ഹുസൈൻ സാഹിബും, മിർസാ അബ്ദുലത്തീഫ് സാഹിബുമൊന്നിച്ച് (ഇവർ രണ്ടു പേരും എന്നോടൊപ്പം ഖാദിയാനിൽ ദർവേശുമാരായി കഴിയുന്നു.) തബ്‌ലീഗിനായി പുറപ്പെട്ടു. ഞങ്ങൾക്ക് മുമ്പ് ഈ പ്രദേശത്ത് തബ്‌ലീഗിന്നായി വന്നത് എന്റെ പിതാവ് ഫള്‌ൽ മുഹമ്മദ് സാഹിബ് ഹർസിയാൻ വലയും അദ്ദേഹത്തിന്റെ പട്ടാളക്കാരനായ ഒരു സുഹൃത്തുമായിരുന്നു. ഗ്രാമവാസികൾ കഠിനമായ വിദ്വേഷം കാരണം അവരുടെ വാക്കുകൾ കേൾക്കാൻ വിസമ്മതിക്കുകയും അവരെ അവിടെ നിന്ന് പുറത്താക്കുകയുമാണ് ചെയ്തത്. അവിടെ എത്തിയപ്പോൾ ഞങ്ങളേയും അവരുടെ വിദ്വേഷത്തിന് കുറിമാനമാക്കണമെന്നവർ ആഗ്രഹിച്ചു.
വളരെ കരുതലോടെ തന്നെയാണ് ഞങ്ങളവിടെ ചെന്നത്. താമസിക്കാനായി അവിടെ വാടകയ്ക്ക് മുറിയെടുത്തു. ഭക്ഷണം പാകം ചെയ്യാൻ ഒരു സ്റ്റൗവും വെളിച്ചത്തിനായി ഗ്യാസ് ലാമ്പും കരുതി. ഗ്യാസ്‌ലാമ്പിന്റെ ഗ്രാമവാസികളെ ആകർഷിച്ചു. അവർ അവിടെ കൂട്ടം കൂടി നിൽക്കാൻ തുടങ്ങി. അവിടെ വന്ന് നിന്നവർക്കെല്ലാം ഞങ്ങൾ ഭക്ഷണം നൽകുകയും അഹ്‌മദിയ്യാ സന്ദേശം എത്തിക്കുകയും ചെയ്തു. ആ പ്രദേശത്തെ ജനങ്ങളെല്ലാം വന്ന് അവിടെ തടിച്ച് കൂടിനിന്നു.
ഇത് കണ്ട അനഹ്‌മദികൾ വിചിത്രമായ തന്ത്രം പ്രയോഗിക്കാൻ തീരുമാനിച്ചു. അവർ ഞങ്ങളെ കബഡി കളിക്കാൻ വെല്ലുവിളിച്ചു. മത്സരത്തിൽ ജയിക്കുന്നവരുടെ പക്ഷത്തായിരിക്കും സത്യം എന്നവർ ഘോഷിച്ചു.
ഞങ്ങൾ അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ട് കബഡിമൽസരത്തിനായി തയ്യാറായി വന്നപ്പോൾ, ഖാദിയാനികൾ കബഡിയിൽ കേമന്മാരാണെന്ന് കരുതി അവർ കളിയിൽ നിന്നും പിന്മാറി. അതിന് ശേഷം ഒരു മാസത്തോളം വിവിധ ചർച്ചകളിൽ പങ്കെടുത്ത് കൊണ്ട് അവിടെ കഴിച്ച് കൂട്ടി.

## എതിരാളികളുടെ പരാജയം

അതേ യാത്രാവേളയിൽ മറ്റൊരു ദിവസം, ദാത്താപുർ കാനിയാലിലേക്ക് തബ്‌ലീഗിനായി പുറപ്പെട്ടു. ഏതാണ്ട് 10 മൈലോളം യാത്ര ചെയ്തിട്ടുണ്ടാവണം. രാത്രിയിൽ തിരിച്ചു പോകാൻ കഴിയാത്ത വിധം ഞങ്ങൾ ക്ഷീണിതരായിരുന്നു. മുസ്‌ലിം ഭൂരിപക്ഷ സ്ഥലമായതിനാൽ കിടക്കാൻ സ്ഥലമോ ഭക്ഷണം പാകം ചെയ്യാൻ പാത്രങ്ങളോ തന്നില്ല.
ഒരു മുസ്‌ലിം സഹോദരന്റെ വീട് കണ്ടെത്തിയെങ്കിലും അയാൾ വളരെ രൂക്ഷമായാണ് പെരുമാറിയത്. പട്ടണത്തിൽ നിന്നും വളരെ ദൂരെയുള്ള ഒരു ഇമാമിന്റെ പുരയിടത്തിന്റെ വിലാസം അദ്ദേഹം പറഞ്ഞു. അവിടെ താമസിക്കാൻ യാതൊരു സൗകര്യവുമുണ്ടായിരുന്നില്ല. തേളും മറ്റു പല ജീവികളും നിറഞ്ഞ വൃത്തിഹീനമായ നിലം. ഞങ്ങൾ തിരിച്ച് പട്ടണത്തിലേക്ക് മടങ്ങിയപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ കിണറിനടുത്ത് ഒരു കുട്ടിയെ കണ്ടു. സഹോദരാ എന്തെങ്കിലും പാത്രം തരുമോ? ഭക്ഷണം ഉണ്ടാക്കാനാണ്. ഞങ്ങൾ ചോദിച്ചു?
ഞങ്ങൾ എവിടെ നിന്നാണെന്ന അവന്റെ ചോദ്യത്തിന് ഖാദിയാനിൽ നിന്ന് എന്ന് മറുപടി പറഞ്ഞു. ഖാദിയാനിൽ അവന്റെ അകന്ന ബന്ധുക്കൾ ഉണ്ടായിരുന്നു. അവരുടെയെല്ലാം പേരുകൾ ഞങ്ങൾ പറഞ്ഞുകൊടുത്തു.

ഇത് കേട്ടപ്പോൾ അവന് വളരെ സന്തോഷമായി. അങ്ങനെ അവൻ ഒരു പാത്രം കൊണ്ട് വന്ന് തന്നു. ഞങ്ങൾ ഒരു സത്രത്തിൽ തങ്ങി, ആ പാത്രത്തിൽ ഭക്ഷണമുണ്ടാക്കി കഴിച്ചു, അവിടെയുണ്ടായിരുന്ന രണ്ട് കട്ടിലിന്മേലും പുതപ്പ് വിരിച്ച് ഞങ്ങൾ സ്ഥാനം പിടിച്ചു. തറയിൽ ഉറങ്ങിയിരുന്ന പഠാൻകാരെ തേൾ കടിച്ചപ്പോൾ ഞങ്ങൾ ദുആ ചെയ്ത് ഊതുകയും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് ഭേദമാവുകയുമുണ്ടായി.
തൽഫലത്താൽ അവർ ഞങ്ങളോട് അടുക്കുകയും നമസ്കാരങ്ങൾ ഞങ്ങളുടെ കൂടെ ജമാഅത്തായി അനുഷ്ഠിക്കുകയും ചെയ്തു. അവിടെ ഒരു അഹ്‌ലെ ഹദീസ്കാരനായ മൗലവി വന്നു. ആ പട്ടണത്തിലെ ധാന്യം പൊടിപ്പിക്കുന്ന മെഷീൻ റിപ്പയർ ചെയ്യുന്ന ആളുമായിരുന്നു അദ്ദേഹം. മൗലവിയുമായി സംവാദം ഉണ്ടായി. ഞങ്ങളുടെ പത്ത് വയസ്സുള്ള കുട്ടിയുമായി ചർച്ച നടത്തിയാൽ പോലും ഖാദിയാനികൾക്ക് മിണ്ടാട്ടമുണ്ടാകില്ല എന്ന് ആ പഢിതമാന്യൻ വീരവാദം മുഴക്കിയപ്പോൾ 40 വയസ്സുള്ള നിങ്ങളുടെ കൂടെ സംവാദം നടത്താൻ ഞങ്ങൾ ഒരുക്കമാണെന്ന് അറിയിച്ചു. ഞങ്ങളുടെ വാദമുഖങ്ങൾക്ക് മുന്നിൽ മറുപടി പറയാനാകാതെ സത്രമുടമയുടെയും മറ്റുള്ളവരുടേയും മുന്നിൽ അദ്ദേഹം ലജ്ജിതനായി. തബ്‌ലീഗിനുള്ള നല്ല അവസരം ലഭിച്ച ഞങ്ങൾ അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ചു.

അവലംബം: സിന്താ ദർക്കാത്
*വിവ: ബി.എ.മുഹമ്മദ് ആരിഫ് ശാഹിദ്*

ഉടൻ പ്രതീക്ഷിക്കുക

വഖ്ഫെ നൗ
സിൽവർ ജൂബിലി ഉപഹാരം

വീക്ഷണവിശേഷം
ഒബ്സർവർ

# ആടറിയുമോ അങ്ങാടി വാണിഭം !

**ലണ്ടൻ:** ഒളിമ്പിക്സിനു ആതിഥ്യമേകാൻ ലണ്ടൻ ഒരുങ്ങുമ്പോൾ ബ്രിട്ടീഷ് പള്ളികൾ റമസാനെ വരവേൽക്കാനുള്ള തയ്യാറെടുപ്പിലാണ്...... തലസ്ഥാനനഗരിയിലെത്തുന്ന കായികതാരങ്ങൾക്കും സന്ദർശകർക്കും പള്ളികളിൽ പ്രത്യേക ഇഫ്താർ വിരുന്നുമുണ്ടാകും......... തങ്ങളുടെ കവാടങ്ങൾ വിദേശികൾക്ക് മുന്നിൽ തുറന്ന് വെക്കാനും സാമൂഹികബന്ധങ്ങൾ ശക്തിപ്പെടുത്താനുമുള്ള അവസരമായാണ് ബ്രിട്ടീഷ് മുസ്‌ലിംകൾ ഇതിനെ കാണുന്നത്.. . . . . .. (ചന്ദ്രിക 13/06/2012)

ഈ വാർത്തയോടൊപ്പം മസ്ജിദിന്റെ ഫോട്ടോയും അതിനു താഴെ ലണ്ടനിലെ ബൈതുൽ ഫുതൂഹ് മസ്ജിദ്. യൂറോപ്പിലെ ഏറ്റവും വലിയ പള്ളിയാണിത് എന്ന അടിക്കുറിപ്പും ചേർത്തിട്ടുണ്ട്.

അന്താരാഷ്ട്രാതലത്തിൽ ഇസ്‌ലാമിന്റെ സന്ദേശപ്രചാരണവും പ്രവർത്തനവുമായി മുന്നേറുന്ന അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ എളിയ പ്രവർത്തകർ ഏകദൈവ ആരാധനക്കും വിശ്വാസപ്രഘോഷണത്തിനുമായി ത്രിത്വത്തിന്റെ പൂമുഖത്ത് പടുത്തുയർത്തിയതാണ് മസ്ജിദ് ബൈത്തുൽ ഫുതൂഹ് എന്ന യാഥാർഥ്യം അറിഞ്ഞോ അറിയാതേയോ ചന്ദ്രിക മൂടിവെച്ചിരിക്കുകയാണ്.

കേരളത്തിന്റെ 0 വട്ടത്തോ അതല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥലത്തോ ഒതുങ്ങുന്ന പ്രാദേശിക മുസ്‌ലിം സംഘടനകൾ, ആകാശം മുട്ടെ മിനാരവുമായി പള്ളികൾ കെട്ടിപ്പൊക്കാൻ പാട്ടപ്പിരിവ് നടത്തുന്ന കാലത്താണ് അന്യന്റെ മുന്നിൽ കൈ നീട്ടാതെ ത്രിത്വത്തിന്റെ കോട്ടകൊത്തളങ്ങളിലും അഹ്മദിയ്യാ ജമാഅത്ത് മസ്ജിദുകൾ ഉയർത്തുന്നത്. മാത്രമല്ല അഞ്ച് നേരം തൗഹീദിന്റെ ശാന്തഗംഭീരമായ ജയഭേരിയും അതിലേക്കുള്ള ഹൃദ്യമായ ആഹ്വാനവും അവയുടെ മിനാരങ്ങളിലൂടെ യൂറോപ്പിനെയാകെ പ്രകമ്പനം കൊള്ളിക്കുന്നു.

മറുഭാഗത്ത് യൂറോപ്യന്മാർ ഇസ്‌ലാമിനെക്കുറിച്ച് താൽപര്യപൂർവം പഠിക്കുകയാണ്. അതേ ഹദ്റത് അഹ്മദ്(അ) പറയുന്നു,

ആരേഹാഹെ ഇസ്ത്വരഫ് അഹറാറെ
യൂറോപ് കാ മിസാജ്
നബള് ഫിർ ചൽനെ ലഗീ മുർദോം കീ
നാഗാ സിന്ദവാർ
കഹ്ത്തെ ഹൈൻ തസ്‌ലീസ് കോ അബ്
അഹ്‌ലെ ദാനിഷ് അൽവിദാഅ്
ഫിർ ഹുയെ ഹൈൻ ചഷ്മയെ തൗഹീദ്
പർ അസ് ജാൻനിസാർ

യൂറോപ്യന്മാരുടെ അഭിരുചികൾ (ഇസ്‌ലാമിന്റെ) ഈ ഭാഗത്തേക്ക് ആയിക്കൊണ്ടിരിക്കുന്നു. മൃതരായവരുടെ നാഡികൾ ജീവസ്പന്ദനം ഉള്ളവയായിരിക്കുകയാണ്. യൂറോപ്യന്മാർ തൗഹീദിന്റെ തിരുചഷകത്തിൽ ജീവാർപ്പണത്തിനു തയ്യാറാവുകയും ചെയ്തു കൊണ്ടിരിക്കുന്നു.



ഇത് യൂറോപ്പിന്റെ മാത്രം അവസ്ഥയല്ല, മറിച്ച് ലോകം മുഴുവൻ ഏകദൈവസ്മരണയുടെ സാംസ്കാരിക കേന്ദ്രങ്ങൾ അഹ്മദീ മുസ്‌ലിംകൾ പടുത്തുയർത്തിക്കൊണ്ടിരിക്കുകയാണ്. ത്വാരിഖ് ബിൻ സിയാദ് നിശ്ചയ ദാർഢ്യത്തിലൂടെ നേടിയെടുത്ത, ഇസ്‌ലാമിക പ്രതാപഗരിമയുടെ പര്യായമായിരുന്ന, യൂറോപ്യൻ നവോഥാനത്തിനു വെള്ളിവെളിച്ചം പകർന്ന സ്പെയ്നിൽ എഴുന്നൂറു വർഷങ്ങൾക്കു ശേഷം ഇതാദ്യമായി മസ്ജിദുയർത്തിയതും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്താണ്. ജർമനി, ഫ്രാൻസ്, ഇറ്റലി,ആസ്ത്രേലിയ,ആഫ്രിക്കൻ രാജ്യങ്ങൾ തുടങ്ങി ലോകത്തിലെ 200 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ പ്രസ്ഥാനം ഇസ്‌ലാമിന്റെ വൈജയന്തിയുമായി മുന്നേറുന്നു.

ഇംഗ്ലണ്ടിൽ തന്നെ പല ക്രിസ്ത്യൻ ചർച്ചുകളും വിലക്കെടുത്ത് തൗഹീദിന്റെ സിരാകേന്ദ്രങ്ങളായ മസ്ജിദുകളാക്കി രൂപമാറ്റം വരുത്തി അതിലൂടെ തൗഹീദിന്റെ നാദം മുഴക്കുന്നു.

ഒരുകാലത്ത് നബിതിരുമേനി(സ) നെ തെറി പറഞ്ഞിരുന്ന സമൂഹം ഇന്ന് സ്വലാത്തിന്റെ വക്താക്കളായി മാറിക്കൊണ്ടിരിക്കുകയാണ്. നിർമതകേന്ദ്രങ്ങളിൽ പോലും ഇസ്‌ലാമിന്റെ നിറസാന്നിദ്ധ്യമായി അഹ്മദിയ്യാ പ്രസ്ഥാനം നിലകൊള്ളുന്നു.

ഇസ്‌ലാമിനേയും നബി(സ) നേയും ആക്ഷേപിക്കുന്നവർക്കു മുന്നിൽ ശക്തമായ പ്രതിരോധനിര തീർക്കുന്നതും അഹ്മദികൾ തന്നെ.

ലോകത്തിലെ പ്രധാന നഗരങ്ങളിലെല്ലാം അമുസ്‌ലിം പൗര പ്രമുഖരെ പങ്കെടുപ്പിച്ചു കൊണ്ട് പീസ് കോൺഫറൻസുകൾ സംഘടിപ്പിച്ച് ഇസ്‌ലാമിന്റെ സന്ദേശപ്രഘോഷണത്തിലും ഞങ്ങൾ വ്യാപൃതരാണ്.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ഖലീഫമാർ ലോകത്തിന്റെ സകല മുക്കിലും മൂലയിലും ഏകദൈവസാക്ഷ്യത്തിന്റെ ശബ്ദം മുഖരിതമാക്കാൻ മസ്ജിദുകൾ ഉയർത്താൻ അഹ്മദികളെ ആഹ്വാനം ചെയ്തിരുന്നു. അതിന്റെ പൂർത്തീകരണത്തിനുള്ള പ്രയത്നങ്ങളുമായി ഖിലാഫത്തിന്റെ അനിഷേധ്യ നേതൃത്വത്തിനു കീഴിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ജൈത്രയാത്ര തുടരുകയാണ്.

*പക്ഷേ, ആടറിയുമോ അങ്ങാടിവാണിഭം !*

### ഗുട്ടൻസ്

പുതിയ പാക്ക് പ്രധാനമന്ത്രി രാജാ പർവേസ് അശ്റഫ് തന്റെ മോട്ടോ Love For All Hatred For None ആണെന്ന് പ്രഖ്യാപിച്ചിരിക്കുന്നു.
(ഏ ആർ ഐ ന്യൂസ് 25/06/2012)

ദി നേഷൻ പത്രത്തിലെ റിപ്പോർട്ട് ഇങ്ങിനെയായിരുന്നു; We believe in Love For All Hatred For None (26/06/2012)



# റമദാൻ ഡയറി

## എന്താണ് നോമ്പ്?

ഇസ്‌ലാമിക ആരാധനകളിലെ രണ്ടാമത്തെ സ്തംഭമാണ് നോമ്പ്. ഇതിലൂടെ ആത്മ സംസ്കരണവും, സമുദ്ധാരണവും, സഹനശക്തിക്കുള്ള ശിക്ഷണവും കരഗതമാകുന്നു. സൗം (നോമ്പ്) എന്നതിന്റെ വാച്യാർത്ഥം വിട്ടുനിൽക്കുക, ഒന്നും ചെയ്യാതിരിക്കുക എന്നൊക്കെയാണ്. ശർഇ ഭാഷയിൽ, പ്രഭാതം മുതൽ സൂര്യാസ്തമയം വരെ ആരാധന എന്ന നിയ്യത്തോടു കൂടി ഭക്ഷണപാനീയങ്ങളിൽ നിന്നും ശാരീരിക ബന്ധങ്ങളിൽ നിന്നും വിട്ടു നിൽക്കുക എന്നതാണ് നോമ്പ്.

## മാസപ്പിറവി

അറബി മാസങ്ങൾ 29, 30 ദിവസങ്ങളാണുണ്ടാകുക
ശഅ്ബാൻ 29 നാണ് റമദാൻ മാസപ്പിറവി നോക്കേണ്ടത്.
അന്ന് മാസപ്പിറവി കണ്ടാൽ അടുത്ത ദിവസം റമദാൻ ആയിരിക്കും.
ശഅ്ബാൻ 29 ന് മാസപ്പിറവി കണ്ടില്ലെങ്കിൽ
അടുത്ത ദിവസം ശഅ്ബാൻ 30 പൂർത്തിയാക്കി
അതിന്റെ അടുത്ത ദിവസം മുതൽ നോമ്പ് തുടങ്ങും.

## അറബി മാസം

ചാന്ദ്ര ദർശനമനുസരിച്ചാണ് അറബി മാസപ്പിറവിയും ദിനങ്ങളും ഗണിക്കുന്നത്. ചന്ദ്രൻ ഉദിക്കുന്നത് വൈകുന്നേരം മഗ്‌രിബിനോടടുത്ത സമയത്താണ്. ആ സമയം മുതൽ ദിവസം ആരംഭിക്കുന്നതാണ്. അറബി കലണ്ടർ പ്രകാരം ദിവസത്തിന്റെ അവസാന പകുതിയിലാണ് നോമ്പെടുക്കുക.

## ചാന്ദ്ര ദർശനം

**വിശുദ്ധ ഖുർആൻ പറയുന്നു**

**മൻശഹിദ മിൻ കുമുശ്ശഹ്റ ഫൽ യസ്വംഹു**
ഈ മാസത്തിന് സാക്ഷിയാകുന്നവർ അതിൽ നോമ്പനുഷ്ഠിക്കണം.

**നോമ്പ് ആരംഭിക്കുന്നത് സംബന്ധിച്ച വിധി**
ലാ തസ്വൂമൂ ഹത്താ തറവുൽ ഹിലാല
ചന്ദ്രനെ കാണുന്നതു വരെ നോമ്പ് തുടങ്ങരുത്.
അത് സ്വയം കാണുകയോ, അല്ലെങ്കിൽ വിശ്വാസയോഗ്യരായവരിൽ നിന്നുള്ള സാക്ഷ്യം മൂലമോ ആകാവുന്നതാണ്.

## ചാന്ദ്ര ദർശനം എങ്ങിനെ?

ഓരോരുത്തരും പിറവി ചന്ദ്രനെ നേരിൽ കാണണമെന്ന് നിർബന്ധമില്ല. ആ നാട്ടിൽ, സമൂഹത്തിൽ വിശ്വാസയോഗ്യനായ ഒരാൾ കണ്ടാൽ തന്നെ അവർക്ക് നോമ്പ് നിർബന്ധമാകുന്നതാണ്.
അതുകൊണ്ട് ചാന്ദ്ര ദർശനത്തിന്റെ തീരുമാനത്തിൽ വാർത്താ മാധ്യമങ്ങളേയും പരിഗണിക്കാവുന്നതാണ് (ഫിഖ്ഹ് അഹ്മദിയാ) അക്ഷാംശരേഖയിൽ നിന്ന് ദൂരപ്പെട്ട് പോകുന്തോറും ചാന്ദ്ര ദർശനത്തിൽ കാലതാമസമുണ്ടാകും. അതുകൊണ്ട് തന്നെ കേരളത്തിലേതും നേരത്തെ ഗൾഫ് നാടുകളിൽ ചന്ദ്രപ്പിറവി കാണാറുണ്ട്.ലോകത്തെല്ലായിടത്തും ഒരേ ദിവസം നോമ്പ് ആരംഭിക്കുക എന്നതും ഇക്കാരണത്താൽ തന്നെ അസാധ്യമാണ്.

## ചാന്ദ്രദർശനവും ദുആയും

ഹദ്റത്ത് ത്വൽഹബിനു ഉബൈദുല്ലാഹ് (റ), ഹദ്റത്ത് ഖത്താദ (റ) എന്നിവർ നിവേദനം ചെയ്യുന്നു. നബി (സ) പിറവി ചന്ദ്രനെ കാണുമ്പോൾ ഇങ്ങനെ ദുആ ചെയ്തിരുന്നു,
**അല്ലാഹുമ്മ അഹില്ലഹൂ,അലയ്നാ ബിൽ അംനി വൽ ഈമാനി, വസ്സലാമത്തി വൽ ഇസ്‌ലാമി, റബ്ബി വ റബ്ബുക്കല്ലാഹു, ഹിലാലു ഖയ്റിൻ വ റുശ്ദിൻ, ഹിലാലു ഖയ്റിൻ വ റുശ്ദിൻ, ഹിലാലു ഖയ്റിൻ വ റുശ്ദിൻ, ആമൻത്തു ബില്ലാഹി വ ഖലഖക്ക.**
(തിർമിദി, മുസ്തദിരിക് ഹാകിം)
അല്ലാഹുവേ ഈ ചന്ദ്രനെ ഞങ്ങൾക്ക് സമാധാനത്തിന്റെയും, വിശ്വാസത്തിന്റെയും, ശാന്തിയുടെയും, ഇസ്‌ലാമിന്റെയും ചന്ദ്രനാക്കി ഉദിപ്പിക്കേണമേ.
ഇതിനെ അനുഗ്രഹത്തിന്റെയും നന്മയുടെയും ചന്ദ്രനാക്കേണമേ,
ഇതിനെ അനുഗ്രഹത്തിന്റെയും നന്മയുടെയും ചന്ദ്രനാക്കേണമേ,
ഇതിനെ അനുഗ്രഹത്തിന്റെയും നന്മയുടെയും ചന്ദ്രനാക്കേണമേ,
നിന്നെ സൃഷ്ടിച്ച അല്ലാഹുവിലാണ് ഞാൻ വിശ്വസിക്കുന്നത്.

## നിയ്യത്ത്

നോമ്പെടുക്കാൻ നിയ്യത്ത് അനിവാര്യമാണ്. അതേസമയം നിശ്ചിത വചനങ്ങളിൽ തന്നെ നോമ്പെടുക്കണമെന്ന് നിർദ്ദേശമില്ല.
നബി തിരുമേനി (സ) പറയുന്നു:
**മൻലം യജ്മഇ സ്സൗമ ഖബ്‌ലൽ ഫജ്‌രി ഫലാ സ്വിയാമ ലഹൂ** (തിർമിദി).
ഹജിന് മുമ്പേ നോമ്പിനുള്ള നിയ്യത്ത് ചെയ്തിട്ടില്ലെങ്കിൽ അയാൾക്ക് നോമ്പില്ല.നബി (സ) പറയുന്നു, പ്രഭാതത്തിനു മുമ്പ് നോമ്പിന്റെ നിയ്യത്ത് ചെയ്യാത്തവരുടേത് നോമ്പായിരിക്കില്ല. (തിർമിദി)
എന്തിനു വേണ്ടിയാണ് ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുന്നതെന്ന ചിന്ത ഹൃദയത്തിലുണ്ടാകുന്നതാണ് യഥാർത്ഥ നിയ്യത്ത്.

## സിഹ്‌രി (ഇടയത്താഴം)

നോമ്പെടുക്കുന്നത് എന്തെങ്കിലും ഭക്ഷിച്ചുകൊണ്ടായിരിക്കണം.
നബി (സ) പറയുന്നു, **തസഹ്ഹറൂ ഫ ഇന്ന ഫിസ്സഹൂരി ബറക്കത്തുൻ** (ബുഖാരി). നിങ്ങൾ ഇടയത്തായം കഴിക്കുവിൻ, തീർച്ചയായും ഇടയത്തായത്തിൽ അനുഗ്രഹമുണ്ട്.
മറ്റൊരവസരത്തിൽ പറഞ്ഞു, നമ്മുടേയും ഗ്രന്ഥാനുസാരികളുടേയും നോമ്പിലുള്ള ഒരു വ്യതിരിക്തത അത്താഴം കഴിക്കലാണ്.

## സമയം

**വിശുദ്ധ ഖുർആൻ പറയുന്നു,**
**വ കുലൂ വശ്റബൂ ഹത്താ യത്തബയ്യന ലക്കുമുൽ ഖയ്ത്വുൽ അബ്‌യളു മിനൽ ഖയ്ത്വിൽ അസ്‌വദി മിനൽ ഫജ്‌രി.**
പ്രഭാതത്തിന്റെ വെള്ളനൂൽ കറുപ്പ് നൂലിൽ നിന്ന് വ്യതിരിക്തമായി വെളിപ്പെടുന്നതുവരെ നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. ചില സഹാബാക്കൾ തങ്ങളുടെ തലയിണകൾക്കു കീഴെ വെള്ളയും കറുപ്പും നൂലുകൾ വെക്കുകയും, സ്വിഹ്‌രിയുടെ സമയത്ത് അത് നോക്കി തിരിച്ചറിയുന്നുണ്ടോ എന്ന് ശ്രദ്ധിക്കുകയും ചെയ്തിരുന്നു.
ഒരിക്കൽ ഹദ്റത്ത് അദിയ്യിബിനു ഹാതിം (റ), നബി(സ) യോട് ഈ കഥ വിവരിച്ചപ്പോൾ നബി (സ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു, അങ്ങനെയാണെങ്കിൽ നിങ്ങളുടെ തലയിണക്ക് വല്ലാത്ത വലിപ്പം ഉണ്ടായിരിക്കുമല്ലോ. അതിനിടയിൽ പ്രഭാതത്തിന്റെയും രാത്രിയുടെയും നൂൽ വക്കാൻ കഴിയുമെങ്കിൽ!
ഇതിന് ശേഷമാണ് മിനൽ ഫജ്‌രി (പ്രഭാതത്തിന്റെ) എന്ന ഭാഗം അവതരിച്ചതെന്ന് നിവേദനങ്ങളിൽ കാണുന്നു.
ഫജർ സൂര്യോദയത്തിന് 1 മണിക്കൂർ 22 മിനിറ്റ് മുമ്പുള്ള സമയമാണ്. ഈ സമയം വരെ സിഹ്‌രി കഴിക്കാവുന്നതാണ്. അർദ്ധരാത്രിക്കു ശേഷം ആരംഭിച്ച് പ്രഭാതം പൊട്ടിവിരിയുന്നതുവരെയാണ് അത്താഴത്തിന്റെ സമയം.

എന്നാൽ അർദ്ധരാത്രി എഴുന്നേറ്റ് അത്താഴം കഴിക്കുന്നത് അഭിലഷണീയമല്ല. യഥാർത്ഥ അനുഗ്രഹം സുന്നത്തിനെ അനുധാവനം ചെയ്യുന്നതിലാണ്. അത് പ്രഭാതത്തിന് അല്പം മുമ്പ് തിന്നുകയും കുടിക്കുകയും ചെയ്യുക എന്നതാണ്. സഹാബാക്കൾ പറയുന്നു, അത്താഴം കഴിച്ചു കഴിഞ്ഞാൽ ഞങ്ങൾ നമസ്കാരത്തിനായി തയ്യാറെടുക്കുമായിരുന്നു.(തിർമിദി) അതായത് അത്താഴത്തിനും സുബ്ഹി നമസ്കാരത്തിനും ഇടയിലുള്ള സമയം അല്പമായിരുന്നു.

## എത്ര സമയം വരെ

നബി (സ) പറയുന്നു
**അജ്ജിലൂൽ ഇഫ്ത്വാറ വ അഖ്ഖിറൂ സ്സഹൂറ**(കൻസുൽ ഉമ്മാൽ)
നിങ്ങൾ നോമ്പ് തുറക്കാൻ ധൃതി കാണിക്കുകയും, സ്വിഹ്‌രി കഴിക്കാൻ സാവധാനം കാണിക്കുകയും ചെയ്യുവിൻ.
മറ്റൊരു സന്ദർഭത്തിൽ പറഞ്ഞു, സ്വിഹ്‌രി കഴിക്കുന്നതിൽ സമയം വൈകിപ്പിക്കുന്ന കാലത്തോളം എന്റെ ഉമ്മത്തിന് അനുഗ്രഹങ്ങൾ നൽകപ്പെടുന്നതാണ് (മുസ്നദ് അഹ്മദ്).

**ഇദാ സമിഅ അഹദക്കുമുന്നിദാഅ വൽ ഇനാഉ അലാ യദിഹീ ഫലാ യളഅ്ഹു ഹത്താ യഖ്ളിയ ഹാജതുഹൂ മിൻഹു** (അബൂ ദാവൂദ്)
ബാങ്ക് കേൾക്കുമ്പോൾ നിങ്ങളുടെ കയ്യിൽ ഭക്ഷണപാത്രമാണെങ്കിൽ, ആവശ്യത്തിന് കഴിച്ചു തീരും വരെ പാത്രം ഒഴിവാക്കേണ്ടതില്ല.
ഒരിക്കൽ നബി (സ), ബിലാൽ (റ) നോട് പറഞ്ഞു
**റുവയ്ദക്ക യാ ബിലാലു ഹത്താ യഫ്‌റഉ അൽ ഖമത്തു മിൻ സുഹൂറിഹീ** (കൻസുൽ ഉമ്മൻ) ബിലാൽ, അൽഖമ ഭക്ഷണം കഴിച്ചുതീരും വരെ (ബാങ്ക് കൊടുക്കാതെ) നിൽക്കൂ.
ഹദ്റത്ത് സയ്ദ് ബിനു സാബിത് (റ) നിവേദനം ചെയ്യുന്നു, ഞങ്ങൾ തിരുനബി (സ) യോടൊപ്പം സ്വിഹ്‌റി കഴിക്കുകയും തുടർന്ന് ഫജ്ർ നമസ്കരിക്കുകയും ചെയ്തു.
ഹദ്റത്ത് അനസ് (റ) ചോദിച്ചു, സ്വിഹ്‌റിക്കും ഫജറിനുമിടയിൽ എത്രസമയം ഉണ്ടായിരുന്നു. സയ്ദ് ബിനു സാബിത് (റ) പറയുന്നു 50 ആയത്തുകൾ ഓതാനുള്ള അത്രയും സമയം.
സാവധാനത്തിൽ ഓതുകയാണെങ്കിൽ 10, 15 മിനിറ്റ്

## സ്വിഹ്‌രി അനുഗ്രഹം

നബി (സ) പറയുന്നു, **തസ്സഹൂ വലൗ ബിശർബത്തിൻ മിൻ മാഇൻ വലൗ ബിഹബ്ബാത്തി സബീബിൻ ഫ ഇന്നൽ മലാഇക്കത്ത തുസ്വല്ലി അലയ്ക്കും** (കൻസുൽ ഉമ്മാൽ) നിങ്ങൾ ഒരു വായ വെള്ളം കൊണ്ടോ, ഒരു മുന്തിരി കൊണ്ടോ എങ്കിലും സ്വിഹ്‌റി കഴിക്കുവിൻ. കാരണം അങ്ങിനെ മലക്കുകൾ നിങ്ങൾക്ക് അനുഗ്രഹാശിസുകൾ നേരുന്നതാണ്. നബി (സ) പറയുന്നു **അല്ലാഹഹുമ്മ ബാരിക് ലി ഉമ്മത്തി ഫീ സുഹൂരിഹാ** (കൻസുൽ ഉമ്മാൻ) അല്ലാഹുവേ എന്റെ ഉമ്മത്തിന് സ്വിഹ്‌റി കഴിക്കുന്നതിൽ അനുഗ്രഹം നൽകേണമേ.

## ഇഫ്ത്വാരി

നബി (സ) ഈന്തപ്പഴം കൊണ്ടാണ് ഇഫ്ത്വാർ (നോമ്പ് തുറ) ചെയ്തിരിക്കുന്നത്. അതു കിട്ടിയില്ലെങ്കിൽ കാരക്ക (ഉണക്ക ഈന്തപ്പഴം) കൊണ്ടും അതും ലഭിച്ചില്ലെങ്കിൽ പച്ചവെള്ളം കൊണ്ടും ഇഫ്ത്വാർ ചെയ്തിരുന്നു (തിർമിദി).
നബി (സ) പറയുന്നു, ഈന്തപ്പഴം കൊണ്ട് നോമ്പ് തുറക്കുവിൻ. അത് അനുഗൃഹീതമാണ്. ഈന്തപ്പഴം കിട്ടിയില്ലെങ്കിൽ വെള്ളം കൊണ്ട് നോമ്പ് തുറക്കുവിൻ. അത് പരിശുദ്ധമാണ് (തിർമിദി).
നബി (സ) പറയുന്നു, നോമ്പ്കാരന് രണ്ടു സന്തോഷമാണുള്ളത്. ഒന്ന് നോമ്പ് തുറക്കുന്ന സമയത്ത്. രണ്ടാമത്തേത്, നോമ്പ് കാരണം അല്ലാഹുമായി കണ്ടുമുട്ടുമ്പോൾ.(ഇബ്നു മാജ)

## ദുആ

ഇഫ്ത്വാരിയുടെ സമയത്ത് തിരുനബി (സ) ഇങ്ങിനെ ദുആ ചെയ്തിരിക്കുന്നു
**അല്ലാഹുമ്മ ലക്ക സ്വുംത്തൂ വഅലാ റിസ്കിക്ക അഫ്ത്വർത്തൂ.**
അല്ലാഹുവേ, നിന്നെ മുൻനിർത്തി ഞാൻ നോമ്പനുഷ്ഠിക്കുകയും നീ തന്ന ഭക്ഷണം കൊണ്ട് നോമ്പ് തുറക്കുകയും ചെയ്യുന്നു
(അബൂ ദാവൂദ്).

## സ്വയം പ്രയാസ്സപ്പെടുന്നതല്ല നന്മ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) പറയുന്നു, തനിക്ക് മേൽ കാഠിന്യം പ്രവർത്തിക്കുന്നതിൽ ഒരു ദൈവപ്രീതിയും ഇല്ല. അല്ലാഹു കാഠിന്യം ഇച്ഛിക്കുന്നിടത്ത്, കാഠിന്യം അനുഭവിക്കുക. അതിലാണ് നന്മ. കാഠിന്യം അരുതെന്ന് പറഞ്ഞിടത്ത് കാഠിന്യം കാണിക്കാതിരിക്കുന്നത് നന്മയാണ്. നന്മ വാസ്തവത്തിൽ യഥാർഥ പ്രേമഭാജനത്തിന്റെ സംപ്രീതിയുടെ പേരാണ്. (അൽ ഫദ്ൽ 30-03-1993)

## ഇഫ്ത്വാരി സമയം

നബി (സ) ഒരു യാത്രയിലായിരുന്നു. തിരുനബി, ഹദ്റത്ത് ബിലാൽ (റ) നോട് പറഞ്ഞു, സവാരിയിൽ നിന്നിറങ്ങി, നമുക്ക് ഭക്ഷണം തയ്യാറാക്കൂ. ബിലാൽ പറഞ്ഞു, കുറച്ച് കൂടി നേരം വൈകിക്കോട്ടെ.
നബി (സ) പറഞ്ഞു, അല്ല, ഉടനെ ഇറങ്ങി ഭക്ഷണം ഉണ്ടാക്കൂ.
ബിലാൽ പറഞ്ഞു, യാ റസൂലുല്ലാഹ്, ഇപ്പോഴും പകൽ തീർന്നിട്ടില്ല.
മൂന്നാമതും നബി (സ) കൽപ്പന ആവർത്തിച്ചതും ബിലാൽ ഇറങ്ങി ഭക്ഷണം തയ്യാറാക്കി.
നബി (സ) കിഴക്ക് ഭാഗത്തേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു, ഇവിടെ ഇരുട്ടാൻ തുടങ്ങിയാൽ (അതായത് സൂര്യൻ അസ്തമിച്ചാൽ) നിങ്ങൾ നോമ്പ് തുറന്നു കൊള്ളുവിൻ. മറ്റൊരു നിവേദനത്തിൽ ഇഫ്ത്വാരിയുടെ സമയം **ഇദാ ഗാബത്തി ശ്ശംസു ഫഖദിഫ്ത്വറ സ്സാഇമി** സൂര്യൻ അസ്തമിച്ചാൽ നോമ്പു തുറക്കുക എന്ന് നബി (സ) കൽപ്പിച്ചിട്ടുണ്ട് (തിർമിദി).
ഹദ്റത്ത് ഉമർ (റ) നിവേദനം ചെയ്യുന്നു, നബി (സ) പറഞ്ഞു, പകൽ മങ്ങുകയും രാത്രി കടന്നു വരികയും സൂര്യൻ അസ്തമിക്കുകയും ചെയ്യുമ്പോൾ നോമ്പു തുറക്കുക. (ബുഖാരി)

## ധൃതി കാണിക്കുക

നബി (സ) പറയുന്നു
**ഖാല ല്ലാഹു അസ്സവജല്ല അഹബ്ബു ഇബാദീ ഇലയ്യ അഅ്ജലുഹും ഫിത്വാറാ**
അല്ലാഹു പറഞ്ഞു, എന്റെ അടിയാറുകളിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ടവർ നോമ്പുതുറക്കുന്നതിൽ മറ്റുള്ളവരെക്കാളും ധൃതികാണിക്കുന്നവരാണ്.

**ലാ യസാലുന്നാസു ബിഖയ്‌രിൻ മാ അജ്ജിലുൽ ഫിത്വ്റ** (മുസ്‌ലിം)
നോമ്പു തുറക്കാൻ ധൃതികാണിക്കുന്നത്രയും കാലം ജനങ്ങൾ അനുഗ്രഹത്തിലായിരിക്കും. **ബക്കിറൂ ബിൽ ഇഫ്താർ**
നിങ്ങൾ നോമ്പ് തുറക്കുന്നതിൽ ധൃതികാണിക്കുവിൻ.
നബി (സ) പറയുന്നു, നോമ്പ് തുറക്കുന്നതിനായി ധൃതിപ്പെടുന്നതുവരെ നന്മയും അനുഗ്രഹവും മേന്മയും കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നതാണ്.
(ബുഖാരി)

## മിതത്വം

ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു
ഇഫ്ത്വാരിയിൽ വ്യത്യസ്ത പിറവങ്ങളും സിഹ്‌റിയിൽ ബുദ്ധിമുട്ടി കാണിച്ചു കൂട്ടാനുള്ള അവസ്ഥയും പാടുള്ളതല്ല. ഇത്രയും നേരം വിശന്നിരുന്നതാണ്. അതുകൊണ്ട് ഇനി മൂക്കറ്റം വരെ കഴിക്കാമെന്ന് കരുതരുത്. സ്വഹാബാക്കൾ ഇഫ്ത്വാരിക്ക് യാതൊരുവിധ പ്രയാസവും കാണിച്ചിരുന്നില്ല. ഈന്തപ്പഴം കൊണ്ടോ, ഉപ്പുകൊണ്ടോ, വെള്ളം കൊണ്ടോ, റൊട്ടി കൊണ്ടോ ഒക്കെയാണ് ഇഫ്താരി ചെയ്തിരുന്നത്. അതുകൊണ്ടു തന്നെ ഈ സമ്പ്രദായത്തെ തുടർന്നുകൊണ്ടു പോകുന്നതും. തിരുനബിയുടെയും, സ്വഹാബത്തിന്റെയും മാതൃക ജീവത്തായി നിലനിർത്തേണ്ടതും അനിവാര്യമാണ്.
(തഫ്സീർ കബീർ ഭാഗം.2)

# നോമ്പ് തുറപ്പിക്കൽ

നോമ്പു തുറപ്പിക്കുന്ന ആൾക്കും, വലിയ പ്രതിഫലവും കിട്ടുമെന്ന് ഹദീസുകളിൽ കാണാം. നബി (സ) പറയുന്നു, നോമ്പു തുറപ്പിക്കുന്നവനും, നോമ്പ് എടുത്ത ആൾക്ക് നോമ്പ് പിടിച്ച് നന്മകൾക്കും, ഇബാദത്തുകൾ ചെയ്യുന്നതിന്റെ അത്ര തന്നെ പുണ്യം ലഭിക്കുന്നതാണ് (തിർമിദി). മറ്റൊരിക്കൽ നബി(സ) പറഞ്ഞു: നോമ്പ് തുറപ്പിക്കുന്നവന് തിന്മകളിൽ നിന്നുള്ള പാപ പൊറുതിയും ,ശിക്ഷയിൽ നിന്ന് മോചനവും കിട്ടുന്നതോടൊപ്പം നോമ്പെടുത്തവന്റെ അത്ര തന്നെ പുണ്യവും ലഭിക്കുന്നതാണ്. ചില സ്വഹാബാക്കൾ പറഞ്ഞു.ഞങ്ങൾക്കെല്ലാവർക്കും നോമ്പ് തുറപ്പിക്കാനുള്ള കഴിവില്ല. നബി(സ) പറഞ്ഞു. അല്പം പാലിൽ വെള്ളം ചേർത്ത് കുടിപ്പിച്ചോ, ഈന്തപ്പഴം കൊണ്ടോ നോമ്പ് മുറിപ്പിക്കുന്നവനും തീർച്ചയായും പുണ്യം കിട്ടുന്നതാണ്.(മിശ്കാത്ത്)

# എന്താണ് യാഥാർത്ഥ്യം?

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) പറയുന്നു
നോമ്പ് തുറപ്പിക്കുക എന്നതുകൊണ്ടുള്ള വിവക്ഷ, പകൽ മുഴുവനും സാധുക്കൾക്ക് നേരെ കണ്ണടച്ച്, മഗ്‌രിബ് നേരത്ത് ഒരു നോമ്പ്കാരന്റെ നോമ്പ് തുറപ്പിച്ച് എല്ലാ തിന്മകളും മാപ്പാക്കിക്കാം എന്നല്ല. ഈ രീതി തിരുനബി (സ)ന്റെ ജീവിതമാതൃകയിൽ നിന്ന് തികച്ചും വിഭിന്നമാണ്.
(അൽ ഫദ്ൽ 26.02.1994)

# അരുത്!!

**കളവ്**
നോമ്പെടുക്കുന്നവൻ കളവ് പറയുന്നതിൽ നിന്നും, കളവായ കാര്യങ്ങൾ ചെയ്യുന്നതിൽ നിന്നും വിട്ടുനിൽക്കുന്നില്ലെങ്കിൽ അവന്റെ വിശപ്പും ദാഹവും സഹിക്കുന്നതിൽ അല്ലാഹുവിന് യാതൊരു കാര്യവുമില്ലെന്ന് നബി (സ) വ്യകതമാക്കി തന്നിട്ടുണ്ട്. (ബുഖാരി)
**ശണ്ഠ**
നോമ്പെടുക്കുന്നവൻ ആരോടും ശണ്ഠ കൂടുകയോ ആരേയും തെറി പറയുകയോ ചെയ്യരുത്. ആരെങ്കിലും അവനോട് ശണ്ഠയ്ക്ക് വന്നാൽ, അവൻ ഞാൻ നോമ്പ്കാരനാണ് എന്ന് രണ്ട് പ്രാവശ്യം പറഞ്ഞ് ഒഴിയട്ടെ എന്നാണ് നബി (സ) കൽപ്പിച്ചിരിക്കുന്നത്. (ബുഖാരി)

# തിന്മ

നബി (സ) പറയുന്നു: റമദാനിൽ ആരെങ്കിലും ബോധപൂർവ്വം തിന്മ ചെയ്യുകയോ ഏതെങ്കിലും വിശ്വാസിയെപ്പറ്റി പരദൂഷണം പറയുകയോ, ലഹരി ഉപയോഗിക്കുകയോ ആണെങ്കിൽ അല്ലാഹു അയാളുടെ എല്ലാ നോമ്പുകളും വൃഥാവിലാകുന്നതാണ്. ആയതിനാൽ നിങ്ങൾ റമദാനെ സംബന്ധിച്ച് ഭയഭക്തി കൈകൊള്ളുക. കാരണം അത് അല്ലാഹുവിന്റെ മാസമാകുന്നു. (കൻസുൽ ഉമ്മാൽ)

# നിയന്ത്രിക്കുക

നബി (സ) പറയുന്നു. റമദാനിൽ നന്മയുടേയും തിന്മയുടേയും ഫലങ്ങൾ ഒരുപാട് വർദ്ധിപ്പിക്കുന്നു. മറ്റൊരു സമയത്തും ഇത്രത്തോളം വർദ്ധിപ്പിക്കുന്നില്ല. ആയതിനാൽ ഈ മാസത്തിൽ നിങ്ങൾ സ്വേച്ഛകളെ നല്ല പോലെ നിയന്ത്രിക്കുവിൻ. (കൻസുൽ ഉമ്മാൽ)

# ചെയ്യണം

നോമ്പുകാരൻ വിശുദ്ധ ഖുർആൻ പാരായണം, തഹജ്ജുദ് നമസ്കാരം മറ്റ് നമസ്കാരങ്ങൾ എന്നിവയിൽ ബദ്ധശ്രദ്ധനായിരിക്കണം.
സദഖ, ഖയ്റാത്ത് എന്നിവയിൽ മത്സരബുദ്ധിയോടെ മുന്നേറണം.
കഴിയുമെങ്കിൽ അവസാനപത്തിൽ 'ഇഅ്തികാഫ്' അനുഷ്ഠിക്കണം.

# പരിച

**നബിവചനം**
നോമ്പ് തീയിൽ നിന്നും രക്ഷിക്കുന്നതിന്നുള്ള പരിചയാകുന്നു. യുദ്ധത്തിൽ ശത്രുക്കളുടെ ആക്രമണങ്ങളെ തടുക്കുന്നതു പോലുള്ള പരിച. (ഇബ്നുമാജ)
മറ്റൊരു നിവേദനത്തിൽ പറയുന്നു, കാലത്തിന്റെ പ്രയാസങ്ങളേയും നാശങ്ങളെയും പ്രതിരോധിക്കുന്ന പരിചയാണ് നോമ്പ്.
നോമ്പ്, ശിക്ഷകളെ തടയുന്ന പരിചയാണ്.(ജാമിഉ സ്സ്വഗീർ)
നോമ്പുകാരൻ സ്വയം കേടുവരുത്തുന്ന സമയം വരെയും നോമ്പ് പരിചയായിരിക്കും.

# സംരക്ഷണം

നബി (സ) പറഞ്ഞു, അല്ലാഹുവിനെ മുൻനിർത്തി നോമ്പെടുക്കുന്നവന്റെ മുഖത്തെ തീയിൽ നിന്ന് പതിനേഴ് വർഷം അകലത്തേക്ക് കൊണ്ടുപോകുന്നതാണ്.(നസാഇ).മറ്റൊരു നിവേദനത്തിൽ 100 വർഷം അകലത്തേക്ക് എന്നു വന്നിട്ടുണ്ട്.
റമദാനിൽ നോമ്പനുഷ്ഠിക്കുകയും അല്ലാഹു നിശ്ചയിച്ച അതിരുകൾ സൂക്ഷിക്കുകയും, വിട്ടുനിൽക്കാൻ കൽപിച്ചതിൽ നിന്ന് അകന്നിരിക്കുകയും ചെയ്തവന്റെ മുൻകാല തിന്മകൾക്ക്, നോമ്പ് പ്രായശ്ചിത്തമാകുന്നതാണ്.
ഹദ്റത്ത് അനസ് (റ) നിവേദനം ചെയ്യുന്നു.
നബി (സ) പറഞ്ഞു. 'റമദാൻ' എന്ന പേര് വെക്കാനുള്ള കാരണം, അത് തിന്മകളെ എരിച്ചുകളയുന്നത് കൊണ്ടാണ്.

# സംസർഗ്ഗം അരുത്

നോമ്പുള്ള അവസ്ഥയിൽ വിശുദ്ധ ഖുർആൻ അന്നപാനീയങ്ങൾ മാത്രമല്ല ഭാര്യാഭർത്തൃ സംസർഗ്ഗവും വിലക്കിയിരിക്കുന്നു.

# നോമ്പ് മുറിയുന്ന സംഗതികൾ

സാധാരണഗതിയിൽ എന്തെങ്കിലും ശരീരത്തിൽ നിന്ന് പുറത്ത് പോയാൽ വുളു മുറിയുന്നു. എന്നാൽ എന്തെങ്കിലും ശരീരത്തിനകത്തേക്ക് കടന്നാൽ നോമ്പ് മുറിയുന്നതാണ്. (തഫ്സീർ കബീർ)
രോഗം കാരണത്താൽ ഇഞ്ചക്ഷൻ വെക്കുക, ചർദ്ദിക്കുക.
അതേസമയം യാദൃശ്ചികമായി ചർദ്ദി വന്നാൽ നോമ്പ് മുറിയില്ല.

# നോമ്പ് മുറിയില്ല

കണ്ണാടി നോക്കുക, കൂടെക്കൂടെ കുളിക്കുക, മുങ്ങി കുളിക്കുക, മസ്സാജ് ചെയ്യുക, സ്നേഹത്തോടെ ഉമ്മവെക്കുക, മൂക്കിൽ വെള്ളം കൊണ്ട് വൃത്തിയാക്കുക, ഉമിനീർ ഇറങ്ങുക, പല്ലിൽ നിന്നും രക്തം വരുക, രോഗിക്കു രക്തം നൽകുക, പല്ലു തേക്കുക, സുഗന്ധം മണക്കുക, യാദൃശ്ചികമായി സ്ഖലനം സംഭവിക്കുക എന്നിവ കൊണ്ടൊന്നും നോമ്പ് മുറിയുന്നതല്ല. രോഗിക്കു രക്തം നൽകുമ്പോൾ,തൽക്കാലികമായെങ്കിലും ക്ഷീണം അനുഭവപ്പെടുന്നതുകൊണ്ട് നോമ്പ് ഒഴിവാക്കി മറ്റു ദിവസങ്ങളിൽ പൂർത്തിയാക്കുകയാണ് വേണ്ടത്.
നബി (സ) പറയുന്നു, നോമ്പുകാരന്റെ ഉപഹാരമാണ് തൈലവും സുഗന്ധവും. നോമ്പുകാരന്റെ ഏറ്റവും നല്ല ശീലം പല്ല് തേക്കുകയാണ്. രുചി നോക്കാവുന്നതാണ് (പക്ഷെ.ഭക്ഷിക്കരുത്) എന്ന് ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനംചെയ്യുന്നു.

# പ്രായശ്ചിത്തമില്ല

ബോധപൂർവ്വം നോമ്പ് ഒഴിവാക്കിയാൽ ജീവിതകാലം മുഴുവൻ നോമ്പെടുത്താലും പ്രായശ്ചിത്തമാകില്ലെന്ന് ഹദീസുകൾ വ്യക്തമാക്കുന്നു.

## കുളി നിർബന്ധം

ജനാബത്ത് (വലിയ അശുദ്ധി) ഉള്ള അവസ്ഥയിൽ നോമ്പെടുക്കാവുന്നതാണ്. പക്ഷേ, നമസ്കാരത്തിന് മുമ്പേ കുളിക്കണം.

## നോമ്പ് നിർബന്ധം

പ്രായപൂർത്തിയായ, പക്വതയാർജിച്ച, ആരോഗ്യവാനായ, യാത്രക്കാരനോ രോഗിയോ അല്ലാത്ത എല്ലാ മുസ്‌ലിം സ്ത്രീ പുരുഷന്മാർക്കും റമദാനിലെ നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.
യാത്രക്കാരനും, രോഗിക്കും റമദാനിലെ വിട്ടുപോയ നോമ്പ് പിന്നീട് എടുത്തു വീട്ടുന്നതിനുള്ള ഇളവ് നൽകപ്പെട്ടിരിക്കുന്നു.
നിത്യരോഗി, ഒരിക്കലും നോമ്പെടുക്കാൻ കഴിയാത്ത നിലയിലുള്ള ദുർബലർ, പാൽ കുടിപ്പിക്കുന്ന സ്ത്രീകൾ, ഗർഭിണികൾ എന്നിവർ കഴിവനുസരിച്ച് നോമ്പിന് പകരമായി ഫിദ്‌യ നൽകേണ്ടതാണ്.
നഷ്ടപ്പെട്ട നോമ്പുകൾ അടുത്ത റമദാനിന് മുമ്പേ എടുത്ത് വീട്ടേണ്ടതും അനിവാര്യമാണ്. സ്ത്രീകൾക്ക് അവരുടെ ചില പ്രത്യേക ദിവസങ്ങളിൽ വിട്ടുപോയ നമസ്കാരം പിന്നീട് അനുഷ്ഠിക്കേണ്ടതില്ല. അതേസമയം അത്തരം അവസ്ഥയിൽ നഷ്ടപ്പെട്ട നോമ്പ് പിന്നീട് എടുത്ത് വീട്ടേണ്ടതാണ്.

## അതിൽ നന്മയല്ല

ഹദ്റത്ത് ജാബിർ ഇബ്നു അബ്ദുല്ലാ (റ) നിവേദനം ചെയ്യുന്നു, ഒരു യാത്രയിൽ തിരുനബി (സ) തന്റെ അനുചരന്മാരുടെ ഒരു സംഘത്തെ കണ്ടു. അവർ തങ്ങളിലൊരാൾക്ക് തണൽ നൽകുകയായിരുന്നു. കാരണം അന്വേഷിച്ചപ്പോൾ നോമ്പുകാരന് തണൽ നൽകുന്നു എന്നാണ് മറുപടി പറഞ്ഞത്. അപ്പോൾ വളരെ ഗാംഭീര്യതയോടു കൂടി നബി (സ) പറഞ്ഞു, **ലൈസമിനൽ ബിർരി അസ്സൗമു ഫി സ്സഫരി**,
യാത്രയിൽ നോമ്പെടുക്കുന്നത് നന്മയല്ല.(ബുഖാരി)

## യാത്രയുടെ പരിധി

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു, മനുഷ്യൻ തന്നിൽ അധികം പ്രയാസം ഏൽപിക്കരുത് എന്നതാണെന്റെ മതം. പൊതുവിൽ ഏതിനെയാണോ യാത്ര എന്നു പറയുന്നത്, അത് മൂന്നു മൈലാണെങ്കിൽ പോലും ഖസറിന്റേയും യാത്രയുടേയും നിയമങ്ങളനുസരിച്ച് പ്രവർത്തിക്കുക. **ഇന്നമൽ അഅ്മാലു ബിന്നിയ്യാത്തി.** ചില സമയത്ത് നാം രണ്ടു മൂന്നു മൈലുകൾ സുഹൃത്തുക്കളുമായി സംസാരിച്ച് നടന്ന് പോകാറുണ്ട്. എന്നാൽ തങ്ങൾ യാത്രയിലാണ് എന്നാർക്കും തോന്നാറില്ല. എന്നാൽ സാധനസാമഗ്രികൾ എടുത്ത് യാത്ര എന്ന ഉദ്ദേശ്യത്തോടു കൂടി പോകുമ്പോൾ അവൻ യാത്രക്കാര നാകുന്നു. ശരീഅത്തിന്റെ അടിസ്ഥാനം പ്രയാസങ്ങളിലല്ല. പൊതുവിൽ നിങ്ങൾ യാത്രയെന്ന് പറയുന്നത് തന്നെയാണ് യാത്ര. അല്ലാഹുവിന്റെ കൽപനകളെ പ്രാവർത്തികമാക്കുന്നതു പോലെ ഇളവുകളേയും പ്രാവർത്തികമാക്കേതാണ്. ഫർളും അല്ലാഹുവിൽ നിന്നുള്ളതാണ്, ഇളവും അല്ലാഹുവിൽ നിന്നുള്ളതാണ്.
(അൽ ഹക്കം: വാല്യം 5, 17.2.1901)

## നോമ്പിൽ യാത്ര

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) പറയുന്നു, യാത്രയെ സംബന്ധിച്ചുള്ള എന്റെ അഭിപ്രായം ഇതാണ്, ഒരു പക്ഷെ ചില ഫുഖഹാക്കൾക്ക് ഇതിൽ എതിർപ്പുണ്ടാകാം. അത്താഴത്തിനു ശേഷം ആരംഭിച്ച് വൈകുന്നേരം അവസാനിക്കുന്ന യാത്ര നോമ്പിന്റെ കാര്യത്തിൽ യാത്രയല്ല. യാത്രയിൽ നോമ്പെടുക്കുന്നതിനെ ശരീഅത്ത് വിലക്കുന്നു. എന്നാൽ നോമ്പിൽ യാത്ര ചെയ്യുന്നതിനെ വിലക്കുന്നില്ല. അതിനാൽ നോമ്പ് പിടിച്ച ശേഷം ആരംഭിച്ച് നോമ്പ് തുറക്കുന്നതിനു മുമ്പ് അവസാനിക്കുന്ന യാത്ര നോമ്പിനെ സംബന്ധിച്ച് യാത്രയല്ല. നോമ്പിൽ യാത്രയാകാം, യാത്രയിൽ നോമ്പില്ല.
(അൽ ഫള്ൽ 25..9.42)

## മറവി

നബി (സ) പറയുന്നു,
**ഇദാ നസിയ അഹദുക്കും ഫ അകലു വ ശരിബ്ബുഫൽയതം സ്വൗമഹു ഫ ഇന്നമാ അത്അമഹുല്ലാഹു വസഖാഹു** (ബുഖാരി)
നിങ്ങളിൽ ആരെങ്കിലും നോമ്പുള്ള അവസ്ഥയിൽ മറന്നുകൊണ്ട് വല്ലതും തിന്നുകയോ കുടിക്കുകയോ ചെയ്താൽ അയാൾ നോമ്പ് പൂർത്തിയാക്കട്ടെ. (അതായത് നോമ്പ് മുറിയുന്നതല്ല) കാരണം തീർച്ചയായും അയാളെ തീറ്റുകയും കുടിപ്പിക്കുകയും ചെയ്തത് അല്ലാഹുവാണ്. അല്ലാഹു തീറ്റുകയും കുടിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് തന്നെ മറ്റൊരാൾക്ക് അയാളെ നോമ്പിനെകുറിച്ച് ഓർമ്മപ്പെടുത്താനും അനുവാദമില്ല.

## നോമ്പനുഷ്ഠിക്കരുത്

രോഗി, യാത്രക്കാരൻ, ഗർഭിണികൾ, പാലൂട്ടുന്ന സ്ത്രീകൾ എന്നിവർ നോമ്പനുഷ്ഠിക്കാൻ പാടുന്നതല്ല. ഗർഭിണികളേയും പാലൂട്ടുന്നവരേയും രോഗിണികളായാണ് ഗണിക്കുന്നത്,

## എന്താണ് രോഗം?

ശരീരത്തെ മുഴുവൻ അസ്വസ്ഥമാക്കുന്ന തരത്തിലുള്ള പ്രയാസങ്ങളേയാണ് രോഗം കൊണ്ട് വിവക്ഷിക്കുന്നത്.
ഉദാ: പനി, കണ്ണ്‌വേദന, പ്രമേഹം......

## അതിന് അനുവാദമില്ല

രോഗിയാവും എന്ന ഭയംകൊണ്ട് നോമ്പ് ഉപേക്ഷിക്കാൻ അനുവാദമില്ല.
ഹദ്റത് മുസ് ലിഹ് മൗഊദ് (റ) പറയുന്നു: ചിലർ ക്ഷീണമുണ്ടാകും എന്ന ഉപായം മെനഞ്ഞ് നോമ്പെടുക്കുന്നില്ല. ചിലർ പറയുന്നത് നോമ്പെടുത്താൽ വയറിന് അസുഖമുണ്ടാകുമെന്നാണ്. ഇങ്ങിനെ അസുഖമുണ്ടാകാറുണ്ട് എന്നതൊന്നും നോമ്പ് ഒഴിവാക്കാനുള്ള കാരണങ്ങളല്ല. വയറിന് അസുഖം ഉണ്ടാകുന്നതുവരെ നോമ്പെടുക്കണം. അസുഖമുണ്ടായാൽ ഒഴിവാക്കാവുന്നതാണ്. ചിലർ പറയുന്നത് നോമ്പെടുത്താൽ ക്ഷീണമുണ്ടാകുമെന്നാണ്. എന്നാൽ ക്ഷീണമുണ്ടാകും എന്ന കാരണം കൊണ്ടും നോമ്പ് ഒഴിവാക്കുന്നത് അനുവദനീയമല്ല. ഡോക്ടർ നോമ്പെടുക്കുന്നത് വിലക്കിയാലൊഴികെ: (തഫ്സീർ കബീർ ഭാഗം:2)

## നോമ്പെടുക്കേണ്ട പ്രായം

വിശുദ്ധഖുർആന്റെ കൽപനകൾ ബുദ്ധിപക്വത വന്നവരോടാണ്. കുട്ടികൾക്ക് നോമ്പ് നിർബന്ധമില്ല. ഹ.മസീഹ് മൗഊദ് (അ) കുട്ടികൾ നോമ്പെടുക്കുന്നത് നിരുത്സാഹപ്പെടുത്തിയിരുന്നു. ചെറുപ്രായത്തിൽ ബൗന്ധികവും ശാരീരകവുമായ വളർച്ചയുടെ പ്രായമായതിനാൽ നോമ്പ് എടുക്കരുത്. അതേസമയം ശീലമുണ്ടാക്കാൻ ഒന്ന് രണ്ട് നോമ്പുകൾ ആകാവുന്നതാണ്.

## വിദ്യാർത്ഥിയുടെ നോമ്പ്

പരീക്ഷയുടെ തയ്യാറെടുപ്പിൽ മുഴുകിയിരിക്കുന്ന വിദ്യാർത്ഥിയെ സംബന്ധിച്ചുള്ള നിർദേശം, നോമ്പ് കാരണത്താൽ നിത്യേനയുള്ള ജോലികളെ ഉപേക്ഷിക്കുവാനുള്ള കല്പന നമുക്ക് നൽകപ്പെട്ടിട്ടില്ല. അതിനാൽ ദൈനംദിന ജോലി കാരണത്താൽ ഒരു മനുഷ്യന് നോമ്പ് അസഹനീയമാണെങ്കിൽ അയാൾ രോഗിയുടെ ഗണത്തിൽ പെടുന്നു. എന്നാൽ ഇതു സംബന്ധിച്ച് തന്റെ പ്രവർത്തിയുടെ ഉത്തരവാദിത്വം മുഴുവനും അയാൾക്കു തന്നെയായിരിക്കും. അയാളുടെ നിയ്യത്തും അവസ്ഥയും അനുസരിച്ചായിരിക്കും അല്ലാഹു അയാളോട് പെരുമാറുക. അതായത്, സ്വന്തം അവസ്ഥയെ സംബന്ധിച്ച് തീരുമാനം എടുക്കുന്നതിൽ മനുഷ്യൻ സ്വയം മുഫ്തിയാകുന്നു. (അൽ ഫള്ൽ, 22.5.22)

## ഫിദ്‌യ

നോമ്പ് എടുക്കാൻ കഴിയാത്തവർ ഫിദ്‌യ നൽകണമെന്നതാണ് വിശുദ്ധഖുർആന്റെ കൽപന. **വ അലല്ലദീന യുത്വീഖൂനഹു ഫിദ് യത്തുൻ ത്വആമു മിസ്കീൻ** (അൽ.ബഖറ:185) നോമ്പെടുക്കാൻ കഴിവില്ലാത്തവർ ഒരു മിസ്കീന് (അഗതി) ഉള്ള ഭക്ഷണം ഫിദ്‌യ ആയി നൽകേണ്ടതാണ്. നോമ്പ് പിടിക്കാനുള്ള കഴിവുണ്ടെങ്കിലും ഫിദ്‌യ നൽകുക എന്നതാണ് പൊതുവായ നിർദേശം.

നോമ്പ് ഫർളാണ്, ഫിദ്‌യ സുന്നതും. അതോടൊപ്പം നോമ്പ് പിടിക്കാൻ തൗഫീഖ് തന്ന അല്ലാഹുവിനോടുള്ള നന്ദിയും ആകുന്നു. താൽകാലികമായി രോഗിയാകുന്നവർക്ക് ഫിദ്‌യ നിർബന്ധമല്ല. ഉപേക്ഷിക്കപ്പെട്ട നോമ്പ് സമീപ ഭാവിയിൽ എടുത്തു വീട്ടാൻ പ്രതീക്ഷയില്ലാത്ത, സാമ്പത്തിക കഴിവുള്ളവർക്കാണ് ഫിദ്‌യ നിർബന്ധമായിട്ടുള്ളത്.

**മിൻ ഔസത്വി മാ തുത്വ്ഇമൂന അഹ്‌ലീകും** (മാഇദ:90)

നിങ്ങൾ സ്വന്തം കുടുംബക്കാർക്ക് നൽകുന്ന മിതമായ ആഹാരം. അതായത് തന്റെ കഴിവനുസരിച്ചുള്ള ഭക്ഷണം നൽകുക. നോമ്പ് എടുത്ത് വീട്ടാൻ കഴിയാത്തവർ. പാലൂട്ടുന്ന സ്ത്രീകൾ, മാറാരോഗികൾ, പടുവൃദ്ധന്മാർ എന്നിവരൊക്കെ ഫിദ്‌യ കൊടുക്കേണ്ടതാണ്. തങ്ങളുടെ അവസ്ഥയും ചുറ്റുപാടുമനുസരിച്ച് ഒരു അഗതിയുടെ രണ്ട് നേരത്തെ ഭക്ഷണമാണ് ഒരു നോമ്പിന് പകരം നൽകേണ്ടത്.

നോമ്പെടുത്ത ഏതെങ്കിലും നിർധനന് മാത്രമേ നൽകാവൂ എന്നില്ല. നോമ്പ് എടുക്കാൻ കഴിവുള്ളതോ അല്ലാത്തതോ ആയ നിരാലംബർക്കും അർഹരായവർക്കും നൽകുക എന്നതാണ് യഥാർത്ഥ ലക്ഷ്യം.

ഫിദ്‌യയുടെ സംഖ്യ ജമാഅത്ത് വ്യവസ്ഥിതിക്കു കീഴിൽ അടക്കേണ്ടതാണ്. ഇനി ഏതെങ്കിലും കാരണവശാൽ അതിനു കഴിയില്ലെങ്കിൽ അയാളുടെ സദുദ്ദേശ്യം അല്ലാഹു സ്വീകരിക്കുന്നതാണ്. അതേസമയം ഫിദ്‌യ കൊടുക്കുകയും രോഗം പൂർണ്ണമായി ഭേദമാവുകയും ചെയ്താൽ നോമ്പുകൾ എടുത്ത് വീട്ടേണ്ടതുമാണ്. (ഫിഖ്ഹ് അഹ്മദിയ്യാ)

## ഫിദ്‌യയുടെ ഉദ്ദേശ്യം

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു:

ഫിദ്‌യ എന്തിനാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. എനിക്ക് മനസ്സിലായത് ഫിദ്‌യ മുഖേന, നോമ്പെടുക്കാനുള്ള തൗഫീഖ് കിട്ടുന്നുവെന്നാണ്. അല്ലാഹുവിന്റെ അസ്തിത്വമാണ് തൗഫീഖ് നൽകുന്നത്. എല്ലാ കാര്യങ്ങളും അവനോട് തന്നെ ചോദിക്കണം. ഉൾപനിയുള്ള ഒരാൾക്കും അവൻ ആഗ്രഹിച്ചാൽ നോമ്പെടുക്കാൻ കഴിയുന്നതാണ്. അതുകൊണ്ട് ഏറ്റവും ഉചിതമായ മാർഗം, താൻ നോമ്പിൽ നിന്ന് ഒഴിവാക്കപ്പെടുന്നുവെന്ന് ,- അടുത്ത വർഷം ഉണ്ടാകുമോ ഇല്ലയോ എന്നും നോമ്പ് എടുത്തുവീട്ടാൻ കഴിയുമോ എന്നും ആർക്കറിയാം- എന്നാൽ അയാൾ അല്ലാഹുവിനൊട് തൗഫീഖ് ചോദിച്ചാൽ തീർച്ചയായും അത്തരം ആൾക്ക് അല്ലാഹു കഴിവ് നൽകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്...

എന്റെ വീക്ഷണത്തിൽ, ഒരാൾ ഈ മാസത്തിൽ നിന്ന് തന്നെ നഷ്ടപ്പെടുന്നവനാക്കരുതേ എന്ന് സത്യസന്ധമായും പൂർണ്ണ ആത്മാർത്ഥതയോടെയും അല്ലാഹുവിനോട് യാചിച്ചാൽ അല്ലാഹു അയാളെ നഷ്ടപ്പെടുത്തുന്നതല്ല. ഈ അവസ്ഥയിൽ അയാൾ രോഗിയായാലും അതും അയാൾക്ക് അനുഗൃഹീതമായിരിക്കും

## വിശുദ്ധഖുർആൻ പാരായണം

റമദാനിൽ ഹദ്റത് ജിബ്‌രീൽ (അ) ആഗതരായി തിരുനബി(സ)ന് അതുവരെ ഇറങ്ങിയ മുഴുവൻ ഖുർആൻ ആവർത്തിച്ച് ഓതിക്കൊടുത്തിരുന്നതായി ഹദീസുകളിൽ രേഖപ്പെടുത്തിയിരുന്നു. (ബുഖാരി)

റമദാൻ ദൈവിക വചനങ്ങൾ ഓർമിക്കാനുള്ള മാസമാണ്. അതുകൊണ്ട് നബി(സ) റമദാനിൽ വിശുദ്ധ ഖുർആൻ അധികമായി തിലാവത്ത് ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്നത് ( തഫ്സീർ കബീർ)

മേൽഹദീസിന്റെ വെളിച്ചത്തിൽ റമദാനിൽ വിശുദ്ധ ഖുർആൻ ഓതി പൂർത്തിയാക്കുന്നതും പുണ്യകാര്യമാണ്.

## ധനത്യാഗം

റസൂൽ തിരുമേനി(സ) റമദാനിൽ മറ്റെല്ലാ മാസത്തേക്കാളും അധികമായി ധനത്യാഗം ചെയ്തിരുന്നുവെന്നും അവസാന പത്തിൽ കൊടുങ്കാറ്റ് കണക്കെ ധനത്യാഗത്തിൽ വ്യാപൃതനായിരുന്നുവെന്നും ഹദീസുകൾ വ്യക്തമാക്കുന്നു.

ഈ സുന്നത്തിനെ നിലനിർത്തുന്നതിന്റെ ഭാഗമായാണ്, റമദാനിൽ ഐച്ഛിക ചന്ദകൾ മുഴുവൻ കൊടുത്തുതീർക്കുന്നവർക്കുവേണ്ടി ഹുസൂർ തിരുമനസ്സിന്റെ സവിധത്തിലേക്ക് റമദാനിലെ അവസാനം ദു:ആയിൽ ഉൾപ്പെടുത്താൻ സന്ദേശം അയക്കുന്നത്.

## ഇഅ്തികാഫ്

നബി(സ) പറയുന്നു,

**മനിഅ്തികഫ അഗ്റൻ ഫി റമദാന കാന തഹജ്ജുത്തയ്നി ഉംറ ആയ്നി**

(ബയ്ഹഖീ) റമദാനിലെ പത്ത് ദിവസം ഇഅ്തികാഫ് ഇരുന്നവന് അത് ഹജ്ജും, രണ്ട് ഉംറയും ചെയ്തവന്റെ പ്രതിഫലമാണുള്ളത്. നബി (സ) യും ഉമ്മുഹാത്തുൻ മുഅ്മിനീൻ (റ)ഉം ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. നബി (സ) അവസാനപത്തിലാണ് ഇഅ്തികാഫ് ഇരുന്നിരുന്നത്. റമദാൻ 20 രാത്രി മുതൽ ആണ് അവസാനപത്ത് ആരംഭിക്കുന്നത്. നബി (സ) രാവിലെ തന്നെ 'ഹുജ്റ'യിൽ എത്തുമായിരുന്നു. (ഹുജറ.. ഇഅ്തികാഫ് ഇരിക്കുന്നതിന് തുണി കൊണ്ട്കെട്ടിയുണ്ടാക്കുന്ന റൂമുപോലെയുള്ള മറ). തന്റെ അവസാന റമദാനിൽ നബി (സ) 20 ദിവസവും ഇഅ്തികാഫ് ഇരുന്നതായി ഹദീസുകളിൽ രേഖപ്പെട്ടിട്ടുണ്ട്.

## ഇഅ്തികാഫിന്റെ തത്വം

ഇഅ്തികാഫ് ഇരിക്കുന്നവർ, തങ്ങളുടെ പ്രാഥമിക കർമ്മങ്ങൾക്കല്ലാതെ പള്ളിയിൽനിന്ന് പുറത്തുപോകുന്നത് അഭികാമ്യമല്ല. ദീനിപരമായ അത്യാവശ്യകാര്യങ്ങൾ സംസാരിക്കാമെന്നല്ലാതെ സാധാരണഗതിയിലുള്ള സംസാരങ്ങളും ഇടപാടുകളും ഒന്നും ഇഅ്തികാഫിൽ അനുവദനീയമല്ല. വാസ്തവത്തിൽ ഭൗതീകലോകത്തോട് പൂർണ്ണമായും ഉള്ള വിടുതലാണ് ഇഅ്തികാഫ് ലക്ഷ്യം വെക്കുന്നത്.

## ജുമുഅത്തുൽ വിദാഅ്

റമദാനിലെ അവസാനത്തെ ജുമുഅയാണ് ജുമുഅത്തുൽ വിദാഅ് എന്നറിയപ്പെടുന്നത്. പക്ഷേ, റമദാനിലെ അവസാനത്തെ ജുമുഅക്ക് മാത്രമായി പങ്കെടുക്കുന്നത് പുണ്യം കൊണ്ട് നേടാമെന്ന ധാരണയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല.

## സ്വദഖത്തുൽ ഫിത്റ്

റമദാൻ ആരംഭിക്കുന്നതിനോടൊപ്പം തന്നെ സ്വദഖത്തുൽ ഫിത്റ് നിർബന്ധമാകുന്നു. അത് ശവ്വാലിന് പെരുന്നാൾ നമസ്കരിക്കുന്നതിന് മുമ്പായി തന്നെ നൽകേണ്ടത് അനിവാര്യമാകുന്നു. ദരിദ്രർക്ക് പെരുന്നാൾ തയ്യാറെടുപ്പിനായി മുൻകൂട്ടി തന്നെ സ്വദഖത്തുൽ ഫിത്റ് നൽകുന്നതാണ് ഉത്തമം. മുസ്‌ലിമായ എല്ലാ സ്വതന്ത്രർക്കും അടിമകൾക്കും പുരുഷനും സ്ത്രീക്കും ചെറിയവർക്കും വലിയവർക്കും നബി (സ) സ്വദഖത്തുൽ ഫിത്റ് നിർബന്ധമാക്കിയിരിക്കുന്നു.

### സ്വദഖത്തുൽ ഫിത്റിന്റെ അളവ്

ഒരു സാഅ് കാരക്ക അല്ലെങ്കിൽ ധാന്യം സ്വദഖത്തുൽ ഫിത്റായി നൽകാൻ നബി (സ) നിർദേശിച്ചിരിക്കുന്നു. കഴിവില്ലാത്തവർ പകുതി നൽകിയാലും മതി.

## തറാവീഹ്/തഹജ്ജുദ്

റമദാനിൽ ഇശാഅ് നമസ്കാരാനന്തരമാണ് തറാവീഹ് നമസ്കാരം. പ്രബലമായ നിവേദനങ്ങളിൽ 8 റകഅത്താണ് കാണപ്പെടുന്നത്. ഇത് ഒരർഥത്തിൽ തഹജ്ജുദ് നമസ്കാരത്തിന്റെ മറ്റൊരു രൂപമാണ്. തറാവീഹ് നമസ്കരക്കുന്നത്, തഹജ്ജുദ് ഒഴിവാക്കാൻ കാരണമല്ല. തഹജ്ജുദ് തന്നെയാണ് പ്രധാനമായത്.

## ലയ്‌ലത്തുൽ ഖദ്ർ

ലയ്‌ലത്തുൽ ഖദ്റിന് റമദാനുമായി അഭേദ്യബന്ധമുണ്ട്.അല്ലാഹുവിന്റെ സംപ്രീതി മാത്രം കാംക്ഷിച്ചുകൊണ്ട് ഒരാൾ റമദാനിൽ തനിക്ക് അനുവദനീയമായ കാര്യങ്ങൾകൂടി ഉപേക്ഷിക്കുകയാണ്. അതുകൊണ്ട് തന്നെ ദൈവപ്രീതിയുടെ പ്രതീകമായി ലയ്‌ലത്തുൽ ഖദ്ർ റമദാനിലെ അവസാനപത്തിൽ ലഭ്യമാകുന്നതാണ്.
നബി (സ) ലയ്‌ലയത്തുൽ ഖദ്റിന്റെ ദിവസം കൃത്യമായി നിജപ്പെടുത്തിത്തന്നിട്ടില്ല. അതേസമയം അവസാനപത്തിലും, അവസാന ഒറ്റരാത്രികളിലും അന്വേഷിക്കാനാണ് നിർദ്ദേശിക്കുന്നത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നത്, ലയ്‌ലത്തുൽ ഖദ്റിന്റെ രാത്രിയിൽ ഇടിമിന്നലും മഴയും ഉണ്ടാകാറുണ്ടെന്നാണ്.
ലയ്‌ലത്തുൽ ഖദ്ർ റമദാനുമായി മാത്രം ബന്ധപ്പെട്ട ഒന്നല്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) വ്യക്തമാക്കിത്തന്നത്, ഓരോ പ്രവാചകന്റേയും കാലഘട്ടം ലയ്‌ലത്തുൽ ഖദ്ർ ആണെന്നും മലക്കുകളുടെ മാർഗ്ഗനിർദ്ദേശപ്രകാരം അവരെ വിശ്വസിക്കാൻ കഴിയുന്നവർക്ക് ലയ്‌ലത്തുൽ ഖദ്ർ ലഭ്യമാകുന്നുവെന്നും തന്റെ കാലഘട്ടം ലയ്‌ലത്തുൽ ഖദ്ർ ആണെന്നുമാണ്.
ലയ്‌ലത്തുൽ ഖദ്റിൽ പ്രഭാതോദയം വരെയും ദൈവേംഗിതങ്ങളായി. ജിബ്‌രീലും മലക്കുകളും ഇറങ്ങുകയും സമാധാനം ആശംസിക്കുകയും ചെയ്യുന്നു. അത് പിന്നീട് ജീവിതത്തിലുടനീളം നിലനിർത്തേണ്ടതു മാണ്. അതുകൊണ്ടുതന്നെ ലയ്‌ലത്തുൽ ഖദ്റിന്റെ സംരക്ഷണവും അനിവാര്യമാണ്.

## ഈദ്

നോമ്പിന്റെ അവസാനത്തിൽ അഥവാ ശവ്വാൽ 1 നാണ് ഈദുൽ ഫിത്വ്ർ. അന്നേദിവസം നോമ്പെടുക്കുന്നത് വിലക്കപ്പെട്ടതാണ്. ഈ ദിവസം പള്ളിയിലോ/ഈദ് ഗാഹിലോ സമ്മേളിച്ച് ഈദ് നമസ്കാരത്തിലും ഖുത്വ്ബയിലും പങ്കെടുക്കേണ്ടതാണ്.

## ഈദ് ഫണ്ട്

ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ കാലത്ത്, ഹുസൂർ (അ) തന്നെ ആരംഭിച്ചതാണ് ഈദ്ഫണ്ട്. ഇത് അന്ന് ഒരു രൂപയാണ് നൽകിയിരുന്നത്. ഈ തുക മുഴുവൻ കേന്ദ്രത്തിലെത്തേണ്ടതാണ്

## ഈദും ജുമുഅയും

ഈദും ജുമുഅയും ഒരുമിച്ച് വന്നാൽ ഈദ് നമസ്കരിക്കുകയും പിന്നീട് എത്തിപ്പെടാൻ കഴിയുന്നവർ എത്തി ജുമുഅ നമസ്കരിക്കുകയുമാണ് വേണ്ടത്. അതേസമയം എത്താൻ കഴിയാത്തവർ ളുഹർ നമസ്കരിച്ചാൽ മതി.

## നോമ്പിന്റെ ഫലം

ഹദീസുകളിൽ പറയുന്നത്,
അല്ലാഹു താൻ തന്നെയാണ് നോമ്പിന്റെ പ്രതിഫലമെന്നാണ്.
നബി(സ) പറയുന്നു. **ഖാലല്ലാഹു കുല്ലു അമലബ്നി ആദമ ലഹു ഇല്ലസ്സ്വിയാമു ഫഇന്നഹൂലീ വഅനാ ഉജ്സാബിഹീ** (ബുഖാരി)
അല്ലാഹു പറയുന്നു: മനുഷ്യന്റെ എല്ലാ കർമ്മവും അവനുവേണ്ടി തന്നെയുള്ളതാണ്, നോമ്പൊഴികെ. നോമ്പ് എനിക്കുവേണ്ടിയാണ്. ഞാൻ തന്നെയാണ് അതിനുള്ള പ്രതിഫലം.
മറ്റൊരിക്കൽ നബി(സ)പറഞ്ഞു, നോമ്പിന്റെ ഗുണങ്ങളെ കുറിച്ച് തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ എന്റെ ഉമ്മത്ത് വർഷം മുഴുവൻ നോമ്പായിരുന്നുവെങ്കിൽ എന്ന് ആഗ്രഹിക്കുന്നതാണ്.

# നോമ്പ് വിവിധ മതങ്ങളിൽ

***അല്ലയോ സത്യവിശ്വാസികളേ! നിങ്ങൾക്ക് മുമ്പുള്ളവർക്കു നോമ്പ് നിർബന്ധമാക്കിയതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കിയിരിക്കുന്നു. നിങ്ങൾ സൂക്ഷ്മതപാലിക്കുന്നവരാകുന്നതിന്നു വേണ്ടി. വി.ഖു. 2:189***

### ഹിന്ദുമതം

എല്ലാ മാസവും രണ്ട് നോമ്പുകൾ വീതം ഹൈന്ദവദർശനങ്ങളിൽ കാണപ്പെടുന്നു. കൂടാതെ തിങ്കളാഴ്ച നോമ്പിനെക്കുറിച്ചും നിർദ്ദേശമുണ്ട്. ഹിന്ദു സന്യാസിമാർ അന്നപാനീയങ്ങൾ ഉപേക്ഷിച്ച് 40 ദിവസത്തെ തപോയജ്ഞം നടത്താറുണ്ട്.

ജൈനമത ദർശനങ്ങളിലും 40 ദിവസത്തെ നോമ്പ് നിർബന്ധമാക്കിയിട്ടുണ്ട്. പാർസികളിൽ സാധാരണ നോമ്പും ഗുരുക്കന്മാർക്ക് പഞ്ചവൽസര നോമ്പും കൽപിച്ചിരിക്കുന്നു.
കൺഫ്യൂഷസും തന്റെ അനുയായികളോട് നോമ്പെടുക്കാൻ കൽപിച്ചിട്ടുണ്ട്.

### യഹൂദമതം

ഹദ്റത് മൂസാ(അ) ത്വൂർ പർവതത്തിൽപോയപ്പോൾ 40 ദിവസം നോമ്പെടുത്തിരുന്നതായി ബൈബിൾ വ്യക്തമാക്കുന്നുണ്ട്. (പുറപ്പാട്)
ഇതിനെ പിൻപറ്റിക്കൊണ്ട് യഹൂദികൾ 40 ദിവസം നോമ്പെടുക്കുന്നത് നല്ലതായും നാൽപതാം ദിവസത്തെ ആശൂറാ നോമ്പ് നിർബന്ധമായും ഗണിക്കുന്നു. ഈ ദിവസമാണ് മൂസാ നബിക്ക് 10 കൽപനകൾ ലഭിച്ചത്. അതുകൊണ്ട് തന്നെ ഈ നോമ്പ് അനുഷ്ഠിക്കേണ്ടത് അനിവാര്യമാക്കിയിരിക്കുന്നു.(ലേവ്യ പുസ്തകം)

### ക്രിസ്തുമതം

ഹ. ഈസാ(അ) കാട്ടിൽ 40 ദിവസം നോമ്പെടുത്തതായി പുതിയ നിയമം വ്യക്തമാക്കുന്നു.
നോമ്പെടുക്കുമ്പോൾ പ്രകടനാത്മകത അരുതെന്നും അദ്ദേഹം അനുയായികളെ ഉപദേശിക്കുന്നുണ്ട്.
(മത്തായി)
പ്രാർഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നതല്ല. (മത്തായി 17:21)

### അറബികൾ

കഅ്ബക്ക് പുതിയ തുണി ചാർത്തുന്ന ദിവസം ജാഹിലിയ്യാകാലത്തു അറബികൾ നോമ്പനുഷ്ഠിച്ചിരുന്നു. മുഹറം 10 നാണ് മൂസാനബി ഫിർഔനിൽ നിന്ന് രക്ഷപ്പെട്ടതെന്നും അതിൽ നന്ദി സൂചകമായി യഹൂദികൾ നോമ്പെടുക്കാറുന്നെും അറിഞ്ഞപ്പോൾ നബി(സ) മുസ്‌ലിംകളോടും നോമ്പെടുക്കാൻ കൽപിക്കുകയുണ്ടായി. റമദാൻ നോമ്പ് നിർബന്ധമാകുന്നതുവരേയും മുസ്‌ലിംകൾ ഈ നോമ്പ് കൃത്യമായി അനുഷ്ഠിച്ചിരുന്നതായി ഹ. ആയിശ(റ) നിവേദനം ചെയ്യുന്നു.(ബുഖാരി,മുസ്‌ലിം)

### ഇസ്‌ലാമിക നോമ്പിന്റെ സവിശേഷതകൾ

ഹ. അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. റമദാൻ മാസത്തിൽ അല്ലാഹു എന്റെ ഉമ്മത്തിന് 5 സവിശേഷതകൾ നൽകിയിരിക്കുന്നു. ഇതിന് മുമ്പ് മറ്റാർക്കും അത് നൽകിയിട്ടില്ല.
1. നോമ്പുകാരന്റെ വായിലെ മണം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയേക്കാളും പ്രിയങ്കരമാണ്.
2. നോമ്പു തുറക്കുന്ന സമയം വരേയും മലക്കുകൾ നോമ്പുകാരന് വേണ്ടി ഇസ്തിഗ്ഫാർ ചെയ്യുന്നു.
3. നോമ്പുകാരന് വേണ്ടി എല്ലാ ദിവസവും സ്വർഗം അലങ്കരിക്കുന്നു.
4. ശപിക്കപ്പെട്ടപ്പെട്ട ശയ്ത്വാൻ ബന്ധനസ്ഥനാക്കപ്പെടുന്നു.
5. അല്ലാഹു നോമ്പുകാർക്കെല്ലാം റമദാനിലെ അവസാന രാത്രിയിൽ പൊറുത്തുകൊടുക്കുന്നതാണ്. (കൻസുൽഉമ്മാൽ)

സമ്പാ: ഇബ്നു അശ്റഫ്

# റമദാൻ: ചില ഓർമപ്പെടുത്തലുകൾ

ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)

### അത്താഴവും നോമ്പുതുറയും

റമദാനിൽ എത്ര മഹത്തായ അവസരങ്ങളാണ് നിങ്ങൾക്ക് ലഭിക്കുന്നത്. നിങ്ങളുടെ സന്താനങ്ങളുടെ ശിക്ഷണം നിത്യവും നിങ്ങൾക്ക് എളുപ്പമുള്ളതായി തീരുന്നു. അത്താഴത്തിന് എഴുന്നേൽക്കുന്നു, നോമ്പ് തുറക്കലിന് ഒത്തുചേരുന്നു. അന്നേരങ്ങളെ പൊതുവിൽ ജനങ്ങൾ വൃഥാ സംസാരങ്ങളിലൂടെ പാഴാക്കുന്നു. അത്താഴ സമയത്തും ചെറിയചെറിയ കാര്യങ്ങൾ പറഞ്ഞ് ചിരിയും തമാശയുമായി അല്ലെങ്കിൽ മറ്റ് സംസാരങ്ങളിൽ ഏർപ്പെട്ട് സമയം പാഴാക്കുന്നതായി കാണാൻ സാധിക്കുന്നു. നോമ്പു തുറക്കുമ്പോഴുള്ള അവസ്ഥയും വ്യത്യസ്ഥമല്ല. അതുകൊണ്ട് ഞാൻ നിങ്ങളെ പറഞ്ഞു മനസ്സിലാക്കുകയാണ്, കഴിയുന്നിടത്തോളം അത്താഴവും നോമ്പുതുറയുമെല്ലം തർബിയ്യത്തിനായി ഫലപ്രദമാക്കുക. തർബിയ്യത്തിന്റെ കാര്യങ്ങൾ സംസാരിക്കുക.

### നോമ്പ് ആരോഗ്യത്തിന് ജാമ്യം

നബി (സ) പറയുന്നു, സൂമൂ തസിഹു. നിങ്ങളുടെ ആരോഗ്യത്തെ സംരക്ഷിക്കുവാനായി നോമ്പെടുക്കുക. നാം ധാരാളം ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുന്നത് വലിയ വിഢിത്തമാണെന്ന് നോമ്പിലൂടെ മനസ്സിലാക്കുമ്പോഴാണ് ആരോഗ്യം മെച്ചപ്പെടുക. റമദാൻ നമുക്ക് ഭക്ഷണരീതി പഠിപ്പിച്ചു തരുന്നു. മുമ്പ് കഴിച്ചതിനേക്കാൾ കുറച്ച് ഭക്ഷണത്തിൽ നമുക്ക് ജീവിച്ച് പോകാൻ സാധിക്കും. സ്വന്തം ഭക്ഷണത്തേയും സംരക്ഷിക്കുക, അതോടൊപ്പം സ്വന്തം ആരോഗ്യത്തേയും സംരക്ഷിക്കുക.

### സ്നേഹം വർദ്ധിപ്പിക്കാൻ നോമ്പുതുറ

സ്നേഹം വർദ്ധിപ്പിക്കുന്നതുമായിട്ടാണ് നോമ്പ് തുറയുടെ ബന്ധം. നിങ്ങൾ അല്പം ഭക്ഷണം പാകം ചെയ്ത് എത്തിക്കുകയാണെങ്കിൽ സ്വാഭാവികമായും സ്നേഹം വർദ്ധിക്കുകയും ദുആയിലേക്ക് ശ്രദ്ധയുണ്ടാകുകയും ചെയ്യുന്നു. സ്നേഹാദരങ്ങളോടു കൂടി സദഖയാണെന്ന ധാരണ അല്പം പോലും മനസ്സിലില്ലാതെ നിങ്ങൾ ഏതെങ്കിലും ദരിദ്രനോ അല്ലെങ്കിൽ നിങ്ങളേക്കാൾ നിർധനനോ എന്തെങ്കിലും നൽകുകയാണെങ്കിൽ ആ നോമ്പു തുറ നിങ്ങൾക്ക് പുണ്യം കരസ്ഥമാക്കുന്നതിനും നിങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനും ഹേതുവായി തീരുന്നു..

### നോമ്പുതുറ സദ്യ

എന്നാൽ നിങ്ങൾ നോമ്പുതുറക്കായി സദ്യക്ക് ക്ഷണിക്കുമ്പോൾ പലപ്പോഴും വിരുദ്ധമായ ഫലമാണ് പ്രകടമാകുന്നത്. നോമ്പ് തുറന്ന ഉടൻ ദൈവസ്മരണയിലും ഖുർആൻ പാരായണത്തിലും ഏർപ്പെടുകയും, തറാവീഹിന് പോകുന്നവർ അതിന്നായി തയ്യാറാകുകയും ചെയ്യുന്നതിനു പകരമായി സദസ്സുകൾ സംഘടിപ്പിക്കുന്നു. അത് പലപ്പോഴും നീണ്ട് പോകുകയും ആരാധനകൾ പാഴാക്കുകയും ചെയ്യുന്നു. അന്ന് സമയത്തിനുള്ളിൽ തന്നെ ഇശാ നമസ്കരിച്ചാൽ തന്നെയും അടുത്ത ദിവസത്തെ തഹജ്ജുദിനെ സ്വാധീനിക്കുന്നു.

### യഥാർത്ഥ സദസ്സ്

റമദാൻ മാസത്തിൽ ഇത്തരത്തിലുള്ള ഏർപ്പാട് ചെയ്യുന്നത് എന്റെ അഭിപ്രായത്തിൽ റമദാന്റെ ലക്ഷ്യത്തിന് വിരുദ്ധമാകുന്നു. ഇതുവരെ സംഭവിച്ചത് സംഭവിച്ചു. ഇനി തൗബ ചെയ്യുക. ഭാവിയിൽ ഇത്തരത്തിലുള്ള സദസ്സുകൾ വീടുകളിൽ സംഘടിപ്പിക്കാതിരിക്കുക. ദൈവസ്മരണയുടെ സദസ്സാണ് യഥാർത്ഥ സദസ്സ്. നോമ്പുതുറയുടെ സദസ്സ് ദൈവസ്മരണയുടെ സദസ്സായി മാറുന്നത് ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അത് ഒരുക്കങ്ങളുടെ സദസ്സായിരിക്കും. നല്ല വസ്ത്രങ്ങൾ ധരിച്ച് സ്ത്രീകളും കുട്ടികളും പോകുന്നു, അവിടെ ധാരാളമായി അനാവശ്യ സംസാരങ്ങളിൽ മുഴുകുന്നു, ഭക്ഷണത്തെ പ്രശംസിച്ചു കൊണ്ടുള്ള സംസാരങ്ങൾ നടക്കുന്നു. വിവധങ്ങളായ അനുഗ്രഹങ്ങളിൽ നിന്ന് ഫലമെടുക്കുകയും അടുത്ത ദിവസത്തെ തങ്ങളുടെ തഹജ്ജുദ് നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. (ജുമുഅ ഖുത്വുബ 17.1.97)

### ഭക്ഷണം കുറക്കുക

റമദാൻ മാസത്തിൽ ഭക്ഷണത്തിലുള്ള ആധിക്യം റമദാന്റെ അവകാശത്തെ പൂർത്തിയാക്കില്ല. പ്രത്യുത, പതുക്കെ പതുക്കെ ഭക്ഷണത്തിലുണ്ടാകുന്ന കുറവാണ് റമദാന്റെ അവകാശത്തെ പൂർത്തിയാക്കുന്നത്. പൊതുവിൽ കണ്ട് വരുന്നത്, ആരംഭത്തിൽ വിശപ്പ് തോന്നാത്ത കാരണത്താൽ സാധാരണത്തേതിലും കുറവ് കഴിക്കുന്നു. എന്നാൽ റമദാൻ പുരോഗമിക്കുന്നതിനോടൊപ്പം ഭക്ഷണത്തിന്റെ അളവ് കൂടാൻ തുടങ്ങുന്നു. അങ്ങിനെ റമദാന്റെ അവസാന നാളുകളിലേക്ക് എത്തുമ്പോഴേക്കും ശരീരം മെലിയുന്നതിനു പകരം തടിക്കുന്നു. ശരീരത്തിന്റെ ഈ തടി യഥാർത്ഥത്തിൽ ആത്മാവിന്റെ തടിയുമാകാം. അതുകൊണ്ടാണ് സാധാരണയായി അജ്ഞതയാൽ ജനങ്ങൾ ഇങ്ങിനെ ചെയ്യുന്നത്. എന്നാൽ അത്തരക്കാർ ഓർത്ത് കൊള്ളുക, ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നത് ആത്മശുദ്ധി കൈവരുന്നു എന്നാണ്. അത് കുറച്ചു ഭക്ഷിക്കുമ്പോൾ വർദ്ധിക്കുന്നു. അതിനാൽ എത്രത്തോളം നിങ്ങൾ റമദാനിൽ ഭക്ഷണം കുറക്കുന്നതിൽ ശ്രദ്ധിക്കുന്നുവോ അത്രകണ്ട് റമദാൻ നിങ്ങൾക്ക് ഫലപ്രദമായിത്തീരുന്നു. പറയുന്നു, ദർശന കഴിവുകൾ വർദ്ധിക്കുന്നു. അതായത് അല്ലാഹുവിനെ മനുഷ്യൻ വിവിധ രൂപങ്ങളിലും സവിശേഷഗുണങ്ങളിലും കാണാൻ തുടങ്ങുന്നു.

### റമദാൻ നവജീവിതത്തിന്റെ സുവാർത്ത

ഓരോ റമദാനും നമുക്കായി ഒരു പുതിയ ജന്മത്തിന്റെ സുവാർത്തയുമായിട്ടാണ് വരുന്നത്. അഥവാ തിരുനബി (സ) പറഞ്ഞിട്ടുള്ള നിബന്ധനയനുസരിച്ച് റമദാനിലൂടെ കടന്നുപോകുകയാണെങ്കിൽ ഓരോ വർഷവും ഒരു നവആത്മീയ ജനനം ഉണ്ടാകുന്നതാണ്. മുൻകഴിഞ്ഞ എല്ലാ പാപങ്ങളുടേയും കളങ്കങ്ങൾ തുടച്ചു നീക്കപ്പെടുന്നതാണ്. (ഖുത്വുബ ജുമുഅ, 26.1.96)

## റമദാൻ എങ്ങിനെ കഴിച്ചു കൂട്ടണം

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് M.A

ഈ മാസത്തിൽ വിശുദ്ധഖുർആൻ പാരായണത്തിലേക്ക് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. രണ്ടു തവണ വിശുദ്ധഖുർആൻ ഓതി തീർക്കുന്നത് ഉത്തമമായിരിക്കും. കുറഞ്ഞത് ഒരു തവണയെങ്കിലും നിർബന്ധമാക്കുക. എല്ലാ കാരുണ്യത്തിന്റേയും വചനങ്ങളിൽ കാരുണ്യം തേടുകയും, എല്ലാ ശിക്ഷയുടേയും വചന ങ്ങളിൽ ഇസ്തിഗ്ഫാറും ചെയ്യുക. ഈ മാസം ദുആകളിലും ദൈവസ്മരണകളിലും മുഴുകുന്നതിനായി ശ്രമിക്കേണ്ടതാണ്. ദുആയുടെ സമയത്ത് നാം അല്ലാഹുവിന്റെ മുന്നിൽ ഇരിക്കുകയാണ് എന്ന ഹൃദയാവസ്ഥ സംജാതമാക്കാൻ ശ്രമിക്കുക. അതായത് അല്ലാഹു നമ്മെ കണ്ടു കൊണ്ടിരിക്കുന്നു, നാം അല്ലാഹുവിനെ കണ്ടുകൊണ്ടിരിക്കുന്നു. ദുആയിൽ ഇസ്ലാമിന്റേയും അഹ്മദിയ്യത്തിന്റേയും പുരോഗതതിക്കു വേണ്ടിയും, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അയ്യദഹുല്ലാ തആലായുടെ ആരോഗ്യത്തിനും ദീർഘായുസ്സിനും വേണ്ടിയും, ജമാഅത്തിലെ മുബല്ലിഗീങ്ങൾക്കും ജോലിക്കാർക്കും വേണ്ടിയും, ഖാദിയാനിലെ ദർവേശുമാർക്കും അവരുടെ ലക്ഷ്യപ്രാപ്തിക്കു വേണ്ടിയുമുള്ള ദുആകൾക്ക് മുൻഗണന നൽകുക. പൊതുവായിട്ടുള്ള ദുആകളിൽ **റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ** എന്നു തുടങ്ങുന്ന ദുആ വളരെ അതിശയകരമായ ദുആയാണ്. ആത്മപരിശുദ്ധിക്കായി **ലാഇലാഹ ഇല്ലാ അൻത സുബ്ഹാനക ഇന്നീ കുൻതു മിനള്ളാലിമീൻ** എന്ന ദുആ അസാധാരണമായ പ്രഭാവമുള്ളതാണ്. സഹായഭ്യർത്ഥനക്കായി **യാ ഹയ്യു യാ ഖയ്യൂമു ബിറഹ്മതിക നസ്തഈസ്** ഫലപ്രദമായ ദുആയാണ്. സൂറഫാതിഹ ദുആകളുടെ കിരീടമാകുന്നു. (അൽ ഫള്ൽ റബ്വ: 9.3.60)

## സൗജന്യ നേത്ര ചികിത്സാ ക്യാമ്പും തിമിര ശസ്ത്രക്രിയയും

**കരുളായി**: മജ്‌ലിസ് അൻസാറുല്ലാ കരുളായിയു ടെയും കോയമ്പത്തൂർ അരവിന്ദ് കണ്ണാശുപത്രിയു ടെയും സംയുക്താഭിമുഖ്യത്തിൽ കരുളായി മദ്‌റസാ ഹാളിൽ നടന്ന നേത്ര ചികിത്സാക്യാമ്പ് മലപ്പുറം മേഖലാ അമീർ പി.മുഹമ്മദലി മാസ്റ്റർ സാഹിബിന്റെ അദ്ധ്യക്ഷ തയിൽ കരുളായി ഗ്രാമ പഞ്ചായത്ത് പ്രസി ഡന്റ് നഫീസാ റഷീദ് ഉൽഘാട നം ചെയ്തു. മൗലവി എൻ.ശഫീഖ് അഹ്മദ് സാഹിബ് ഖുർആൻ പരായ ണം ചെയ്തു. മേഖലാ നാസിം അൻസാറുല്ലാ സി.എച്ച് സിദ്ധീഖ് സാഹിബ് സ്വാഗതം പറഞ്ഞു. ക്യാമ്പ് ഓർഗ്ഗ നൈസർ എം.മഹേന്ദ്രൻ സദസ്യരെ അഭിസംബോധന ചെയ്തു.

ക്യാമ്പിൽ ജാതിമത വ്യത്യാസമന്യേ സ്ത്രീകളും പുരു ഷന്മാരുമടക്കം 400ൽ പരം ആളുകളാണ് പങ്കെടുത്ത ത്. അരവിന്ദ് കണ്ണാശുപത്രിയിലെ വിദഗ്ദ്ധരായ ഡോ ക്ടർമാരും സഹായികളുമടക്കം 14 പേർ കുട്ടികളടക്ക മുള്ള നേത്രരോഗികളെ ചികിത്സിക്കുകയും തിമിരം ബാധിച്ച 41പേരെ ശസ്ത്രക്രിയക്കായി തെരഞ്ഞെടുക്കു കയും ചെയ്തു. വളരെ വിജയകരമായി നടന്ന ക്യാമ്പ് പ്രദേശവാസികളുടെ പ്രത്യേക പ്രശംസയ്ക്കർഹമായി.





## അനുമോദിച്ചു

**പത്തപ്പിരിയം**: മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ചേർന്ന രക്ഷാകർത്തൃ യോഗത്തിൽ സി.ബി.എസ്സ്.ഇ 10-ാം ക്ലാസിൽ 94% മാർക്കോടെ ഉന്നത വിജയം നേടിയ സി.കെ.ഹാദി അദിനാനെ (S/o സി.കെ.അൻവർ സാഹിബ് & പി. ശമീമ സാഹിബ) അനുമോദിച്ചു. ഖാഇദ് സി.എച്ച്.അബ്ദുൽ മുഖ്ത്ത ദിർ സാഹിബ് അധ്യക്ഷത വഹിച്ചു. ജമാഅത്ത് വൈസ് പ്രസിഡന്റ് സി.കെ.അൻവർ അഹ്മദ് സാഹിബ്, മേഖല ഇൻചാർജ് മുബല്ലിഗ് മൗലവി ടി.ശഫീഖ് അഹ്മദ് സാഹിബ്, ജില്ലാ ഖാഇദ് പി.പി.മുസദ്ദിഖ് അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു. ജില്ലാ ഖാഇദ് സാഹി ബ് മജ്‌ലിസിന്റെ ഉപഹാരം സമർപ്പിച്ചു. ഹാദി അദി നാൻ കരുളായി ഫസ്‌ലെ ഉമർ സ്കൂൾ വിദ്യാർത്ഥി യും പ്രാദേശിക മുഅ്ത്തമിദുമാണ്.

## മജ്‌ലിസ് അൻസാറുല്ലാഹ് ദേശീയ ഇജ്തിമ ഒക്ടോബർ 13,14,15 തീയ്യതികളിൽ

**ഖാദിയാൻ**: ഹദ്‌റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫ ത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് മജ്‌ലിസ് അൻസാറുല്ലാഹ് 35-ാം ദേശീയ വാർഷിക ഇജ്തിമ ഒക്ടോബർ 13,14,15 തീയ്യതികളിൽ സംഘടിപ്പിക്കാൻ അനുമതി നൽകിയിരിക്കുന്നു. പരമാവധി അൻസാർ അംഗങ്ങൾ ഇജ്തിമയിൽ പങ്കെടുക്കണമെന്നും എല്ലാ മജ്‌ലിസിന്റെയും പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്നും സദർ അൻസാറുല്ലാഹ് ഭാരത് ഖാരി നവാബ് അഹ്മദ് സാഹിബ് അഭ്യർത്ഥിച്ചു.

## ഖിലാഫത്ത് ദിനവും വിദ്യാഭ്യാസ സെമിനാറും

**എറണാകുളം**: മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ എറണാ കുളം മേഖലയുടെ ആഭിമുഖ്യത്തിൽ മസ്ജിദ് ഉമറിൽ വെച്ച് ഖിലാഫത്ത് ദിനം നടത്തി. ജില്ലാ ഖാഇദ് മുഹമ്മദ് സഫ്‌വാൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗം സൗത്ത് ഇലാഖ ഖാഇദ് ഇ.എച്ച്. നജീബ് സാഹിബ് ഉൽഘാടനം നിർവഹിച്ചു. മൗലവി എം. നാസിർ അഹ്മദ് സാഹിബ് മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് അവിനാശ് കോയിക്കര വിദ്യാർത്ഥികൾക്കാ യി കരിയർ ഗൈഡൻസ് ക്ലാസ്സ് നടത്തി. സി.ബി.എസ്. ഇ പത്താം ക്ലാസ്സ് പരീക്ഷയിൽ എല്ലാ വിഷയത്തിലും എ പ്ലസ്സ് നേടിയ ശാഹിൻ അസദുല്ലാ സാഹിബിന്




കാഷ് പ്രൈസ് നൽകി ആദരിച്ചു. ഉച്ചയ്ക്ക് ശേഷം നട ന്ന ഖിലാഫത്ത് ചരിത്ര ക്വിസ്സിൽ മുവ്വാറ്റുപുഴ മജ്‌ലിസ് ജേതാക്കളായി.

## ശ്രദ്ധേയമായ ശ്രമദാനം

**കോഴിക്കോട്**: മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പുത്തൂ ർമഠം ഹൽഖയുടെ ആഭിമുഖ്യത്തിൽ പുത്തൂർമഠം



ജംക്ഷനിൽ കാലങ്ങളോളമായി അടഞ്ഞുകിടന്നിരു ന്ന അഴുക്കുചാലും പരിസരവും വൃത്തിയാക്കുകയുണ്ടാ യി. ശ്രമകരമായ ഈ വഖാറെ അമൽ പൊതു ജനശ്രദ്ധ പിടിച്ചുപറ്റുകയും പഞ്ചായത്ത് അധികൃതർ ഖാദിംകളെ പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു. നാസിം വഖാറെ അമൽ നസീർ ഹുസൈൻ സാഹിബിന്റെ നേതൃത്വത്തിൽ 30ൽ അധികം ഖാദിംകൾ പങ്കെടുക്കുകയുണ്ടായി.

## അഗതികൾക്ക് ഭക്ഷണം

**പള്ളുരുത്തി**: മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സൗത്ത് ഇലാഖയും മജ്‌ലിസ് അൻസാറുല്ലാ എറണാകുളം മേഖലയും സംയുക്തമായി പള്ളുരുത്തിയിലെ കോർ പറേഷൻ വക അഗതിമന്ദിരത്തിലെ 250-ാളം വരുന്ന അഗതികൾക്ക് ഉച്ചഭക്ഷണം വിതരണം നടത്തി. പള്ളുരുത്തി ജമാ അത്ത് പ്രസിഡന്റ് അബൂബക്കർ സാ ഹിബ്, എറണാകുളം മേഖല അൻസാ റുല്ലാ നാസിം ശാഹു ൽ ഹമീദ് സാഹിബ്, ഖുദ്ദാമുൽ അഹ്മ ദിയ്യാ സൗത്ത് ഇലാ ഖ മുഅ്തമിദ് ബി.



എ. മുഹമ്മദ് നജീബ് സാഹിബ്, അശ്റഫ് സാഹിബ് പള്ളുരുത്തി, അബ്ദുല്ലാ സാഹിബ് എറണാകുളം, ജില്ലാ ഖാഇദ് മുഹമ്മദ് സഫ്‌വാൻ സാഹിബ്, ബിലാൽ സാഹിബ് പള്ളുരുത്തി, അഹ്മദ് ശാഫി സാഹിബ്

## കുടിവെള്ള വിതരണം

**പുത്തൂർമഠം**: കോഴിക്കോട് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മ ദിയ്യാ ടൗൺ ഹൽക്കയുടെ ആഭിമുഖ്യത്തിൽ 80ൽ അധി കം കുടുംബങ്ങൾക്ക് കുടി വെള്ളം വിതരണം ചെയ്തു. നാസിം ഖിദ്മത്തെ ഖൽക്ക് നസറുദ്ദീൻ സാഹിബിന്റെ നേതൃത്വത്തിൽ 10 ഖാദിംകൾ ഈ സേവനത്തിൽ ഭാഗഭാ ക്കായി.



# ആവേശം പകർന്ന മേഖലാ ഇജ്ത്തിമാകൾ

**സാഗർ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കർണ്ണാടക മേഖല ഇജ്ത്തിമാ ഇവിടെ വിജയപൂർവ്വം സംഘടിപ്പിച്ചു. സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് മൗലാനാ ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ് പതാകയുയർത്തുകയും ഉദ്




ഘാടനപ്രഭാഷണം നടത്തുകയുമുണ്ടായി. മൗലാനാ മുഹമ്മദ് കലീം ഖാൻ സാഹിബ് മുബല്ലിഗ് ബാംഗ്ളൂർ തർബിയ്യത്തീ പ്രഭാഷണം നിർവ്വഹിച്ചു. മേഖലാ ഖാഇദ് ബി.മുസദ്ദിഖ് അഹ്മദ് സാഹിബ്, സാഗർ ജമാഅത്ത് പ്രസിഡണ്ട് അബ്ദുൽ ഹമീദ് ശരീഫ് സാഹിബ് തുടങ്ങിയവരും സന്നിഹിതരായിരുന്നു. ഹമാരീ തഅ്‌ലീം, ദിക്റെ ഇലാഹി എന്നീ പുസ്തകങ്ങളുടെ കന്നട പരിഭാഷ സദർ സാഹിബ് പ്രകാശനം ചെയ്തു.

അന്നു വൈകീട്ട് ചേർന്ന ഖാഇദുമാരുടെയും ഭാരവാഹികളുടെയും യോഗത്തിൽ സദർ സാഹിബ് നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ വെള്ളച്ചാട്ടമായ ജോഗ് ഫാൾസിലേക്ക് നടത്തിയ ഉല്ലാസയാത്ര ഏറെ ഹൃദ്യമായിരുന്നു. വൈജ്ഞാനിക കായിക മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. സദർ സാഹിബിന്റെയും മൗലവി കലീംഖാൻ സാഹിബിന്റെയും ഹ്രസ്വപ്രഭാഷണങ്ങൾക്കു ശേഷം സാഗർ പോലീസ് സബ് ഇൻസ്പെക്ടർ ജമാഅത്തീ പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ട് അൽപനേരം സദസ്സിനെ അഭിസംബോധന ചെയ്തു.



ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായ മൈക്ക് ഓപ്പറേറ്റർ സൗജന്യമായാണ് മൈക്കും അനുബന്ധസാധനങ്ങളും സേവനവും ഇജ്ത്തിമാക്ക് നൽകിയത്. നേരത്തെ വിളിച്ചുകൂട്ടിയ പത്രസമ്മേളനത്തിൽ പ്രമുഖ മാധ്യമപ്രതിനിധികൾ പങ്കെടുത്തു.

---

**ചെന്നൈ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ തമിഴ്നാട് ഉത്തരമേഖലാ ഇജ്ത്തിമ മേഖലാ അമീർ ബശാറത്ത് സാഹിബിന്റെ അദ്ധ്യക്ഷതയിൽ മൗലവി കെ.വി.താഹിർ അഹ്മദ് സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ചു. സദർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രതിനിധി മൗലവി എം. നാസിർ അഹ്മദ് സാഹിബ്, ചെന്നൈ മുബല്ലിഗ് മൗലവി.ഒ.എം.മുസമ്മിൽ അഹ്മദ് സാഹിബ് എന്നിവർ പ്രഭാഷണം നടത്തി.




നാഇബ് സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സി.ശമീം അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപനയോഗത്തിൽ മൗലവി എ.പി.എ.ത്വാരിഖ് അഹ്മദ് സാഹിബ്, മൗലവി അബ്ദുറഹ്മാൻ സാഹിബ്, കോയമ്പത്തൂർ സദർ സാക്കിർ ഹുസൈൻ സാഹിബ്, മേഖലാ ഖാഇദ് ഫിറോസ് ഖാൻ സാഹിബ് എന്നിവർ പ്രസംഗിച്ചു. ചെന്നൈ ഖാഇദ് സയ്യിദ് ഇബ്രാഹിം സാഹിബ് നന്ദി പറഞ്ഞു.

---

**യാദ്ഗീർ:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കർണ്ണാടക ഉത്തരമേഖലാ ഇജ്ത്തിമായിൽ സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് മൗലാനാ ഹാഫിസ് മഖ്ദൂം ശരീഫ് സാഹിബ് പതാകയുയർത്തുകയും ഉദ്ഘാടനപ്രഭാഷണം നടത്തുകയുമുണ്ടായി. മേഖലാ അമീർ സാഹിബ് അദ്ധ്യക്ഷനായിരുന്നു. നാഇബ് സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സി.ശമീം അഹ്മദ് സാഹിബ്, യാദ്ഗീർ മഖാമീ അമീർ സാഹിബ് എന്നിവർ പ്രസംഗിച്ചു.




ഖാഇദുമാരുടെയും ഭാരവാഹികളുടെയും യോഗത്തിൽ സദർ സാഹിബ് നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.സദർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രത്യേക സെഷനിൽ ജില്ലാ പോലിസ് മേധാവി പങ്കെടുക്കുകയുണ്ടായി. ഇജ്തിമായുടെ ഭാഗമായി ജില്ലാ ആസ്പത്രിയിലെ രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്യുകയുണ്ടായി.

സമാപന സെഷനിൽ സദർ സാഹിബ്, മേഖലാ മുഅ്ത്തമിദ് സാഹിബ്, മേഖലാ ഖാഇദ് സാഹിബ് എന്നിവർ പ്രസംഗിച്ചു.

---

**മധുര:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ തമിഴ്നാട് ദക്ഷിണമേഖലാ ഇജ്ത്തിമ മേഖലാ അമീർ എ.പി.വൈ അബ്ദുൽഖാദിർ സാഹിബിന്റെ അദ്ധ്യക്ഷതയിൽ നാഇബ് സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സി.ശമീം അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു.




നാഇബ് സദർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് സി.ശമീം അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമാപനയോഗത്തിൽ സദർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രതിനിധി മൗലവി എച്ച്.ശംസുദ്ദീൻ സാഹിബ്, മേഖലാ ഖാഇദ് സലീം സാഹിബ് എന്നിവർ പ്രസംഗിച്ചു.



പത്തപ്പിരിയം ഇജ്തിമ




മലപ്പുറം ജില്ലാ ഇജ്തിമ




മുംബൈ ഇജ്തിമ

# കോഴിക്കോട്, മാത്തോട്ടം ഇജ്തിമാഅ്

**മാത്തോട്ടം:** മജ്‌ലിസ് ഖുദ്ദാമുൽ അഹ് മദിയ്യായുടെയും മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെയും സംയുക്ത വാർഷിക ഇജ്തിമാഅ് മാത്തോട്ടം സദർ പി.എം. ബഷീർ സാഹിബിന്റെ അദ്ധ്യക്ഷത യിൽ അഖിലേന്ത്യാ നാഇബ് സദർ സി.ശമീം സാഹിബ് ഉദ്ഘാടനം ചെയ്തു. കെ.എസ്സ്. മുസഫർ അഹ്മദ് സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ച ഇജ്തിമാ യിൽ മൗലവി സഫർ അഹ്മദ് സാഹിബ്, കോഴിക്കോട് ജില്ലാ ഖാഇദ് ബി.എം.ശൗക്കത്തലി സാഹിബ്, മാത്തോട്ടം സയീം അൻസാറുല്ലാഹ് കെ. ഇബ്രാഹിം സാഹിബ് എന്നിവർ ആശംസാ പ്രസംഗം നടത്തി. മൗലവി മുഹമ്മദ് ഇസ്മാഈൽ സാഹിബ് (ആലപ്പുഴ) ക്ലാസെടുത്തു.



**കോഴിക്കോട്** : മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യായുടെ ഇജ്തിമാഅ് ദാറുസ്സലാമിൽ മേഖലാ അമീർ കെ.എം.അഹ്മദ് കോയ സാഹിബിന്റെ അദ്ധ്യക്ഷതയിൽ അഖിലേന്ത്യാ നാഇബ് സദർ സി.ശമീം സാഹിബ് ഉദ്ഘാടനം ചെയ്തു. അഖിൽ അഹ്സാൻ സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ച ഇജ്തിമായിൽ മജ്‌ലിസ് കോഴിക്കോട് ഖാഇദ് എം. പി.അബ്ദുൽ ലത്തീഫ് സാഹിബ് സ്വാഗതപ്രഭാഷണം ചെയ്തു. മൗലവി മുഹമ്മദ് സലീം സാഹിബ്, മൗലവി മുഹമ്മദ് ആരിഫ് സാഹിബ് എന്നിവർ തർബ്ബിയ്യത്ത് ക്ലാസ് നൽകി. കോഴിക്കോട് ജില്ലാ ഖാഇദ് ബി.എം.ശൗക്കത്തലി സാഹിബ് എല്ലാ തിഫിലുകൾക്കും സമ്മാനം നൽകി.




**കോഴിക്കോട്** : മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ വാർഷിക ഇജ്തിമാഅ് മേഖലാ അമീർ കെ.എം. അഹ്മദ് കോയ സാഹിബിന്റെ അദ്ധ്യക്ഷതയിൽ അഖിലേന്ത്യാ നാഇബ് സദർ സി.ശമീം സാഹിബ് ഉദ്ഘാടനം ചെയ്തു. ഹാറൂൺ സാഹിബിന്റെ തിലാവത്തോടെ ആരംഭിച്ച ഇജ്തിമായിൽ മൗലവി സലീം സാഹിബ്, ഇലാഖാ നാഇബ് ഖാഇദ് എസ്. നൗഷാദ് സാഹിബ്, കോഴിക്കോട് ജില്ലാ ഖാഇദ് ബി.എം. ശൗക്കത്തലി സാഹിബ്, എന്നിവർ ആശംസാ പ്രസംഗം നടത്തി. മൗലവി എച്ച്.ശംസുദ്ദീൻ സാഹിബ് ക്ലാസെടുത്തു.

# നേത്രചികിൽസാ ക്യാമ്പ്



**കാവശ്ശേരി** : മജ്‌ലിസ് അൻസാറുല്ലാഹ് പാലക്കാട് മേഖലയുടെ ആഭിമുഖ്യത്തിൽ കോയമ്പത്തൂർ അരവിന്ദ് കണ്ണാശുപത്രിയുടെ സഹകരണത്തോടെ കാവശ്ശേരി ഏ.എൽ.പി സ്കൂളിൽ സംഘടിപ്പിച്ച നേത്രചികിൽസാ തിമിര ശസ്ത്രക്രിയാ ക്യാമ്പ് മേഖലാ അമീർ പ്രൊഫ. എം. കെ. അബ്ദുൽ കരീം സാഹിബിന്റെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് പ്രസിഡന്റ് എൻ.അശോകൻ ഉദ്ഘാടനം ചെയ്തു. ക്യാമ്പ് ജനറൽ കൺവീനർ എച്ച്.സുലൈമാൻ സാഹിബ് സ്വാഗതവും മജ്‌ലിസ് അൻസാറുല്ലാഹ് മേഖാലാ നാസിം എം.താജുദ്ദീൻ സാഹിബ് നന്ദിയും പറഞ്ഞു. മൗലവി.അസീസ് അഹ്മദ് സാഹിബ് അസ്ലം തിലാവത്തും മൗലവി.നസീം അഹ്മദ് സാഹിബ് പരിഭാഷയും കേൾപ്പിച്ചു. 200ൽ പരം ആളുകൾ പങ്കെടുത്തു. ശസ്ത്രക്രിയക്ക് തിരഞ്ഞെടുക്കപ്പെട്ട 15പേരെ കോയമ്പത്തൂരിലേക്ക് കൊണ്ടുപോയി. ശസ്ത്രക്രിയയും യാത്രാചെലവും ആശുപത്രി വക തികച്ചും സൗജന്യമാണ്.



**കടലായി കടപ്പുറത്തു വച്ച് നടത്തിയ ഖിലാഫത്ത് ദിനയോഗവും കൂലുജമീഅയും**




**ശാന്തിസമ്മേളനം,ഭഗൽപ്പൂർ**



**പീസ് കോൺഫറൻസ്,ഡൽഹി**



**കോഴിക്കോട് ജില്ലാ ആമില റീഫ്രഷർ കോഴ്സ്**




**സീറത്തുനബിസമ്മേളനം,ചെന്നൈ**



**മാത്തോട്ടം ഖുദ്ദാമുൽ അഹ്മദിയ്യാ വിനോദയാത്രയിൽ**

# ഫിജി

തഹ്‌രീക് ജദീദ്: സുവർണമുദ്രകൾ

സമ്പാദക: എസ്. സുൽത്താന

ചൗധരി കാക്കെ ഖാൻ സാഹിബിന്റെ മകനായ ചൗധരി അബ്ദുൽ ഹക്കീം സാഹിബ് മുഖേനയാണ് ജമാഅത്ത് ഫിജിയിൽ അവതരിപ്പിക്കപ്പെട്ടത്. അദ്ദേഹം 1925ൽ കച്ചവടാവശ്യാർത്ഥം അവിടെ സന്ദർശനം നടത്തിയിരുന്നു. 1960 ഒക്ടോബർ 6ന്, ആദ്യത്തെ അഹ്‌മദിയ്യാ മിഷനറി ഷെയ്ക്ക് അബ്ദുൽ വാഹിദ് സാഹിബ് ഈ രാജ്യത്ത് എത്തി. 1960 നവംബർ 10ന് ജമാഅത്ത് ഔപചാരികമായി രജിസ്റ്റർ ചെയ്യപ്പെട്ടു. 1961 ഡിസംബറിൽ, ഫിജിയുടെ തലസ്ഥാനമായ സുവാവയിൽ ഒരു കെട്ടിടം വാടകക്ക് എടുക്കുകയും ജമാഅത്തിന്റെ മിഷൻ ഹൗസ് സ്ഥാപിക്കുകയും ചയ്തു.



**1961 ജൂണിൽ അൽ ഇസ്‌ലാം എന്ന ഒരു മാസിക ആരംഭിച്ചു.** 1963ൽ ജമാഅത്ത് ഒരു വീട് വാങ്ങുകയും, ചില മാറ്റങ്ങൾ വരുത്തിയ ശേഷം അത് പള്ളിയായി ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തു. പിന്നീട്, ജമാഅത്തിന്റെ അംഗസംഖ്യ കൂടിയത്കൊണ്ട് ഒരു വലിയ പള്ളി ആവശ്യമായി വരികയും അങ്ങനെ 1974ൽ ഈ മസ്ജിദ് പുതുക്കിപ്പണിയാനുള്ള ജോലികൾ ആരംഭിച്ചു.

1974 ഡിസംബർ 8ന്, പുതിയ കെട്ടിടത്തിന് തറക്കല്ലിട്ടു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ (റഹ്) ഈയവസരത്തിൽ ഫിജി ജമാഅത്തിന് ഒരു സന്ദേശം അയച്ചു.

**"എന്റെ പ്രിയ സഹോദരങ്ങളെ, അസ്സലാമു അലൈക്കും. പുതിയ തറക്കല്ലിടുന്നതിന്റെ എല്ലാ ജോലികളും ചെയ്തത് ജമാഅത്തിലെ അംഗങ്ങളാണ് എന്ന് അറിഞ്ഞതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു. ഇന്ന് നിങ്ങൾ മസ്ജിദിന് വേണ്ടി തറക്കല്ലിടുകയാണ്. അല്ലാഹു ജമാഅത്തിന് വേണ്ടി മാത്രമല്ല, ഫിജിയിലെ എല്ലാ ജനങ്ങൾക്ക് വേണ്ടിയും ഈ ദിവസത്തെ അനുഗ്രഹിക്കട്ടെ."**

**1967** മാർച്ചിൽ നൂറുൽ ഹക്ക് സാഹിബ് അൻവർ അഹ്‌മദിയ്യാ മിഷനറി ഇൻ ചാർജ്ജായി ഫിജിയിലെത്തി. **1967** ജൂണിൽ, ജമാഅത്ത് മൂന്ന് ഭാഷകളിലായി "ദ് മുസ്‌ലിം ഹാർബിങ്ങർ" എന്ന ഒരു ത്രൈമാസിക ആരംഭിച്ചു. **1964** ൽ, ജമാഅത്തിന്റെ ക്ഷണം സ്വീകരിച്ച് പ്രധാനമന്ത്രി രാതു മാരയും അദ്ദേഹത്തിന്റെ പത്നിയും അഹ്‌മദിയ്യാ മിഷൻ ഹൗസ് സന്ദർശിച്ചു. തദവസരത്തിൽ, മൗലാനാ ഷെയ്ഖ് അബ്ദുൽ വാഹിദ് സാഹിബ് അദ്ദേഹത്തിന് വിശുദ്ധ ഖുർആനും അതിനോടൊപ്പം ജമാഅത്തിന്റെ മറ്റു സാഹിത്യങ്ങളും സമ്മാനിച്ചു.

**1971** സെപ്റ്റംബർ 3ന് തോങ്ങ് ദ്വീപിലെ രാജാവ് തൗഫ അഹൗ തുപു രാജ്യത്ത് എത്തി. മൗലവി മുഹമ്മദ് സാദിഖ് സാഹിബ് അദ്ദേഹത്തിന് വിശുദ്ധ ഖുർആനും ജമാഅത്തിന്റെ മറ്റു പ്രസിദ്ധീകരണങ്ങളും സമ്മാനിച്ചു. **1973**ൽ മൗലവി മുഹമ്മദ് സാദിഖ് അമൃത്സരി സാഹിബും മൗലവി ഗുലാം അഹ്‌മദ് സാഹിബും രാജ്യത്തെ പ്രധാനമന്ത്രിയെ സന്ദർശിച്ച് അദ്ദേഹത്തിന് വിശുദ്ധ ഖുർആൻ സമ്മാനിച്ചു. ഫിജിയൻ ഭാഷയിലേക്കുള്ള വിശുദ്ധ ഖുർആൻ തർജ്ജമയുടെ ജോലികൾ 1963ൽ ആരംഭിച്ചു. പുനഃപരിശോധനകൾക്ക് ശേഷം 1985ൽ അത് പ്രസിദ്ധീകരിച്ചു. **1980** ഫെബ്രുവരി 27ന്, ഹാഫിസ് മാലിക് അബ്ദുൽ ഹഫീസ് സാഹിബ് മിഷനറിയായി ഫിജിയിലെത്തി. പക്ഷേ, ഒന്നര വർഷത്തിന് ശേഷം അദ്ദേഹം ഒരു റോഡപകടത്തിൽ വഫാത്തായി *(ഇന്നാലില്ലാഹി..)*.


**1983** സെപ്റ്റംബർ 16നും 25നും ഇടയിൽ ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്മ..) രാജ്യം സന്ദർശിച്ചു. സെപ്റ്റംബർ 17 നന്ദി ജമാഅത്തിന് ചരിത്രപരമായ ഒരു ദിവസമായിരുന്നു, എന്തെന്നാൽ ഖലീഫത്തുൽ മസീഹ് അവരോടൊപ്പം പെരുന്നാൾ ആഘോഷിച്ചു.

സെപ്റ്റംബർ 19ന്, ഹുസൂർ താൽകാലിക പ്രധാനമന്ത്രിയായ **മി. എഡ്വാർഡ് ബെഡോർസിനെ** സന്ദർശിച്ചു. സെപ്റ്റംബർ 20ന് ഹുസൂർ മജ്‌ലിസ് മുഷാവറത്തിൽ സംബന്ധിച്ചു. **സെപ്റ്റംബർ 22ന്** , ഹുസൂർ സമയരേഖ സന്ദർശിക്കാനായി പാവെ ഉന്നിയിൽ പോയി. അവിടെ എത്തിയപ്പോൾ ഹുസൂർ പറഞ്ഞു. **മസീഹ് മൗഊദിന്റെ പ്രവചനം വളരെയധികം പ്രാവശ്യം പൂർത്തിയായി. മാത്രമല്ല, ഒരോ പ്രാവശ്യവും വളരെ പ്രതാപത്തോടെയാണ് അവ പ്രത്യക്ഷമായത്. എന്റെ ഹൃദയം കൃതജ്ഞത കൊണ്ട് നിറഞ്ഞിരിക്കുകയാണ്. എന്റെ ആത്മാവ് അല്ലാഹുവിൽ സമർപ്പിക്കുന്നു, എന്തെന്നാൽ പ്രവചനപൂർത്തീകരണത്തിന് ഞാൻ സാക്ഷിയായി. വാഗ്ദത്ത മസീഹിന്റെ സന്ദേശം തീർച്ചയായും ഭൂമിയുടെ വിവിധ കോണുകളിൽ എത്തിച്ചേർന്നിരിക്കുന്നു. സമയരേഖ കാരണം ഈ രാജ്യം അക്ഷരാർത്ഥത്തിൽ ഭൂമിയുടെ ഒരു കോൺ തന്നെയാണ്**".

സെപ്റ്റംബർ 25ന്, ഹുസൂർ ലതുവിലേക്ക് പോവുകയും അവിടെ റദ്‌വാൻ പള്ളിക്ക് തറക്കല്ലിടുകയും ചെയ്തു.

**1989** ജൂലൈ 11നും 14നും ഇടയിൽ ഹുസൂർ വീണ്ടും ഫിജി സന്ദർശിച്ചു. ജൂലൈ 11ന്, ഹുസൂർ രാജ്യത്തെ പ്രസിഡണ്ട് രതു പെനയ്അ ഗനിലൗയെ അദ്ദേഹത്തിന്റെ സ്വകാര്യ രാജകീയ വസതിയിൽ സന്ദർശിച്ചു. ഹുസൂർ പ്രധാനമന്ത്രി സർ കാ ഇസൈസെ മാരയെയും സന്ദർശിച്ചു.

ഹുസൂർ പറഞ്ഞു **"ഫിജി ഒരു വലിയ രാജ്യമല്ല. ഒരു ചെറിയ പ്രയത്നം കൊണ്ട് രാജ്യത്തെ മുഴുവനും പരിശുദ്ധ പ്രവാചകരായ മുഹമ്മദ് (സ) മിന്റെ ദാസന്മാരാക്കി മാറ്റാൻ കഴിയും."**





**2006** ഏപ്രിൽ 25നും മേയ് 5നും ഇടയിൽ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹു..) ഫിജി സന്ദർശിച്ചു. ഏപ്രിൽ 27ന് ഹുസൂർ താൽകാലിക പ്രസിഡണ്ടിനെ സന്ദർശിച്ചു. ഫിജിയിലെ വാർഷിക ജലസ ഏപ്രിൽ 287ന് ആരംഭിച്ചു. ജലസയുടെ നടപടിക്രമങ്ങൾ ഹുസൂർ ജുമുഅ ഖുത്ബയോട് കൂടി ആരംഭിച്ചു. അന്നത്തെ ദിവസത്തെ ആദ്യത്തെ ജുമുഅ ഖുത്ബ അതായിരുന്നു, കാരണം, ലോകത്തിന്റെ ബാക്കി ഭാഗങ്ങളിൽ അതിന് ശേഷമാണ് ഖുത്ബ ചെയതത്. എന്തെന്നാൽ, ആ ഖുത്ബ സമയരേഖയിൽ വെച്ചായിരുന്നു ചെയ്തത്, എവിടെ നിന്നാണോ സമയം തുടങ്ങുന്നത് അവിടെ വെച്ച്.

**മേയ് 2ന്** ഹുസൂർ സമയരേഖ സന്ദർശിക്കുന്നതിനായി തവുനിയിൽ പോയി. ഒരു അഭിമുഖത്തിൽ ഹുസൂർ പറഞ്ഞു. **"ഇത് രാജ്യത്തേക്കുള്ള എന്റെ ആദ്യ സന്ദർശനമാണ്. നമ്മുടെ ജമാഅത്തിലെ ആളുകളെ കാണാനായിട്ടാണ് ഞാൻ ഇവിടെ എത്തിയത്. അവർക്ക് എന്നെ കാണുന്നത് സന്തോഷമാണ്, എനിക്ക് അവരെ കാണുന്നതും സന്തോഷമാണ്. "**

**ഏപ്രിൽ 29ന്**, വാർഷിക ജലസയുടെ സമാപനയോഗത്തിൽ ഹുസൂർ പ്രഭാഷണം നടത്തി. മേയ് 3ന്, ഹുസൂറിനായി ഒരുക്കിയ യാത്രയയപ്പ് യോഗത്തിൽ ഹുസൂർ പറഞ്ഞു. ഞാൻ ഇവിടെ വന്നു, നിങ്ങളുടെ ജലസയിൽ പങ്കെടുത്തു, കുറച്ചു പ്രഭാഷണങ്ങൾ നടത്തി. എന്നാൽ, ഞാൻ ഉപദേശിച്ചതനുസരിച്ച് നിങ്ങൾ പ്രവർത്തിക്കുന്നില്ലെങ്കിൽ, അവയെല്ലാം വ്യർഥവിലാകും. ജമാഅത്ത് സ്വീകരിച്ചതിനു ശേഷം നിങ്ങളുടെ വ്യക്തിത്വത്തിന് എന്ത് മാറ്റങ്ങളാണ് ഉണ്ടായതെന്ന് നിങ്ങൾ ഇവിടുത്തെ ജനങ്ങളോട് പറയുക. നിങ്ങൾ മുൻപുണ്ടായിരുന്നതിനേക്കാൾ ദൈവവുമായി കൂടുതൽ അടുത്തിരിക്കുന്നെന്നും ഇപ്പോൾ നിങ്ങൾ മറ്റുള്ള ജനങ്ങളുടെ അവകാശങ്ങളെ കുറിച്ച് ബോധവാന്മാരാണെന്നും അവരോട് പറയുക. നിങ്ങളെ തന്നെ മാറ്റിയെടുക്കുക, അത് മറ്റുള്ളവർ അറിയട്ടെ. അല്ലാഹു നിങ്ങളെ സഹായിക്കട്ടെ. **ആമീൻ**."

ആരോഗ്യം





ചൗധരി ഖാലിദ് സയഫുല്ലാഹ് ഖാൻ ആസ്ത്രേലിയ

# വെള്ളവും ശരീരവും



**മനുഷ്യശരീരത്തിൽ വെള്ളത്തിന്റെ കുറവ് കുറേയേറെ പ്രയാസങ്ങൾക്ക് കാരണമാകാറുണ്ട്. ഈ കുറവ് തുടർന്നാൽ മനുഷ്യൻ മരണത്തിന് വരെ വിധേയനാവുന്നതാണ്. മനുഷ്യന്റെ ആരോഗ്യത്തിന്റെ രഹസ്യം ശരീരത്തിലെ വെള്ളത്തിന്റെയും ഉപ്പിന്റെയും രാസപദാർഥങ്ങളുടെയും സന്തുലനമാണ്.**





HUMAN BODY
WATER
REQUIREMENT

ശരീരം പുറം തള്ളുന്ന അത്രയെങ്കിലും വെള്ളം ശരീരത്തിലേക്ക് കയറ്റിയില്ലെങ്കിൽ ശരീരത്തിൽ എന്തെങ്കിലുമൊക്കെ രോഗങ്ങൾ ഉണ്ടാവുന്നതാണ്. ഗവേഷകർ പറയുന്നത്, വെള്ളം കഴിക്കുന്നതിൽ കുറവ് സംഭവിക്കുമ്പോൾ അത് പല രോഗങ്ങൾക്കും നിമിത്തമാവുന്നതാണ്.

**ആസ്ത്മ, പ്രഷർ, അൾസർ,അഞ്ചയ്ന, തലവേദന, സന്ധിവേദന, Colitis, Stress , പ്രമേഹം, പൊണ്ണത്തടി** എന്നിവ ഇതിൽ ഉൾപ്പെടുന്നു. അത് പിന്നീട് അലർജിയായിത്തീരുകയും ചെയ്യുന്നു.



ശരീരത്തിലെ **Cells** വെള്ളത്തിന്റെ കുറവ് നികത്താൻ പല രീതിയിലും പ്രതികരിക്കാറുണ്ട്. അത് പലപ്പോഴും മാരകരോഗങ്ങൾക്ക് കാരണമാകുന്നു. ഇതിനെ **അലർജറ്റിക് റിയാക്ഷൻ** എന്നു പറയുന്നു.

**ലേഖകൻ ചൗധരി ഖാലിദ് സയ്ഫുല്ലാഹ് ഖാൻ സാഹിബ് ആസ്ത്രേലിയ നായിബ് അമീറും, മികച്ച വാഗ്മിയും, എഴുത്തുകാരനും, ജമാഅത്തിലെ അറിയപ്പെടുന്ന പണ്ഡിതനുമാണ്. ഖാദിയാനിൽ ജനിച്ച ഇദ്ദേഹം പിന്നീട് പാക്കിസ്ഥാനിലേക്ക് കുടിയേറി ഗവർമെന്റ് സർവീസിൽ നിന്ന് വിരമിച്ചതിനു ശേഷം 1990കളിൽ ആസ്ത്രേലിയയിലെത്തി. കോഴിക്കോട് നിന്ന് പ്രസിദ്ധീകരിച്ചിരുന്ന മിനാരത് മാസികയുടെ സ്ഥിരം വായനക്കാരനായിരുന്നു.**

# DOLPHIN





**ശാസ്ത്രജ്ഞമാർ പറയുന്നത് ഡോൾഫിൻ തവളയുടെ പ്രത്യേകതകളുള്ളതും പുലിയുടെ ശരീരവുമുള്ള മൃഗമായിരുന്നുവെന്നും ആദ്യകാലത്ത് കരയിൽ ജീവിച്ച ഇവയുടെ ഭക്ഷണം സമുദ്രത്തിൽ നിന്നായിരുന്നുവെന്നുമാണ്. ചുറ്റുപാടുകളാണ് അവയെ ജലജീവിയാക്കിമാറ്റിയത്. അങ്ങിനെ പതിയെ പതിയെ കാലുകൾ ഇല്ലാതാവുകയും തൽസ്ഥാനത്ത് ചിറകുകൾ വരുകയും ചെയ്തുവത്രെ. അതുപോലെതന്നെ മൂക്ക് മുകൾഭാഗത്തേക്ക് മാറുകയുമുണ്ടായി.**



അതുകൊണ്ട്തന്നെ ഡോൾഫിൻ ഏകദേശം 10മിനിട്ട് കൂടുമ്പോൾ ശ്വാസമെടുക്കാൻ മുഖം വെള്ളത്തിന് പുറത്തേക്ക് നീട്ടാറുണ്ട്.

**ഇതിന്റെ കണ്ണുകൾ റഡാറുപോലെയാണ്.**
അതിന്റെ തലച്ചോറിൽ നിന്നുള്ള തരംഗങ്ങളെ കണ്ണുകൾ ഒരുമിച്ച് കൂട്ടുകയും കണ്ണുകളുടെ സഹായത്തോടെ തരംഗങ്ങളെ പുറത്തേക്ക് വമിപ്പിക്കുകയും ചെയ്യുന്നു. ഡോൾഫിനുകൾ, ഈ തരംഗങ്ങൾ മുഖേനയാണ് ആശയവിനിമയം നടത്തുന്നതും.

ഡോൾഫിൻ പ്രസവിക്കുകയും, കുഞ്ഞുങ്ങളെ മുലയൂട്ടുകയും ചെയ്യുന്നു.
ഇതിന്റെ ചിറകുകൾ എക്സറേ എടുത്തപ്പോൾ മനുഷ്യന്റെ കൈകൾ പോലെയാണ് കാണപ്പെട്ടത്.


അതിന്റെ വാൽ ബലവത്താണ്.
വാലിൽ നേരെ നിന്ന് കൊണ്ട് പുറകോട്ട് പത്ത് മീറ്റർ വരെ ഇതിന് ഓടാൻ കഴിയും.



ഡോൾഫിൻ പല തരമുണ്ട്. അതിൽ വെള്ള ഡോൾഫിൻ വംശനാശഭീഷണിയിലാണ്. വെള്ളഡോൾഫിൻ ചൈനയിൽ മാത്രമേ കാണപ്പെടുന്നുള്ളൂ. ഇതിനെ വേട്ടയാടുന്നത് അന്താരാഷ്ട്രതലത്തിൽ തന്നെ നിരോധിച്ചിട്ടുണ്ട്.

*തശ്ഹീദുൽ അദ്ഹാൻ മാസിക. റബ്‌വ*

Chairman Management & Editorial Board : C. Zameem

Printer & Publisher : T.K.Mushtaq Ahmad
Manager : B.M.Shoukath Ali
Layout : Quraish
Chief Editor : H.Shamsuddin
Editor : T.K.Mubashir Ahmad
Members : T.M.Abdul Mujeeb, K.Najmuddin

Not for Sale, Circulation among members only

Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut